2010 മെയ്
ഹി.ശ 1389 - ഹിജ്റത്ത്
1431 റബിഉൽ അവ്വൽ - റബിഉൽ ആഖർ
പുസ്തകം 82 ലക്കം 5
വരിസംഖ്യ 150 ക.
ഒറ്റപ്രതി 15 ക.

لا إله إلا الله محمد رسول الله

# സത്യദൂതൻ

സ്ഥാപിതം 1925

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

## ഉള്ളടക്കം

4 യുഗശബ്ദം

5 മുഖക്കുറിപ്പ് -
എതിർപ്പ്: സത്യാത്മാക്കളുടെ സത്യസാക്ഷ്യം

6 വിശ്വാസവും സുനിശ്ചിതാവസ്ഥയും
ഹദ്റത്ത് അഹ്മദ് (അ)

ഖുത്ബ

7 ഉത്തരവാദിത്ത്വങ്ങൾ തിരിച്ചറിയുക
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

10 സ്വർഗ്ഗമെവിടെയാണ്? നരകമെവിടെ യാണ്? പുനർജന്മം ഉണ്ടോ?
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

11 'അല്ലാഹു' എന്ന പദം അന്യമതസ്ഥർക്ക് ഉപയോഗിച്ചുകൂടേ?
സാറാ വസിം

15 ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) സമ്പൂർണ്ണ മാതൃക
മഹ്മൂദ് കൽക്കുളം

18 മരണവും മരണാനന്തരജീവിതവും പരിസമാപ്തിയോ?
ആസിം അഹ്മദ്, കളിയക്കാവിള

21 സ്വന്തം കുഴിയിൽ വീണ 'ജമാഅത്തെ ഇസ്‌ലാമി'
പി.എ. മുഹമ്മദ് സലീം, കൊടുങ്ങല്ലൂർ

25 ആരാണ് ബ്രിട്ടീഷ് വൈതാളികർ?
അബ്ദുറഹ്മാൻ, കൊടിയത്തൂർ

29 ആരാണ് ബ്രിട്ടീഷ് ഏജൻറ്?
ബി.എ. മുഹമ്മദ് നജീബ്, എറണാകുളം

31 ഇബ്നു അറബി (1165-1240) : സൂഫിയും ജ്ഞാനിയും (തുടർച്ച)
സക്കരിയ്യാ വിർക്ക് - കാനഡ

34 ആറ്റംബോംബ് മുതൽ ഇസ്രയേൽ രൂപീകരണം വരെ
ഏ.ക്യു. മഹ്ദി

കുറിപ്പുകൾ

37 കേരളത്തിലെ ഇസ്‌ലാമിക് ബാങ്ക്

40 വാർത്തകൾ, അനുസ്മരണം

| | | | |
|---|---|---|---|
| ചീഫ് എഡിറ്റർ | : | മുഹമ്മദ് ഇസ്മായിൽ | Mob: 9446656123 |
| എഡിറ്റർ | : | ഏ. എം. മുഹമ്മദ് സലിം | Mob: 9895263384, E-mail: salimqld@yahoo.in |
| മാനേജർ | : | അഹ്മദ് ഹസ്സൻ | Mob: 9446482108 |

അസി. മാനേജർ
കെ.എം. അഹ്മദ് കോയ

സർക്കുലേഷൻ മാനേജർ
എസ്. മുഹമ്മദ് സലിം

എഡിറ്റോറിയൽ ബോർഡ്
പ്രൊഫ. മഹ്മൂദ് അഹ്മദ്
കെ.വി. ഈസക്കോയ
കെ.വി. ഹസ്സൻകോയ
പി.എം. ബഷീർ അഹ്മദ്
ഐ.കെ. അഹ്മദ് കുട്ടി

*വിലാസം*
സത്യദൂതൻ, ജി. എച്ച്. റോഡ്, കോഴിക്കോട്.
ഫാക്സ് : 0495 - 2721609
e-mail: sathyadoothan@ahmadiyya.com

Printed & Published by M.A. Muhammed, for the Kerala Ahmadiyya Muslim Jama-at at Geethanjali Offset Printers, Kundayithode, Feroke, Kozhikode
Published at BAITHUL Quddus, G.H. Road, Kozhikode, Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, Calicut

## ഖുർആനിൽ നിന്ന്

തത്ത്വജ്ഞാനവും സദുപദേശവും കൊണ്ട് നിന്റെ നാഥന്റെ മാർഗത്തിലേക്ക് നീ ക്ഷണിക്കുക. ഏറ്റവും ഉൽകൃഷ്ടരീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക.

(16:126)

## നബിവചനം

ഒരാളുടെ പ്രാർത്ഥനയുടെ ദൈർഘ്യവും ഭാഷണത്തിന്റെ ഹ്രസ്വതയും അയാളുടെ ഔന്നത്യം വെളിപ്പെടുത്തുന്നു. നിങ്ങളുടെ പ്രാർത്ഥന ദീർഘിപ്പിക്കുകയും സംസാരം ചെറുതാക്കുകയും ചെയ്യുക.

***(ബുഖാരി, മുസ്‌ലിം)***

**യുഗശബ്ദം**

# മുഹമ്മദ് നബി(സ) വരുത്തിയ പരിവർത്തനം

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**



ഈ പരിപൂർണ്ണമായ പരിഷ്കരണം തിരുമേനിയുടെ മാത്രം സവിശേഷമായ ഒരു നേട്ടമാകുന്നു. അവിടുന്നു മൃഗപ്രായരായ, കിരാതരായ ഒരു ജനവിഭാഗത്തിന്നു മനുഷ്യത്വം പഠിപ്പിച്ചു. അല്ലെങ്കിൽ അദ്ദേഹം മൃഗസമാനരെ മനുഷ്യരാക്കി മാറ്റിയെന്നു പറയാം. പിന്നെ, ആ മനുഷ്യരെ വിജ്ഞരാക്കി. വിജ്ഞരായ മനുഷ്യരെ അവിടുന്നു ദൈവമനുഷ്യരാക്കി മാറ്റുകയും ആത്മീയ ചൈതന്യം അവരിൽ ഊതിനിറക്കുകയും സത്യദൈവവുമായി അവരെ അടുപ്പിക്കുകയും ചെയ്തു. അവർ ദൈവമാർഗ്ഗത്തിൽ ആടുമാടുകളെപോലെ അറുത്തിടപ്പെട്ടു. എറുമ്പുകളെപ്പോലെ കാലടികൾക്കടിയിൽ ചതച്ചരയ്ക്കപ്പെട്ടു. എങ്കിലും, അവർ സത്യവിശ്വാസം കൈവെടിഞ്ഞില്ല. എല്ലാ കഷ്ടപ്പാടുകളിലും വിപത്തുകളിലും അവർ മുന്നോട്ടു മുന്നോട്ടു കാൽവച്ചു. ചുരുക്കത്തിൽ, നമ്മുടെ നബിനായകർ(സ) ആത്മീയത പുനഃസ്ഥാപിച്ചുറപ്പിക്കുന്നതിൽ രണ്ടാം ആദം ആയിരുന്നു. എന്നല്ല, യഥാർത്ഥ ആദം അവിടുന്നുതന്നെ ആയിരുന്നു എന്നു പറയണം. അവിടുത്തെ ജീവിതത്തിൽ കുട്ടിക്കാലം തുടങ്ങി സകല മാനുഷിക അനുഗ്രഹങ്ങളും പരിപൂർണ്ണത പ്രാപിച്ചിരുന്നു. സകല സൽഭാവങ്ങളും അവിടുത്തെ ജീവിതത്തിൽ സക്രിയമാവുകയും മനുഷ്യപ്രകൃതിയിലെ ഒരു ശാഖയും നിഷ്ക്രിയമല്ലാതിരിക്കയും ചെയ്തു.

*(ലക്ച്ചർ സിയാൽകോട്ട്)*

മുഖക്കുറിപ്പ്

# എതിർപ്പ്: സത്യാത്മാക്കളുടെ സത്യസാക്ഷ്യം

അല്ലാഹു അയക്കുന്ന ദിവ്യാത്മാക്കളെ ഒരിക്കലും ലോകം ഇരുകൈകളും നീട്ടി സ്വീകരിക്കാറില്ല. ഏകനായിക്കൊണ്ടാണ് അവർ രംഗപ്രവേശം ചെയ്യുക. വിശുദ്ധ ഖുർആനിലെ പ്രവാചകവൃത്താന്തങ്ങൾ ഈ യാഥാർത്ഥ്യം വെളിപ്പെടുത്തുന്നു. അവരിൽ മിക്കവരും ഭൗതികവിരക്തരായി ദൈവത്തിൽ ലയിച്ച് അജ്ഞാതനാമാവായി കഴിയാനാഗ്രഹിച്ചവരാണ്. ആ ദിവ്യാത്മാക്കളെ ദൈവമാണ് ദൗത്യം ഏല്പിച്ച് എഴുന്നേൽപ്പിക്കുന്നത്. റസൂൽ തിരുമേനിയോട് അല്ലാഹു പറഞ്ഞു:

**'ഹേ മൂടിപ്പുതച്ചുകിടക്കുന്നവനേ, എഴുന്നറ്റ് മുന്നറിയിപ്പ് നൽകുക'** (74: 2-3)

പിന്നീട് എതിർപ്പിന്റെ അഗ്നിപരീക്ഷകൾ സൃഷ്ടിക്കപ്പെടുകയും ദുരാരോപണങ്ങളും വ്യാജപ്രചാരണങ്ങളും പരിഹാസങ്ങളും അവർക്കെതിരിൽ ഉന്നയിക്കപ്പെടുകയും ചെയ്യുന്നു. കാലാകാലങ്ങളിലായി ആവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ ചരിത്രയാഥാർത്ഥ്യത്തെപ്പറ്റി ഖുർആൻ പറയുന്നു:

**'നിങ്ങൾക്ക് മുമ്പുള്ള പ്രവാചകന്മാരെപ്പറ്റി പറയപ്പെട്ടിട്ടുള്ളതല്ലാതെ നിങ്ങളെ സംബന്ധിച്ചും പറയപ്പെടുന്നില്ല' (41:44). 'നിന്നെ അവർ കള്ളവാദിയാക്കിത്തള്ളിയെങ്കിൽ നിനക്ക് മുമ്പു ദൃഷ്ടാന്തങ്ങളോടും തിരുവെഴുത്തുകളോടും വ്യക്തമായ ഗ്രന്ഥത്തോടും കൂടെ വന്ന പ്രവാചകന്മാരും കള്ളന്മാരാക്കപ്പെട്ടിരുന്നു. (3:184)**

അല്ലാഹു അയക്കുമെന്ന് റസൂൽ തിരുമേനി(സ) വാഗ്ദാനം ചെയ്ത വാഗ്ദത്ത മസീഹിനെ സംബന്ധിച്ച ചരിത്രവും പ്രവാചക ചരിത്രങ്ങളിൽ നിന്നും വ്യത്യസ്തമല്ല.

**'അല്ലാഹു അദ്ദേഹത്തിനുശേഷം ഒരിക്കലും ഒരു ദൂതനെ അയക്കുകയില്ല (40:35). അല്ലാഹു ഒരിക്കലും ആരേയും നിയോഗിക്കുകയില്ല** (72:8) **നീ മാരണം ചെയ്യപ്പെട്ടവരിൽ (മുസഹ്ഹർ - മറ്റുള്ളവർക്ക് വേണ്ടി കോഴ വാങ്ങി പ്രവർത്തിക്കുന്നവൻ) ആണ് (26:154).** മുതലായ, ഖുർആൻ വിവരിക്കുന്ന ശത്രുക്കളുടെ ആരോപണങ്ങൾ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദി(അ)നെതിരേയും ഉന്നയിക്കപ്പെടുന്നു.

ഉച്ചസൂര്യനെപ്പോലെ ഉജ്ജ്വലമായി പ്രകാശിക്കുന്ന വാഗ്ദത്ത മസീഹിന്റെ സത്യസാക്ഷ്യം ഉലമാക്കന്മാർ തങ്ങളുടെ എതിർപ്പിന്റെ കീറക്കുട കൊണ്ട് മറക്കാൻ ശ്രമിക്കുകയാണ്. പക്ഷേ, ഈ വ്യാജപ്രചാരണങ്ങൾകൊണ്ടൊന്നും വാഗ്ദത്ത മസീഹിനെ തിരിച്ചറിയുന്നതിൽ നിന്നും സത്യാന്വേഷികളെ അവർക്ക് തടയാൻ സാധ്യമല്ല. അല്ലാഹു പറയുന്നു:

**'തങ്ങളുടെ വായ കൊണ്ട് അല്ലാഹുവിന്റെ പ്രകാശം ഊതിക്കെടുത്തിക്കളയുന്നതിന് അവരുദ്ദേശിക്കുന്നു. എന്നാൽ സത്യനിഷേധികൾ വെറുത്താലും അല്ലാഹു തന്റെ പ്രകാശത്തെ പൂർത്തിയാക്കുന്നവൻ തന്നെയാണ്.'** (61:9)

ഹദ്റത്ത് അഹ്മദ് (അ)

ലേഖനം

# വിശ്വാസവും സുനിശ്ചിതാവസ്ഥയും

അറിയുക. വിശ്വാസം എന്നാൽ ഒരു പ്രവാചകന്റെ സന്ദേശസ്വീകരണത്തിന്റെ ആത്മാർ ത്ഥമായ പ്രഖ്യാപനമാണ്. ഇത് സാത്വികതയുടെ വിവേകപൂർണ്ണമായ മുൻകരുതലിൽ നിന്ന് ഉത്ഭൂതമാകുന്നതും തികച്ചും ഉത്തമവിശ്വാസത്തിന്റെ അടിസ്ഥാനത്തിലുള്ളതുമാണ്. വ്യക്തവും പൂർണവുമായ തെളിവുകൾക്ക് വേണ്ടി കാത്തുനിൽക്കാതെ, ചില വിശ്വസനീയമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ പൂർണ്ണഹൃദയത്തോടെയുള്ള വിശ്വാസപ്രഖ്യാപനമാണ് അതെന്ന് പറയാം. സത്യത്തിന്റെ പിന്തുണക്കായി സമ്പൂർണ്ണയുക്തിയും ബുദ്ധിപരമായ വാദങ്ങളും ലഭ്യമായി വരുന്ന ഘട്ടത്തിലാണ്. ജ്ഞാനമാർഗ്ഗത്തിലുള്ള സുനിശ്ചിതാവസ്ഥ ഉണ്ടാവുന്നത്. ഈ സുനിശ്ചിതാവസ്ഥക്കിടയിൽ ദൈവം തന്റെ പ്രത്യേകമായ അനുഗ്രഹത്താൽ അസാധാരണമായ നിലയിൽ പ്രകാശപൂർണ്ണമായ മാർഗ്ഗദർശനം നൽകുന്നു. ദൈവത്തിന്റെ സ്നേഹവും അനുഗ്രഹവും കൊണ്ട് അവൻ തന്റെ സൃഷ്ടിക്ക് അവനിൽ നിന്ന് തന്നെയുള്ള യുക്തിയും ജ്ഞാനവും അനുഭവവേദ്യമാകുംവിധം ദർശനത്തിന്റേയും വെളിപാടുകളുടേയും കവാടങ്ങൾ തുറന്നിട്ടുകൊണ്ട് ദിവ്യാത്ഭുതങ്ങൾ വെളിപ്പെടുത്തും. അങ്ങനെ ദൈവം അവന്റെ പ്രേമിക്ക് തന്റെ സൗന്ദര്യം വെളിപ്പെടുത്തിക്കൊടുക്കും. മറ്റു വചനങ്ങളിൽ പറയുകയാണെങ്കിൽ, ഇത് ഉന്നതമായ ധാരണാശക്തിയുടെ ഘട്ടമാണ്. അതായത് ദൃശ്യഗോചരത്തിന്റെ സുനിശ്ചിതാവസ്ഥ എന്നു പറയാം. അതിനെ മാർഗ്ഗദർശനം എന്നും അന്തർജ്ഞാനം എന്നും കൂടി വിളിക്കാവുന്നതാണ്.

ഈ അനുഭവങ്ങളുടെയെല്ലാം അഗാധമായ ഫലമെന്താണെന്ന് വെച്ചാൽ ദൈവപ്രേമിയുടെ ഹൃദയം പ്രകാശത്താൽ പൂരിതമാകുമാറ് സ്നേഹത്താലും ഭക്തിയാലും ഹർഷോന്മാദത്തിലാവും എന്നതാണ്. സ്വർഗ്ഗീയ വെളിച്ചം പ്രേമിയുടെ ഹൃദയത്തെ ആവരണം ചെയ്യും. ഹൃദയത്തിലെ സർവ്വവിധ അന്ധകാരങ്ങളും കൃപണത്വവും ഇല്ലാതാവും. അങ്ങനെ സമ്പൂർണ്ണസ്നേഹത്തിലും ഭക്തിയിലും ആമഗ്നനാവുന്ന ദൈവപ്രേമിയുടെ ആത്മാർത്ഥതയുടേയും അനുസരണത്തിന്റേയും പരമപദത്തിൽ നിർഭാഗ്യങ്ങളും വിപൽസന്ധികളും പ്രകാശത്തിന്റെ സ്രോതസ്സുകളായും മധുരാനുഭവങ്ങളായും മാറും. ഇതൊരു വിശ്രാന്തി ഘട്ടമാണ്. അതിനെ മോക്ഷം, മുക്തി എന്നെല്ലാം വിളിക്കുന്നു. അഥവാ സുനിശ്ചിത ജ്ഞാനത്തിന്റെ സാക്ഷാത്കാരം എന്നും വിളിക്കാം.

വിശ്വാസത്തിന്റെ ഒരു ഘട്ടത്തിലാണ് ഈ യോഗ്യതകൾ പ്രദാനം ചെയ്യപ്പെടുന്നത്. ഒരാൾ തന്റെ വിശ്വാസത്തിൽ സ്ഥിതപ്രജ്ഞനായി പ്രയാണം ചെയ്യുകയാണെങ്കിൽ ഈ പദവികളിൽ എത്തിച്ചേരുന്നതാണ്. എന്നാൽ ഒരാൾ വിശ്വാസത്തിന്റെ വഴി തിരഞ്ഞെടുക്കാതെയും വിശ്വാസത്തിന്റെ വഴികളിലൂടെ സഞ്ചരിക്കാതെയും ഇത്തരം സുവ്യക്തവും സുദൃഢവും സ്ഫുടവുമായ തെളിവുകൾ ആവശ്യപ്പെടുകയാണെങ്കിൽ അതിനു വിശ്വാസത്തിന്റെ മാർഗ്ഗവുമായി യാതൊരു ബന്ധവുമില്ല. അയാൾക്ക് സർവ്വശക്തനും സ്വാശ്രയസമ്പൂർണ്ണനുമായ ദൈവത്തിന്റെ വരദാനം ഒരിക്കലും ലഭിക്കുകയില്ല.

എല്ലാകാലത്തും അല്ലാഹുവിന്റെ വഴി ഇതായിരുന്നു. ഭാഗ്യവാന്മാരായിട്ടുള്ളവർ ദൈവികതയെക്കുറിച്ച് ചിന്തിക്കാനുള്ള കാ

(ശേഷം 14 – ൽ)

ഖുത്ബ

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് V

# ഉത്തരവാദിത്ത്വങ്ങൾ തിരിച്ചറിയുക

## ഇറ്റലിയിലെ സാൻപിട്രോയിൽ 16-4-2010ൽ നടത്തിയ ഖുത്ബയുടെ പ്രസക്തഭാഗം

ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇറ്റലിയിലെ പട്ടണമായ സാൻപിട്രോയിൽ ഖുത്ബ നടത്താനുള്ള അവസരം എനിക്കു ലഭിച്ചിരിക്കുകയാണ്. ഈ രാജ്യത്ത് നിന്ന് ആദ്യമായാണ് ജുമുഅ ഖുത്ബയുടെ തൽസമയ സംപ്രേഷണം നടക്കുന്നത്. ജമാഅത്തും അംഗങ്ങളുമൊക്കെ ഉണ്ടായിട്ടും നമുക്ക് ഇവിടെ സെന്ററുകളൊന്നും ഉണ്ടായിരുന്നില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ 2 വർഷങ്ങൾക്ക് മുമ്പ് ഇവിടെ സ്ഥലം വാങ്ങാനുള്ള സാഹചര്യം ഉണ്ടായി. ഈ പള്ളി നിർമ്മിക്കാനും അല്ലാഹു തൗഫീഖു നല്കുമാറാകട്ടെ. ഇതിനിടയിൽ വരുന്ന എല്ലാ തടസ്സങ്ങളെയും അല്ലാഹു ദൂരീകരിക്കുമാറാകട്ടെ. ഇസ്ലാമിക വിരോധികൾ കാരണമായോ ഇസ്ലാമിന് ദുഷ്പേര് വരുത്തിതീർക്കുന്ന മറ്റ് മുസ്ലിം കക്ഷികളുടെ പ്രവർത്തനം കൊണ്ടോ സ്ഥലവാസികളിൽ ഇസ്ലാമിനോടുള്ള എതിർപ്പ് കഠിനതരമാണ്. അവസരം ലഭിച്ചാൽ മുസ്ലിംകൾക്ക് ദുഷ്പേരുണ്ടാക്കാൻ ഇവർ തക്കം പാർത്തിരിക്കുകയാണ്. മറ്റ് മുസ്ലിം കക്ഷികളുടെ പ്രവർത്തനം ഇവരിൽ സംസാരവിഷയമാവുകയും അത് പറഞ്ഞ് പ്രശ്നമുണ്ടാക്കുകയും ചെയ്യുന്നു. ഏതായാലും ദുആ ചെയ്യുക. അല്ലാഹു നമ്മുടെ ഈ തടസ്സങ്ങൾ നീക്കുമാറാകട്ടെ. കൂടാതെ ഇവിടെയും റോമിലും മിഷൻ ഹൗസുകൾ നിർമ്മിക്കാനുള്ള തൗഫീഖ് ലഭിക്കട്ടെ. യൂറോപ്യൻരാജ്യങ്ങളിലെ പല പട്ടണങ്ങളിലും ഇസ്ലാമിക വിരോധികളുടെ കടുത്ത എതിർപ്പുണ്ടായിട്ടും അഹ്മദിയ്യാ ജമാ അത്തിന് പള്ളികൾ നിർമ്മിക്കാനുള്ള തൗഫീഖ് ലഭിച്ചുവരികയാണ്. അവൻ നമുക്ക് വഴികൾ തുറന്ന് തരുന്നു. പല ക്ലേശങ്ങളുമുണ്ടാകാറുണ്ട്. നമുക്ക് സ്ഥലം നൽകാൻ പലരും തയ്യാറില്ലെങ്കിലും അല്ലാഹു മറ്റു പല വിധത്തിൽ സാഹചര്യങ്ങൾ ഒരുക്കുകയാണ് പതിവ്. നമ്മുടെ പ്രതീക്ഷകൾക്കതീതമായ വിധത്തിൽ അഹ് മദിയ്യാ ജമാഅത്തിന്റെ പ്രചാരണത്തിനും യഥാർത്ഥ ഇസ്ലാമിന്റെ സത്യസന്ദേശങ്ങൾ ലോകം മുഴുവൻ വ്യാപിപ്പിക്കുന്നതിനുംവേണ്ടി അല്ലാഹു നമുക്കനുകൂലമായി കാറ്റ് ചലിപ്പിക്കുകയാണ്. ഇതിൽ നമുക്ക് യാതൊരു മഹത്വവുമില്ല. ഇവിടെ നമുക്ക് എതിർപ്പുകളുണ്ടായെങ്കിലും, ഈ സെന്ററിൽ കൗൺസിലർമാർക്കും മറ്റ് സ്ഥലവാസികൾക്കും ഇസ്ലാമിനെക്കുറിച്ചും ജമാഅത്തിനെക്കുറിച്ചുമുള്ള യഥാർത്ഥ അദ്ധ്യാപനങ്ങൾ പറഞ്ഞ് കൊടുക്കാനുള്ള അവസരം ലഭിച്ചു. അതുകൊണ്ടുതന്നെ നമ്മുടെ ഈ പള്ളിക്ക് പരിസരത്തുള്ള പല ആളുകളും കൗൺസിലർമാരും നമുക്കനുകൂലമായി സംസാരിക്കുകയുണ്ടായി. മിനിഞ്ഞാന്ന് സ്ഥലത്തെ പ്രധാനപ്പെട്ട ചില വ്യക്തികൾ നമ്മുടെ റിസപ്ഷനിൽ പങ്കെടുത്തിരുന്നു. അവർ സംസാരമദ്ധ്യേ പറഞ്ഞത് ഇവിടെ ജമാഅത്തിന്റെ സെന്റർ രൂപീകരണത്തിന് യാതൊരു തടസ്സവുമുണ്ടാകരുതെന്നാണ്. കാരണം ഇപ്പോൾ ഈ പള്ളിയുടെ പരിസരവാസികൾക്ക് യാതൊരുവിധ ആക്ഷേപവുമില്ല. അവർ നമ്മെ കുറിച്ച് സമാധാനകാംക്ഷികളെന്ന് മനസ്സിലാക്കി കഴിഞ്ഞിരിക്കുന്നു. ഈ കാര്യങ്ങളെല്ലാം ഇവിടെ താമസിക്കുന്ന അഹ്മദികളിൽ ഭാരിച്ച ഉത്തരവാദിത്തമാണ് ഏൽപ്പിക്കുന്നത്. ഈ രാജ്യത്ത് ഏത് ദിക്കിൽ താമസിക്കുന്ന അഹ്മദിയായാലും മനസ്സിലാക്കേണ്ടത് നാം മുഹമ്മദീ മസീഹിനെ അനുസരിക്കുന്നവനും അദ്ദേഹത്തിന്റെ പിൻഗാമികളിൽപെട്ടവരുമാണെന്ന കാര്യമാണ്. ക്രിസ്തീയ നേതൃത്വത്തിന്റെ കേന്ദ്രമായ രാജ്യത്താണ് നിങ്ങൾ വസിക്കുന്നത്. അവരുടെ നേതൃത്വം ഭൗതികതയിൽ അധിഷ്ഠി

തമാണെങ്കിലും, പോപ്പ്മാരുടെ നേതൃത്വത്തെ വ്യവസ്ഥാപിതമായി മുന്നോട്ട് കൊണ്ടുപോകാൻ അവർ ശ്രമിച്ചു വരുന്നുണ്ട് എന്നത് വാസ്തവം തന്നെയാണ്. പോപ്പിനെ അവർ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്നു. യൂറോപ്പിലെ ഭൂരിഭാഗം ക്രിസ്ത്യാനികളും പോപ്പിനെ അനുകൂലിക്കുന്ന കത്തോലിക്കാ വിഭാഗക്കാരാണ്. ഇപ്പോൾ അല്ലാഹുവിന്റെ വിധിപ്രകാരം മുഹമ്മദീ മസീഹിലൂടെ ലോകം മുഴുവനും ഇസ്‌ലാമിന്റെ പതാക ഉയർത്താനും സത്യാത്മാക്കളെ നബി തിരുമേനിയുടെ തൃപാദങ്ങളിലേക്ക് കൊണ്ടുവരാനും വേണ്ടിയുള്ള പ്രവർത്തനമാണ് നാം നടത്തേണ്ടത്. ഇത് ഓരോ അഹ്മദിയുടേയും ഉത്തരവാദിത്തമാണന്ന് മനസ്സിലാക്കുക. ഇവിടെ നമുക്ക് സ്ഥിരമായി മുബല്ലിഗില്ല. സ്വിറ്റ്സർലാന്റിൽ നിന്നൊക്കെയാണ് മുബല്ലിഗ്മാർ വരാറുള്ളത്. സ്ഥിരമായി ഒരു മുബല്ലിഗിനെ നിയമിക്കുന്നതിനുള്ള ഏർപ്പാടുകൾ നടന്ന് വരികയാണ്. അത്കൊണ്ടുതന്നെ ഓരോ അഹ്മദിയും തങ്ങളുടെ പരിശ്രമങ്ങളിൽ മുന്നിൽ നിൽക്കേണ്ടതാണ്. ജമാഅത്തിലെ സാധാരണ അംഗങ്ങൾ പോലും സൽസ്വഭാവങ്ങളിലും ആത്മീയവളർച്ചയിലും വളരെ മുന്നിലാണെന്ന് ആളുകൾക്ക് തോന്നുന്നവിധത്തിലുള്ള പരിവർത്തനമാണ് വരുത്തേണ്ടത്. ഇവർ നിയമങ്ങൾ പാലിക്കുന്നവരുമാണ് എന്നവർക്ക് ബോധ്യമാവണം. ഓരോ അഹ്മദിയും അഹ്മദിയ്യത്തിന്റെ സന്ദേശവാഹകരാകേണ്ടതാണ്. എങ്കിൽ മാത്രമേ ശക്തിമത്തായ അടിത്തറയോട് കൂടി ജമാഅത്ത് നിലനിൽക്കുകയുള്ളൂ. മുബല്ലിഗ് സ്ഥിരമായി കഴിഞ്ഞാൽ നിങ്ങളുടെ പ്രവർത്തനങ്ങൾ ഒരിക്കലും കുറഞ്ഞ് പോകുകയില്ല. ആദ്യത്തേക്കാളുപരി നിങ്ങളുടെ ആത്മീയവും സ്വഭാവപരവുമായ നിലവാരം ഉയർത്തേണ്ടതായി വരും. അങ്ങനെ ഈ രാജ്യം മുഴുവനും നമ്മുടെ മുബല്ലിഗുമാരും പള്ളികളുമുണ്ടാവും. മൂസവീ മസീഹിന്റെ ഖിലാഫത്തിന്റെ കേന്ദ്രമായ ഈ രാജ്യത്ത് മുഹമ്മദീ മസീഹിനെ പിൻപറ്റുന്നവരുടെ ആധിക്യമുണ്ടാവേണ്ടിയിരിക്കുന്നു. ഇത് സാധാരണ പ്രവൃത്തിയല്ല. ഭാരിച്ച ജോലിയാണെന്ന കാര്യം ഓർക്കുക. നിങ്ങൾ മസീഹ് മൗഊദിന് ചെയ്ത ബൈഅത്തിന്റെ നിബന്ധനകൾ അനുസരിക്കുന്നവരാണെങ്കിൽ അഹ്മദിയ്യാ ഖിലാഫത്തിനോട് വിശ്വസ്തതയും കൂറും പുലർത്തുന്നവരാണെങ്കിൽ ഇന്നല്ലെങ്കിൽ നാളെ ഈ ഉദ്ദേശ്യത്തെ പൂർത്തീകരിക്കുന്നവരായിരിക്കും. ഇൻശാഅല്ലാഹ്. നിങ്ങൾക്ക് സാധിച്ചില്ലെങ്കിൽ തീർ ച്ചയായും നിങ്ങളുടെ വരുംതലമുറ ആ ദൃശ്യങ്ങൾ കാണുന്നവരാകും. ക്രിസ്ത്യാനികൾക്ക് നൂറ്റാണ്ടുകളായി കഠിനമായ പീഢനങ്ങൾ ഏൽക്കേണ്ടിവന്ന ശേഷമാണ് ഇവിടെ ക്രിസ്തീയ മതം സ്ഥാപിതമായത്. എന്നാൽ തൗഹീദിന് പകരമായി ത്രിയേകത്വ സിദ്ധാന്തമാണ് അവരിൽ നിലനിന്നത്. എന്നാൽ അഹ്മദിയത്ത് അഥവാ യഥാർത്ഥ ഇസ്‌ലാമിൽ ത്രിയേകത്ത്വത്തെ വീണ്ടും തൗഹീദിലേക്ക് തിരിച്ച്കൊണ്ടുവന്ന് തൗഹീദിന്റെ രൂപീകരണത്തിന് വേണ്ടി ശ്രമിക്കുകയും രൂപീകരണത്തോടൊപ്പം നബി തിരുമേനിയുടെ പതാക ഉയർത്തിക്കൊണ്ടേയിരിക്കാൻ ശ്രമിക്കേണ്ടതുമാണ്. ഇൻശാ അല്ലാഹ്, ലോകത്ത് ഈ സന്ദേശങ്ങൾ പ്രചരിപ്പിക്കാനായി മുഹമ്മദീ മസീഹിന്റെ അനുയായികൾ ത്യാഗങ്ങൾ ചെയ്തുകൊണ്ടേയിരിക്കുന്നതാണ്. ഈ ത്യാഗങ്ങൾ ഉണ്ടാകുന്നത് നാം തഖ്‌വയിൽ പദമൂന്നുന്നവരാകുമ്പോഴാണ്. നമ്മുടെ സൃഷ്ടിയുദ്ദേശ്യം മനസ്സിലാക്കുന്നവരും സ്വന്തം സ്ഥിതിഗതികളെ വീക്ഷിക്കുന്നവരും ദുൻയാവിനേക്കാൾ ദീനിന് മുൻഗണന നൽകുന്നവരും പരസ്പരബന്ധങ്ങളിൽ സ്നേഹത്തോടും സൗഹാർദ്ദത്തോടും കൂടി പ്രവർത്തിക്കുന്നവരും ജമാഅത്തിന്റെ വ്യവസ്ഥിതികളുമായി അഭേദ്യമായ ബന്ധമുണ്ടാക്കുന്നവരും അഹ്മദിയ്യാ ഖിലാഫത്തിനോട് അനുസരണവും വിശ്വസ്തതയും പുലർത്തുന്നവരും മസീഹ് മൗഊദിനോട് ചെയ്ത ബൈഅത്തിന്റെ നിബന്ധനകളെ എപ്പോഴും മുന്നിൽ വെക്കുന്നവരും അല്ലാഹുവിന്റെയും തിരുദൂതരുടെയും കൽപനകൾക്ക് വിധേയരായിരിക്കുന്നവരുമാകുമ്പോഴാണ് അത് പ്രാപ്യമാവുന്നത്. അല്ലാഹു നിങ്ങൾക്ക് ഒരവസരം നൽകിയിരിക്കുകയാണ്. പാക്കിസ്താനികളായ സഹോദരന്മാർ തങ്ങളുടെ രാജ്യത്തെ സ്ഥിതിഗതികൾ കാരണം ഈ രാജ്യത്ത് വന്നിരിക്കുകയാണ്. ഇവിടെ നിങ്ങൾക്ക് മതപരമായ രീതിയിൽ സമാധാനമാണ് ലഭിക്കുന്നത്. ഭൂരിഭാഗം ആളുകളും സാമ്പത്തികമായി ഉയർന്നവരായത് കൊണ്ട് നിങ്ങൾ അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കുന്ന ദാസരാകുക. ഞാൻ പറഞ്ഞ കാര്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുകയും തഖ്‌വയോട്കൂടി നടക്കുകയും ചെയ്യുമ്പോഴാണ് നിങ്ങൾ കൃതജ്ഞത രേഖപ്പെടുത്തുന്നവരാകുന്നത്. പാക്കിസ്താനി അഹ്മദികൾക്ക് ശേഷം ഇവിടെയുള്ളവരിൽ ആഫ്രിക്കൻ അഹ്മദികളാണ് കൂടുതൽ. അതായത് ഘാനക്കാരായ അഹ്മദികൾ. മൊറോക്കോ, അൾജീരിയ എന്നീ രാജ്യങ്ങളിലെ അഹ്മദികളുമുണ്ട്. നിങ്ങൾക്കും അല്ലാഹു ഭൗതീകമായ ഉന്നതി പ്രദാനം ചെയ്തിരിക്കുന്നു. നിങ്ങളും ബൈഅത്തിന്റെ നിബന്ധനകൾ എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. ആഫ്രിക്കൻ അഹ്മദികളിൽ പലർക്കും അല്ലെങ്കിൽ അവരുടെ പൂർവ്വികർക്ക് ത്രിയേകത്വത്തെ

വിട്ട് ഇസ്‌ലാം സ്വീകരിക്കാനുള്ള അവസരം ലഭിച്ചു. ഇനി അവരിൽ നിക്ഷിപ്തമായിട്ടുള്ള ഉത്തരവാദിത്ത മെന്നത് ക്രിസ്ത്യാനികൾക്ക് നല്ല രീതിയിൽ തൗഹീ ദിന്റെ സന്ദേശങ്ങൾ എത്തിക്കുക എന്നതാണ്. ഈ ഉത്തരവാദിത്തം ഇനിയും വർദ്ധിക്കുന്നതാണ്. അല്ലാഹു ഈ രാജ്യത്ത് നിങ്ങൾക്ക് സാമ്പത്തിക പുരോഗതി നൽകിയതോടൊപ്പം തന്നെ നിങ്ങളിൽ ചില ഉത്തരവാ ദിത്തങ്ങളും നിക്ഷിപ്തമാക്കിയിരിക്കുന്നു.

ഈ പാരിതോഷികം കരസ്ഥമാക്കാനുള്ള ഭാഗ്യ മാണ് അല്ലാഹു നിങ്ങൾക്ക് നൽകിയിരിക്കുന്നത്. മസീഹ് മൗഊദിൽ നിന്ന് നിങ്ങൾക്ക് ലഭിച്ച ആത്മീയ വിഭവങ്ങൾ മറ്റുള്ളവർക്കും എത്തിച്ച് അവരെയും അനുഗൃഹീതരാക്കുക. റസൂൽ പറഞ്ഞ പ്രകാരം ഒരു യഥാർത്ഥ മുസ്‌ലിമിന്റെ പ്രവൃത്തി എന്നത് സ്വയം ഇഷ്ടപ്പെടുന്നത് തന്റെ സഹോദരന് വേണ്ടിയും ഇഷ്ട പ്പെടുക എന്നതാണ്. ആകയാൽ നിങ്ങളുടെ രാജ്യ ക്കാർക്കും സുഹൃത്തുക്കൾക്കും ബന്ധുക്കൾക്കും നബി തിരുമേനിയുടെ സത്യസന്ധനായ പ്രേമിയുടെ സന്ദേ ശങ്ങൾ എത്തിക്കുന്നതിലൂടെ മാത്രമേ നിങ്ങൾ യഥാർ ത്ഥ അഹ്മദി എന്ന് പറയപ്പെടുകയുള്ളൂ. മൊറോക്കോ യിലേയും അൾജീരിയയിലേയും ചില അഹ്മദികൾ കൂടിക്കാഴ്ചാവേളയിൽ എന്നോട് പറഞ്ഞത്, അവർക്ക് സ്വപ്നത്തിലൂടെയാണ് അല്ലാഹു മസീഹ് മൗഊദിന്റെ സത്യത വെളിപ്പെടുത്തിക്കൊടുത്തത് എന്നായിരുന്നു. അങ്ങനെ അഹ്മദിയ്യത്തിനെ മനസ്സിലാക്കി അവർക്ക് ഇതിൽ ചേരാനുള്ള ഭാഗ്യം ലഭിച്ചു. അല്ലാഹുവിന്റെ ഈ പ്രവൃത്തി നിങ്ങളുടെ ചില നന്മകൾ കൊണ്ടാണ് വെളി പ്പെട്ടത്. ഇത് അല്ലാഹുവിന്റെ ഔദാര്യമാണ് എന്ന കാര്യം ഓർക്കുക. ജീവിതകാലം മുഴുവൻ ശ്രമിച്ചാലും അതിന് പകരം നൽകാൻ നമുക്ക് സാധിക്കുകയില്ല. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു.

സൽക്കർമം ചെയ്യുന്നതിന് സൽഫലം നൽകുക യല്ലാതെ മറ്റു വല്ല പ്രതിഫലവുമുണ്ടോ?

ചെറുപ്പകാലത്ത് നമ്മെ പരിപാലിച്ച മാതാപിതാക്ക ളുടെ ഔദാര്യങ്ങൾ ഓർമ്മിച്ചുകൊണ്ട് അവരോട് നല്ല സമീപനം കാണിച്ചത് നമ്മുടെ അനുഭവങ്ങളിലുള്ളതാ ണ്. ഹദീസിൽ വന്നിരിക്കുന്നു. അവരുടെ ഔദാര്യ ത്തിന് ജീവിതകാലം മുഴുവൻ നിങ്ങൾക്ക് പകരം നൽകാനേ സാധിക്കുന്നതല്ല. അല്ലാഹു സർവ്വോപരി നന്മ പ്രവർത്തിക്കുന്ന തന്റെ ദാസർക്ക് ചെയ്യുന്ന ഔദാ ര്യത്തിന് പകരം നൽകാൻ അവരും ശ്രമിക്കണമെന്ന് ആഗ്രഹിക്കുന്നു. അവന്റെ കാരുണ്യം എല്ലാ സൃഷ്ടി ജാലങ്ങൾക്കുമുള്ളതാണ്. ഒരു സൽപ്രകൃതക്കാരനെ സംബന്ധിച്ചേടത്തോളം അല്ലാഹുവിന്റെ പരിപാലന ത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ അവന് തലയുയർത്താൻ പോലും സമയമില്ല എന്ന് തോന്നിപ്പോകുന്നു. അല്ലാഹു ആത്മീയമായി സ്വയം നമുക്ക് വഴികാണിച്ചുതരികയും അഗ്നികുണ്ഡത്തിൽ വീഴുന്നതിൽ നിന്ന് അനുഗൃഹീ തമായ രീതിയിൽ നമ്മെ രക്ഷിക്കുകയും ചെയ്യുന്നു. ഇത് അല്ലാഹുവിന്റെ അളവറ്റ ഔദാര്യമാണ്. മനുഷ്യൻ ആഗ്രഹിച്ചാലും ഇല്ലെങ്കിലും അതിന് പകരം നൽകാൻ സാധിക്കുകയില്ല.

*'സൽക്കർമ്മം ചെയ്യുന്നതിന് സൽഫലം നൽകുക യല്ലാതെ മറ്റു വല്ല പ്രതിഫലവുമുണ്ടോ?'* എന്നതിനെ അല്ലാഹുമായി ബന്ധപ്പെടുത്തുമ്പോൾ അത് ഏകപക്ഷീ യമായി മാറുന്നു. അതായത് അവന്റെ ഔദാര്യങ്ങൾക്ക് പകരം നൽകാൻ നമുക്ക് സാധിക്കുകയില്ല. അതു കൊണ്ട് തന്നെ അവന്റെ ദാസന്മാർക്കുള്ള ഒരേയൊരു വഴി ജീവിതകാലം മുഴുവൻ അവന്റെ അനുഗ്രഹങ്ങ ളെക്കുറിച്ച് സ്മരിക്കുക. അവനോട് കൃതജ്ഞത കാണി ക്കുന്ന ദാസരായിത്തീരുക എന്നൊക്കെയാണ്. ഒരു അഹ്മദിയുടെ പ്രവൃത്തി അഹ്മദിയ്യത്തിന്റെ സന്ദേ ശത്തെ ചുറ്റുപാടുകളിൽ പ്രചരിപ്പിക്കുക എന്നതാണ്. അതിന്ന് വേണ്ടിയാണ് നാം പരിശ്രമിക്കേണ്ടത്. അവിടെ താമസിച്ച് വരുന്ന (മൊറോക്കോ, അൾജീരിയ രാജ്യ ങ്ങളിലുള്ള) അറബീ അഹ്മദികളോടും എനിക്ക് പറ യാനുള്ളത് അല്ലാഹുവിന്റെ ഈ ഔദാര്യത്തിന് പകര മായി നമുക്ക് ഒന്നും നൽകാൻ സാദ്ധ്യമല്ല. എന്നാൽ അതിന്നായി അവനോട് നന്ദി കാണിക്കുന്ന രീതി എന്നത് പ്രത്യേകിച്ച് നിങ്ങളുടെ രാജ്യക്കാർക്കും സമു ദായക്കാർക്കും അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാമിന്റെ സന്ദേശം എത്തിച്ചുകൊണ്ടിരിക്കുക എന്നതാണ്. ഞാൻ പറയുന്നത് അറേബ്യൻ രാജ്യക്കാ രോടോ, പാകിസ്താനികളോടോ, ആഫ്രിക്കക്കാരോടോ മാത്രമല്ല, ഇവിടെ ബംഗാളി അഹ്മദികളുണ്ട്. എല്ലാ സമുദായക്കാരും തങ്ങളുടെ ജീവിതം മുഴുവൻ ഈ കർത്തവ്യനിർവ്വഹണത്തിൽ അവസാനിപ്പിച്ചാലും അല്ലാഹുവിന്റെ ഔദാര്യത്തിന് പകരം നൽകിയിരി ക്കുന്നു എന്ന് പറയാൻ നമുക്ക് സാധ്യമേയല്ല.

സൃഷ്ടാവും ഉടമസ്ഥനുമായ അല്ലാഹുവിന്റെ ഔദാര്യങ്ങൾക്ക് എങ്ങനെയാണ് പകരം നൽകാൻ നമുക്ക് കഴിയുക? അതെ, അവന്റെ കൽപനകൾക്ക് വിധേയരായി പ്രവർത്തിച്ചുകൊണ്ട് അവന്റെ തൃപ്തി യും സാമീപ്യവും കരസ്ഥമാക്കുന്നവരായിത്തീരുക യാണ് വേണ്ടത്. ■

ചോദ്യോത്തരം

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

# സ്വർഗ്ഗമെവിടെയാണ്? നരകമെവിടെയാണ്? പുനർജന്മം ഉണ്ടോ?

**1998 ഫെബ്രുവരി 25-നു ലണ്ടനിൽ നടന്ന ഒരു ചോദ്യോത്തര സദസ്സിൽ ഖലീഫത്തുൽ മസീഹ് ഹ: മിർസാ താഹിർ അഹ്മദ് നൽകിയ മറുപടി.**

***ചോദ്യം: സ്വർഗ്ഗത്തേയും നരകത്തേയും പറ്റി വിശദീകരിക്കാമോ? എവിടെയാണത്? അതിന്റെ സ്വഭാവവിശേഷങ്ങൾ എന്തൊക്കെയാണ്?***

**ഹ: മിർസാ ത്വാഹിർ അഹ്മദ്:** നമുക്ക് ചുറ്റും നിൽക്കുന്ന തരംഗങ്ങളെ (Waves)പ്പറ്റി നിങ്ങൾ എങ്ങനെയാണ് വിശദീകരിക്കുക? നിങ്ങൾക്കവയെ തൊടാൻ കഴിയുമോ? ഈ മുറി ആയിരക്കണക്കിന് തരംഗങ്ങളാൽ (Waves) നിറഞ്ഞതാണെന്ന് പറയുമ്പോൾ നിങ്ങൾക്കവയെ അനുഭവിച്ചറിയുവാൻ കഴിയുമോ? റേഡിയോയും ടെലിവിഷനും പോലുള്ള ഉപകരണങ്ങൾക്കാണ് അവയെ സ്വീകരിക്കാൻ കഴിയുക.

പ്രത്യേക ഉപകരണങ്ങളുടെ സഹായത്തോടെയല്ലാതെ അവയെ കാണാൻ കഴിയുന്നില്ല എന്ന ഒറ്റക്കാരണം കൊണ്ട് അവയുടെ അസ്തിത്വം ഒരാൾക്ക് നിഷേധിക്കുവാൻ കഴിയുകയില്ല. ഭൂമിയിൽ നമുക്കിവിടെ മനസ്സിലാക്കാൻ കഴിയുന്ന 4 ഡയമൻഷനുകളിൽ അല്ലെങ്കിൽ 4 മാനങ്ങളിൽ പെട്ടവയാണവയെന്നോർക്കുക. കൂടാതെ ശാസ്ത്രജ്ഞന്മാർ വേറെയും വ്യത്യസ്ത ഡയമൻഷനുകൾ നിലനിൽക്കുന്നുവെന്ന കാര്യം വിശ്വസിക്കാനും മനസ്സിലാക്കാനും തുടങ്ങിയിട്ടുണ്ട്.

14 നൂറ്റാണ്ടുകൾക്കു മുമ്പേ ലോകത്ത് സമർപ്പിക്കപ്പെട്ട ഖുർആനിലെ സ്വർഗ്ഗത്തേയും നരകത്തേയും പറ്റിയുള്ള ധാരണ നേരേ പറഞ്ഞാൽ ഇത് തന്നെയാണ്.

ഖുർആൻ ജന്നത്തിനെ അല്ലെങ്കിൽ സ്വർഗ്ഗത്തെ പ്രപഞ്ചം മുഴുവൻ നിലകൊള്ളുന്നുവെന്ന് പറയുന്നത് തികച്ചും അമ്പരപ്പിക്കുന്നത് തന്നെയാണ്. 14 നൂറ്റാണ്ടുകൾക്ക് മുമ്പവതരിച്ച ഒരു ഗ്രന്ഥം സ്വർഗ്ഗം എല്ലായിടത്തും വ്യാപിച്ചുകിടക്കുന്നുവെന്ന് (ആ കാലത്ത് ജീവിച്ചിരുന്ന ജനങ്ങൾ വസിച്ചിരുന്ന സ്ഥലങ്ങൾ ഉൾപ്പടെ) പ്രഖ്യാപിക്കുന്നുവെന്നത് അത്ഭുതം തന്നെയാണ്. പ്രപഞ്ചത്തെപ്പറ്റി വളരെ പരിമിതമായ അറിവു മാത്രം ഉണ്ടായിരുന്ന അക്കാലത്തെ ജനങ്ങൾക്ക് ഇത്തരമൊരു പ്രഖ്യാപനം വളരെ അസാധാരണം തന്നെയാണ്. അതുകൊണ്ടായിരിക്കണം, റസൂൽ തിരുമേനിയുടെ ഒരു സഹാബി എഴുന്നേറ്റു നിന്നുകൊണ്ട് ഒരു ചോദ്യം ചോദിച്ചു. ആ സഹാബിയുടെ ചോദ്യം വളരെ വ്യത്യസ്തവും രസകരവുമായ തരത്തിലായിരുന്നു. സ്വർഗ്ഗം പ്രപഞ്ചം മുഴുവൻ വ്യാപിച്ചുകിടക്കുകയാണെങ്കിൽ നരകം എവിടെയാണെന്നായിരുന്നു ആ ചോദ്യം.

വ്യത്യസ്ത ഡയമൻഷനുകളെപ്പറ്റിയുള്ള അറിവു അല്ലാഹു റസൂൽ തിരുമേനിക്ക് ബോധ്യമാക്കിക്കൊടുത്തിരുന്നുവെന്ന് വ്യക്തമാണ്. അല്ലെങ്കിൽ ആ ചോദ്യത്തിന് ഇപ്രകാരം ഒരു മറുപടി നബിതിരുമേനി നൽകുമായിരുന്നില്ല. നബി പറഞ്ഞു. നരകം ഈ പ്രപഞ്ചത്തിൽത്തന്നെയാണ് നിലനിൽക്കുന്നത്. പക്ഷെ

*(ശേഷം 14 - ൽ)*

സാറാ വസിം

ലേഖനം

# 'അല്ലാഹു' എന്ന പദം അന്യമതസ്ഥർക്ക് ഉപയോഗിച്ചുകൂടേ?

**ഖുർആനിൽ അന്യമതസ്ഥർ 'അല്ലാഹു' എന്ന പദം ഉപയോഗിച്ച കാര്യം പ്രതിപാദിച്ചിട്ടുണ്ട്. അമുസ്‌ലിംകൾ അല്ലാഹു എന്ന പദം ഉപയോഗിക്കുമ്പോൾ ആശയക്കുഴപ്പമുണ്ടാകുമെന്ന് പറയുന്ന മുസ്‌ലിംകൾ ഖുർആൻ പാരായണം ചെയ്താലും അതുണ്ടാകില്ലേ?**

ദൈവത്തിന്റെ നാമം ഉപയോഗിക്കുന്നത് ആരുടെയെങ്കിലും കുത്തകയാണോ? ഒരു സാധാരണ ചോദ്യമാണിത്. എന്നാൽ മലേഷ്യയിൽ മൂന്ന് വർഷങ്ങൾക്ക് മുമ്പ് ദൈവത്തിന്റെ വിവർത്തന പദമായി മലയക്കാർ ഉപയോഗിച്ചുവരുന്ന 'അല്ലാഹു' എന്ന അറബിപദം മലയൻ ഭാഷയിലുള്ള ക്രിസ്ത്യൻ പത്രങ്ങളിൽ പ്രയോഗിക്കുന്നതിൽ നിന്ന് ഗവൺമെൻറ് കത്തോലിക്കാസഭയെ തടഞ്ഞിരിക്കുകയാണ്. ഈ തീരുമാനത്തെ മലേഷ്യയിലെ ഹൈക്കോടതി ഒരു റൂളിംഗിങ്ങിലൂടെ റദ്ദാക്കിയിരിക്കുകയാണ്. 'കത്തോലിക്കാ ഹെറാൾഡ്' എന്ന പത്രത്തിലെ 'അല്ലാഹുവിന്റെ പുത്രനാണ്' യേശു എന്ന പരാമർശത്തെ ഭരണഘടനാപരമായി ചോദ്യം ചെയ്യാനാവില്ലെന്നാണ് ഹൈക്കോടതി വിധിയിൽ പറഞ്ഞിട്ടുള്ളത്.

ഈ വിധി മുസ്‌ലിം കക്ഷികളെ പ്രകോപിപ്പിച്ചിരിക്കയാണ്. ദൈവത്തിന് അല്ലാഹു എന്ന നാമമുപയോഗിച്ചുകൊണ്ട് ക്രിസ്ത്യാനികൾ മുസ്‌ലിംകളെ വഴിതെറ്റിക്കുമെന്നാണ് അവരുടെ പേടി. അവർ പറയുന്നത് 'അല്ലാഹു' എന്ന പദം മുസ്‌ലിംകൾക്ക് മാത്രമേ ഉപയോഗിക്കാൻ അനുവാദമുള്ളൂ എന്നാണ്. എന്നാൽ ഹെറാൾഡിന്റെ എഡിറ്റർ പറയുന്നത് ദൈവത്തെ വിശേഷിപ്പിക്കാൻ 'അല്ലാഹു' എന്ന പദത്തെക്കാൾ നല്ല ഒരു പദം മലയൻ ഭാഷയിലില്ലെന്നാണ്. ഈ ലേഖനം അച്ചടിക്കുന്നതിന് തൊട്ട് മുമ്പ് മലേഷ്യൻ കോടതി ഗവൺമെന്റിനനുകൂലമായി ആ നിരോധനം വീണ്ടും പുനഃസ്ഥാപിച്ചിരിക്കുകയാണ്. കാരണം അത് വർഗ്ഗീയ സംഘട്ടനങ്ങൾക്ക് വഴിതെളിയിക്കുമെന്ന സർക്കാർ വാദത്തെ കോടതി അംഗീകരിക്കുകയാണ്.

ദൈവത്തിന് 'അല്ലാഹു' എന്ന പദം നൂറ്റാണ്ടുകളായി മലയ് ഭാഷ സംസാരിക്കുന്ന ക്രിസ്ത്യാനികൾ ഉപയോഗിച്ചുവരുന്നു. ഏകദൈവവിശ്വാസികളും അറബി സംസാരിക്കുന്നവരുമായ വ്യാപാരികൾ, അല്ലാഹു എന്ന പദം മലയക്കാർക്ക് പരിചയപ്പെടുത്തിയതിന് ശേഷം നൂറ്റാണ്ടുകളായി മലയ് ക്രിസ്ത്യാനികൾ ഈ പദം തന്നെയാണ് ദൈവത്തെ വിശേഷിപ്പിക്കാൻ മലയൻ ഭാഷയിൽ ഉപയോഗിച്ചു വരുന്നത്. 14,000 പ്രതികളുള്ള 'കത്തോലിക്കാ ഹെറാൾഡ്' ക്രിസ്തീയ പള്ളിക്കുള്ളിൽ മാത്രം വിതരണം ചെയ്യപ്പെടുന്ന പ്രസിദ്ധീകരണമാണ്. ആരെങ്കിലും ഇന്റർനെറ്റിൽ 'അല്ലാഹു' എന്ന പദം തിരയുമ്പോൾ കത്തോലിക്കാ ഹെറാൾഡിന്റെ 'അല്ലാഹു' എന്ന പരാമർശം കാണാനിടയാകുമെന്നാണ് മലേഷ്യയിലെ മുസ്‌ലിം സംഘടനകളുടെ ആക്ഷേപം. മലയയിലെ നാഷനൽ യൂണിയൻ ഓഫ് മലയൻ മുസ്‌ലിം സ്റ്റുഡൻസ് പറയുന്നത് 'അല്ലാഹു' എന്ന പദം മുസ്‌ലിം സങ്കൽപത്തിലുള്ള ദൈവത്തെ മാത്രം വിശേഷിപ്പിക്കാനുള്ള പദമാണെന്നാണ്. അല്ലാഹു എന്ന പദം കത്തോലിക്കാ ഹെറാൾഡ് ഉപയോഗിക്കുകയാണെങ്കിൽ അത് വായനക്കാർക്കിടയിൽ ആശയക്കുഴപ്പം സൃഷ്ടിക്കുമെന്ന് ഈ വിദ്യാർത്ഥി സംഘടന താക്കീത് ചെയ്യുന്നു.

(http/ww.washingtonexaminier.com/world/80405892.html).

ഗവൺമെന്റിന്റെ വക്കീലന്മാർ പറഞ്ഞത് 'അല്ലാഹു' എന്ന പദം ലോകം മുഴുവൻ മുസ്‌ലിംകൾ ദൈവത്തെ വിളിക്കാൻ ഉപയോഗിക്കുന്നതും അത് മുസ്‌ലിംകൾക്ക് മാത്രമായി സംവരണം ചെയ്യപ്പെട്ടതുമാണെന്നാണ്. കത്തോലിക്കർ ആ പദം ദൈവത്തിന് വിശേഷിപ്പിക്കാൻ ഉപയോഗിച്ചാൽ മുസ്‌ലിംകൾക്കിടയിൽ ആശയക്കുഴപ്പമുണ്ടാകുമെന്നും അവർ വാദിച്ചു.

മൂന്ന് ദൈവങ്ങളുണ്ടെന്ന് വിശ്വസിക്കുന്ന ക്രിസ്ത്യാനികളും തികഞ്ഞ ഏകദൈവവിശ്വാസികളായ മുസ്‌ലിംകളും ഒരേപേരിൽ ദൈവത്തെ വിളിച്ചാൽ അത് ആശയക്കുഴപ്പമുണ്ടാക്കും എന്നതാണ് വാദം. മലയൻ ഭാഷയിൽ ദൈവത്തിന് ഉപയോഗിക്കുന്ന പേര് 'തൂഹാൻ' എന്നാണ് അല്ലാഹു എന്നല്ല എന്നും അവർ ചൂണ്ടിക്കാട്ടുന്നു.

വടക്കൻ പെറേക്ക് സംസ്ഥാനത്തെ മുഫ്തി ഹാറുസ്സാനി സക്കറിയയുടെ അഭിപ്രായപ്രകാരം അല്ലാഹു എന്ന പദം ഉപയോഗിക്കാൻ ക്രിസ്ത്യാനികളെ അനുവദിച്ചുകൊണ്ടുള്ള ഈ വിധി ഈ രാജ്യത്തെ മുസ്‌ലിംകൾക്ക് അപമാനകരമാണ് എന്നാണ്.

മുസ്‌ലിംകളും അമുസ്‌ലിംകളും തമ്മിലുള്ള സംഘർഷം ഇല്ലാതാക്കാൻ അമുസ്‌ലിംകൾ 'അല്ലാഹു' എന്ന പദം ഉപയോഗിക്കുന്നതിനെതിരെ കർശനമായ ഉപാധികൾ വെക്കണമെന്ന് മുൻ മലേഷ്യൻ പ്രധാനമന്ത്രി **മഹാതിർ മുഹമ്മദ്** പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞു:

'അല്ലാഹു എന്ന പദം ഇപ്രകാരം ഉപയോഗിച്ചാൽ അത് മുസ്‌ലിം വികാരം ആളിക്കത്തിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. അമുസ്‌ലിംകൾ ആ പദം ബാനറുകളിലോ മറ്റോ എഴുതിയെങ്കിൽ അത് ഒരിക്കലും ഇസ്‌ലാം മതത്തെ പ്രതിനിധാനം ചെയ്യുന്നുമില്ല.' ദുഃഖകരമെന്ന് പറയട്ടെ മഹാതിറിന്റെ ഈ 'പ്രവചനം' പുലർന്നത് ക്രിസ്ത്യാനികളുടെ പത്ത് ചർച്ചുകൾ കത്തിച്ചുകൊണ്ടാണ്. അവയിൽ മിക്കവയും തീ ബോംബ് എറിഞ്ഞാണ് നശിപ്പിച്ചത്.

'അല്ലാഹു' എന്ന പദത്തിന്റെ യഥാർത്ഥത്തിലുള്ള അർത്ഥം ഏകനായ ദൈവം എന്നു തന്നെയാണ്. ഇസ്‌ലാമിന്നു മുമ്പുള്ള അറബികൾ അല്ലാഹുവിന് പുറമെ 300ലധികം ബിംബങ്ങളെ ആരാധിച്ചിരുന്നു. ഈ ബിംബങ്ങൾക്കെല്ലാം മീതെയുള്ള പരമോന്നതനായ ദൈവത്തെയാണ് അല്ലാഹു എന്ന പദം കൊണ്ട് അവർ വിവക്ഷിച്ചത്. എങ്കിലും അല്ലാഹു എന്ന പദം അവിശ്വാസികളായ അറബികൾ ഉപയോഗിക്കുന്നതിനെതിരെ റസൂൽ തിരുമേനി(സ) യാതൊരു വിലക്കും ഏർപ്പെടുത്തിയിരുന്നില്ല.

അല്ലാഹു എന്ന പദം കത്തോലിക്കാ ഹെറാൾഡ്' ഉപയോഗിച്ചാൽ കലാപമുണ്ടാകുമെന്ന മലേഷ്യൻ ഗവൺമെന്റിന്റെ ഭയം നമ്മെ അത്ഭുതപ്പെടുത്തുന്നു. ക്രിസ്ത്യാനികളുടെ പത്രം അല്ലാഹു എന്ന പദം ഉപയോഗിച്ചാൽ എങ്ങനെയാണ് മുസ്‌ലിംകളെ അത് ഇസ്‌ലാമിൽ നിന്ന് അകറ്റുക? ഈസാ നബിയെ അല്ലാഹുവിന്റെ പുത്രൻ എന്ന് വിശേഷിപ്പിച്ചാൽ ഏകനായ ദൈവത്തിൽ വിശ്വസിക്കുന്നതിൽ നിന്ന് മുസ്‌ലിംകളെ അത് വഴി തടയുന്നത് എങ്ങനെയാണ്?

വിശുദ്ധ ഖുർആനിൽ അല്ലാഹു സ്വയം തന്റെ നാമവും ഗുണവും വിവരിക്കുന്നതോടൊപ്പം പ്രത്യേകമായി ത്രിത്വത്തെ ശക്തമായി നിഷേധിക്കുകയും ചെയ്യുന്നു. സൂറ: അൽ ഇഖ്‌ലാസിൽ ഖുർആൻ പറയുന്നു:

*പറയുക, അവൻ അല്ലാഹുവാകുന്നു ഏകൻ. അല്ലാഹു സർവ്വാധിനാഥനാകുന്നു. (സ്വാശ്രയനും എല്ലാവരാലും ആശ്രയിക്കപ്പെടുന്നവനുമാണ്). അവൻ ജനകനല്ല അവൻ ജാതനുമല്ല.' അവനു സമമായി ആരും തന്നെയില്ല.'* (112:2-5)

അല്ലാഹു തന്റെ ഏകത്വവും നിരാശ്രയത്വവും ഖുർആനിൽ സ്വയം പ്രഖ്യാപിക്കുന്നു. 'അല്ലാഹു' ഏകനാണെന്ന സത്യം ദൃഢമായി പ്രഖ്യാപിക്കുന്നതോടെ മറ്റു ദൈവങ്ങളും ദൈവത്തിന് ഒരു പുത്രനുണ്ടെന്ന വാദവും ഖണ്ഡിക്കപ്പെടുന്നു. മാത്രമല്ല ത്രിത്വത്തെ ഖുർആൻ വ്യക്തമായി നിഷേധിക്കുകയും ചെയ്യുന്നു.

ഖുർആൻ പറയുന്നു.

*'.......... നിങ്ങൾ അല്ലാഹുവിലും അവന്റെ എല്ലാ പ്രവാചകന്മാരിലും വിശ്വസിക്കുക. നിങ്ങൾ (ദൈവം) മൂന്നാണ് എന്ന് പറയരുത്. നിങ്ങൾ (അങ്ങനെ പറയുന്നതിൽ നിന്ന്) വിരമിക്കുക'. (ഇത്) നിങ്ങൾക്ക് ഗുണകരമായിരിക്കും. അല്ലാഹു ഒരേയൊരു ദൈവം മാത്രമാണ്. തനിക്ക് സന്താനങ്ങളുണ്ടാകുന്നതിൽ നിന്ന് അവൻ പരിശുദ്ധനനത്രെ. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവന്റെതാകുന്നു. രക്ഷാകർത്താവായി അല്ലാഹു മതിയായവനാണ്.* (4:142).

*അല്ലാഹു മൂവരിൽ മൂന്നാമനാണ് എന്നു പറയുന്നവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. വാസ്തവത്തിൽ ഒരേയൊരു ദൈവമല്ലാതെ മറ്റൊരു*

*ദൈവവുമില്ല തന്നെ. തങ്ങൾ പറയുന്നതെന്തോ അതിൽ നിന്ന് അവർ വിരമിക്കാത്തപക്ഷം അവരിൽ നിന്ന് അവിശ്വാസികളായ ആളുകൾക്ക് വേദനാജനകമായ ശിക്ഷ വന്നെത്തുക തന്നെ ചെയ്യും.'* (15:74)

*അവർ യാതൊരറിവും കൂടാതെ അവന് ആൺമക്കളേയും പെൺമക്കളെയും ആരോപിക്കുകയും ചെയ്യുന്നു. അവൻ പരിശുദ്ധനാണ്, അവർ വിശേഷിപ്പിക്കുന്നതിൽ നിന്നെല്ലാം അവൻ ഉന്നതനുമാണ്. (അവൻ) ആകാശങ്ങളേയും ഭൂമിയേയും മുൻ മാതൃകകളില്ലാതെ സൃഷ്ടിച്ചവനത്രെ. അവന് ഒരു സഹധർമ്മിണി ഇല്ലെന്നിരിക്കെ അവന് സന്താനമുണ്ടാകുന്നതെങ്ങനെ? എല്ലാ വസ്തുക്കളേയും അവൻ സൃഷ്ടിച്ചിരിക്കുന്നു. സർവ്വവസ്തുക്കളേയും സംബന്ധിച്ചും അവൻ നല്ലപോലെ അറിവുള്ളവനാകുന്നു.* (6:101-102)

ഏറ്റവും ശ്രദ്ധേയമായ സംഗതി വിശുദ്ധ ഖുർആൻ 'അല്ലാഹുവിന്റെ മകൻ മസീഹ്' എന്ന പരാമർശത്തെ സംബന്ധിച്ച് പ്രതിപാദിക്കുന്നു എന്നതാണ്.

ഉസൈർ (എസ്രാ) ദൈവപുത്രനാണെന്ന് ജൂതന്മാർ പറയുന്നു. മിശിഹാ ദൈവപുത്രനാണെന്ന് ക്രിസ്ത്യാനികളും പറയുന്നു. അവരുടെ വായ കൊണ്ടുള്ള ഒരു പറച്ചിൽ മാത്രമാണത്. തങ്ങൾക്ക് മുമ്പുണ്ടായിരുന്ന സത്യനിഷേധികളുടെ വാക്കുകളെ അവർ അനുകരിക്കുകയാണ്. അല്ലാഹു അവരെ ശപിക്കട്ടെ. അവർ എങ്ങനെയാണ് (സത്യത്തിൽ നിന്ന്) തെറ്റിക്കപ്പെടുന്നത് (10:30)

'മസീഹ് അല്ലാഹുവിന്റെ മകനാണ്' എന്ന ക്രിസ്ത്യാനികളുടെ വാക്കുകൾ വിശുദ്ധ ഖുർആൻ തന്നെ ഉണർത്തുന്നു. ക്രിസ്ത്യാനികളുടെ ആ പ്രസ്താവത്തെ നിഷേധിക്കാനാണെങ്കിലും ഖുർആൻ 'അല്ലാഹുവിന്റെ മകൻ മസീഹ്' എന്ന വിശേഷണം പ്രയോഗിക്കുമ്പോൾ അത്തരം ഒരു പ്രയോഗം ക്രിസ്ത്യൻ ഹെറാൾഡിൽ ക്രിസ്ത്യാനികൾ അച്ചടിക്കുന്നതിനെതിരെ മുസ്‌ലിംകൾ എന്തിന് ആശങ്കാകുലരാകണം? മുസ്‌ലിംകളുടെ വിശ്വാസം ആശയക്കുഴപ്പത്തിലാവുമെന്ന് അവർ എന്തിന് ഭയപ്പെടണം?

വിശുദ്ധ ഖുർആൻ പറയുന്നു.

*ഒരു സന്താനത്തെ സ്വീകരിക്കുക എന്നത് അല്ലാഹുവിന് യോജിച്ചതല്ല. അവൻ പരിശുദ്ധനാണ്. ഏതെങ്കിലും ഒരു കാര്യം അവൻ തീരുമാനിച്ചുകഴിഞ്ഞാൽ ഉണ്ടാവുക എന്ന് അവൻ പറയുക മാത്രം ചെയ്യുന്നു. അപ്പോൾ അത് ഉണ്ടാവുന്നു. (എന്നിരിക്കെ അവന് സന്താനങ്ങളുടെ ആവശ്യമെന്ത്?) (ഈസാ പറഞ്ഞു) തീർച്ചയായും അല്ലാഹു എന്റെ നാഥനാകുന്നു. നിങ്ങളുടേയും നാഥനാകുന്നു. അതിനാൽ നിങ്ങൾ അവനെ ആരാധിക്കുവിൻ. ഇതത്രെ നേരായ മാർഗ്ഗം* (19:36,57)

ക്രിസ്തീയ വിശ്വാസത്തിൽ ത്രിത്വം ഉടലെടുത്തതിന് ഒരിക്കലും യേശു ഉത്തരവാദിയല്ലെന്ന് ഖുർആൻ നമ്മെ ഉദ്ബോധിപ്പിക്കുന്നു. തന്റെ ദിവ്യപദവി ഉയർത്താൻ യേശു ഇങ്ങനെ പറഞ്ഞിട്ടില്ല എന്ന് ഖുർആൻ അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുകയും ചെയ്യുന്നു.

*അല്ലാഹു പറയുന്ന അവസരം: ഓ മർയമിന്റെ മകൻ ഈസാ; എന്നെയും എന്റെ മാതാവിനേയും അല്ലാഹുവിനെക്കൂടാതെ രണ്ടു ദൈവങ്ങളായി സ്വീകരിക്കുക' എന്ന് നീയാണോ ജനങ്ങളോട് പറഞ്ഞത്? അദ്ദേഹം പറയും നീ പരിശുദ്ധനാണ്. എനിക്ക് അവകാശമില്ലാത്ത ഒരു കാര്യം പറയുക എന്നത് എനിക്ക് ചേർന്നതല്ല. ഞാൻ അങ്ങനെ പറഞ്ഞിരുന്നുവെങ്കിൽ തീർച്ചയായും നീ അത് അറിഞ്ഞിരിക്കും. എന്നിലുള്ളത് നീ അറിയുന്നു. നിന്നിലുള്ളത് ഞാൻ അറിയുന്നില്ല. തീർച്ചയായും നീ പരോക്ഷ കാര്യം നല്ലവണ്ണം അറിയുന്നവനാണ്. നീ എന്നോട് ആജ്ഞാപിച്ചതെന്തോ അതല്ലാതെ ഞാൻ അവരോട് പറഞ്ഞിട്ടില്ല. അതായത് 'എന്റേയും നിങ്ങളുടേയും നാഥനായ അല്ലാഹുവിനെ നിങ്ങൾ ആരാധിക്കുവിൻ' എന്ന്.* (5:117, 118)

അതായത് അല്ലാഹു തന്റെ നാമത്തിന്റെ അർത്ഥം നിർവ്വചിക്കുക മാത്രമല്ല യേശുവിന്റെ പേരിൽ പ്രചരിക്കുന്ന ത്രിത്വം ഒരിക്കലും യേശു പ്രബോധിച്ചിട്ടില്ല എന്ന് വിശദീകരിക്കുകയും ചെയ്യുന്നു. യേശുവിന്റെ യഥാർത്ഥ അദ്ധ്യാപനത്തിന് കടകവിരുദ്ധമായ ഒരു വ്യാജസങ്കല്പമാണ് ത്രിത്വം. അതുകൊണ്ട് ത്രിത്വം വിശ്വസിക്കുന്ന ഒരാൾ 'അല്ലാഹു' എന്ന് ഉച്ചരിച്ചാൽ എങ്ങനെയാണ് ഒരു മലേഷ്യൻ മുസ്‌ലിം തന്റെ ഏകദൈവവിശ്വാസത്തിൽ നിന്നു ദൂരപ്പെട്ടുപോകുക!

അല്ലാഹു എന്ന പദം ഉപയോഗിക്കാൻ മുസ്‌ലിംകൾക്ക് മാത്രമേ കുത്തകാവകാശമുള്ളൂ എന്ന മലേഷ്യൻ ഗവൺമെന്റിന്റെ വാദത്തിന്റെ യാാർത്ഥ്യമെന്താണ്? ഈ അസംബന്ധവാദം തുറന്നുകാട്ടാൻ ഖുർആൻ തന്നെ നമുക്ക് മാർഗ്ഗദർശനം നൽകുന്നു. സൂറാ നംലിൽ അല്ലാഹു പറയുന്നു:

*ആ (എഴുത്ത് കിട്ടിയപ്പോൾ) അവൾ പറഞ്ഞു: പ്രധാനികളേ, ആദരണീയമായ ലിഖിതം എനിക്ക് ലഭിച്ചിരിക്കുന്നു. അത് സുലൈമാനിൽ നിന്നുള്ളതാണ്. പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ ഉള്ളതാണ്* (37:30-31).

ഹദ്റത്ത് സുലൈമാൻ നബി(അ) അല്ലാഹുവിന്റെ നാമത്തിൽ' എന്ന വചനം ഇവിടെ ഉപയോഗിച്ചിരിക്കുന്നു. ഇത് ഇസ്‌ലാമിനുമുമ്പുള്ള പ്രയോഗമാണ്. ഇക്കാര്യം വിശുദ്ധ ഖുർആൻ വിവരിക്കുമ്പോൾ 'അല്ലാഹു' എന്ന പദം ശരിയാവുന്നതെങ്ങനെ? ഇസ്‌ലാമിന് മുമ്പ് അവതരിച്ച മറ്റു മതസ്ഥർ ദൈവത്തിന് അല്ലാഹു എന്ന പദം ഉപയോഗിക്കുന്നതിനെതിരെ നമുക്ക് പ്രതിഷേധിക്കാൻ എന്ത് ന്യായമാണുള്ളത്? മറ്റു മതസ്ഥർ 'അല്ലാഹു' എന്ന പദം തങ്ങളുടെ ദൈവത്തെ വിശേഷിപ്പിക്കാൻ ഉപയോഗിച്ചത് ഖുർആനിൽ കാണുമ്പോൾ മലേഷ്യൻ മുസ്‌ലിം നേതാക്കന്മാർ, മുസ്‌ലിംകളുടെ വികാരം വ്രണപ്പെടുമോ അല്ലെങ്കിൽ മറ്റു മുസ്‌ലിംകൾ വഴിപിഴച്ചുപോകുമോ എന്നോർത്തു ബേജാറാകുമോ? ■

---

*(10-ൽ നിന്ന് തുടർച്ച)*

നിങ്ങൾക്ക് 'ഗ്രഹിക്കുവാൻ കഴിയുകയില്ല.' അക്കാലത്തെ ജനങ്ങൾക്ക് അപ്രകാരമൊരു ആശയം മനസ്സിലാക്കാൻ കഴിയുമായിരുന്നില്ല. എന്നാൽ ഇക്കാലത്തെ ജനങ്ങൾക്ക് വ്യത്യസ്ത മാനങ്ങൾ ഉള്ള വസ്തുക്കൾക്ക് വ്യത്യസ്ത മാനങ്ങളിൽ ഈ പ്രപഞ്ചത്തിൽ തന്നെ നിലനിൽക്കാൻ കഴിയുമെന്ന് ഒരളവുവരെ മനസ്സിലാക്കാൻ കഴിയും. അവ പരസ്പരം കൂടിക്കലരുന്നില്ല. അവ പരസ്പരം ബന്ധപ്പെടുന്നില്ല. അത് ഒന്ന് നിലനിൽക്കേ തന്നെ മറ്റൊന്ന് നിലനിൽക്കുന്നില്ല എന്ന മട്ടിൽ സഹവർത്തിച്ചുകൊണ്ട് നിലനിൽക്കുകയും ചെയ്യുന്ന രീതിയിലാണ്. ഖുർആനിൽ പറയുന്ന സ്വർഗ്ഗത്തിന്റേയും നരകത്തിന്റേയും ആശയം ഇത് തന്നെയാണ്.

**ചോദ്യം : പുനർജന്മത്തെപ്പറ്റി ഇസ്‌ലാമിന്റെ വീക്ഷണമെന്താണ്? നമ്മൾ ജനിക്കുന്നതിന് മുമ്പേ നമ്മുടെ ആത്മാവ് നിലനിൽക്കുന്നുണ്ടോ? അങ്ങനെയാണെങ്കിൽ അവയ്ക്കു അവയുടെ മാതാപിതാക്കളെ തിരഞ്ഞെടുക്കാൻ കഴിയുമോ?**

**ഹ: മിർസാ ത്വാഹിർ അഹ്‌മദ് :** ഞങ്ങൾ പുനർജന്മത്തിൽ വിശ്വസിക്കുന്നില്ല. ആത്മാവ് സ്ഥിരമായി എന്നെന്നേക്കുമായി ദൈവത്തോടൊപ്പം ജീവിക്കുന്നുവെന്ന് നാം വിശ്വസിക്കുന്നില്ല. ഇത് പുരാണങ്ങളിലെ ഹിന്ദുവിശ്വാസമാണ്. പുരാണത്തിലെ തത്വങ്ങൾ പൂർണ്ണമായും മനസ്സിലാക്കിയിട്ടില്ല. അവർ അവരുടെ ബന്ധുക്കളുടേയും സ്നേഹിതന്മാരുടേയും ഇടയിൽ വീണ്ടും ജനിക്കുവാനും ജീവിക്കാനും ആശിക്കുന്നു. അവരുടെ ഉൽക്കടമായ ആഗ്രഹത്തിന്റെ അടിസ്ഥാനത്തിൽ ഈ പുരാണങ്ങളിൽ വിശ്വസിക്കാൻ അവർ അഭിലഷിക്കുന്നു.

സ്വതന്ത്രമായി നിലനിൽക്കുന്ന ഒരാത്മാവും ഇല്ല. എല്ലാ ആത്മാക്കൾക്കും ഒരു ശരീരമുണ്ട്. നമുക്കിവിടെയുള്ള ശരീരത്തിൽ നിന്നാണ് ആത്മാവ് ജനിക്കുന്നത്. എന്നാൽ ഒരിക്കൽ അവ ശരീരം ഉപേക്ഷിച്ചുകഴിഞ്ഞാൽ അവ ദൈവത്തിങ്കലേക്ക് പോകുന്നു. അവയ്ക്ക് ഭൂമിയിലേക്ക് മടങ്ങി വരുവാൻ നിർവ്വാഹമില്ല. അവ ദൈവത്തിങ്കലേക്ക് പോകയും അവ ഓരോന്നിന്റേയും ഭൂമിയിലെ പ്രവർത്തിയനുസരിച്ച് എന്തുവേണമെന്ന് അവൻ വിധിക്കുകയും ചെയ്യുന്നു. അതുകൊണ്ട് പരലോകത്തുനിന്ന് തിരിച്ചുവരവ് എന്നൊന്നില്ല. ഈസാനബി (യേശുക്രിസ്തു) കൈക്കൊണ്ട വിശ്വാസം ഇതായിരുന്നു. ദൈവപ്രോക്തമായ എല്ലാ മതങ്ങളുടേയും വിശ്വാസം ഇതു തന്നെയാണ്. ഇതിനെതിരെയുള്ളതെല്ലാം കല്പിതകഥയും ഉൽസാഹപൂർവ്വമായ ആഗ്രഹവും മാത്രമാണ്. അതാണതിന്റെ ചുരുക്കം.

*(The Review of Religions - March 2002)*

**തർജ്ജമ : അബ്ദുസ്സലാം, കൊച്ചി**

■

---

*(6-ൽ നിന്ന് തുടർച്ച)*

ര്യമാണിത്. ആത്മീയയോഗ്യതകളും സ്വർഗ്ഗീയാനുഗ്രഹങ്ങളും വിശ്വാസം മുഖേനയേ സംജാതമാവുകയുള്ളൂ. ഈ മാർഗ്ഗത്തിലെ യഥാർത്ഥത്തിലുള്ള തത്വമെന്താണെന്ന് വെച്ചാൽ വിശ്വാസവഴിയിലെ പ്രാഥമികഘട്ടത്തിലുള്ളയാൾ സർവ്വശക്തനായ ദൈവത്തിന്റെ സ്വാശ്രയത്വം അവ ന്റെ ശക്തി, അവന്റെ വാഗ്ദാനം, അവന്റെ താക്കീത്, അവനിൽ നിന്നുള്ള വെളിപാട്, അവന്റെ നിഗൂഢതകൾ എന്നിവയെ സംബന്ധിച്ചുള്ള നിരന്തരമായ സംശയങ്ങളും നിഷേധചിന്തകളും ഒഴിവാക്കേണ്ടതാണ്. വിശ്വാസത്തിന്റെ ഔന്നത്യം നിലനിർത്തിക്കൊണ്ട് അതിന്റെ ഉപാധികൾ പൂർത്തിയാക്കാൻ എല്ലാ വിശ്വാസവിഷയങ്ങളും മറ്റു വസ്തുതകളെപ്പോ ലെ എല്ലാവർക്കും പ്രത്യക്ഷത്തിൽ ദൃഷ്ടിഗോചരമാവുന്ന രീതിയിൽ സർവ്വശക്തനായ ദൈ വം പ്രകടിപ്പിക്കാറില്ല.

*(സുർമെ ചശ്മെ ആര്യ - റൂഹാനി ഖസായിൻ വാല്യം 2. പേ. 70-80.)* ■

മഹ്മൂദ് കൽക്കുളം

ലേഖനം

# ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) സമ്പൂർണ്ണ മാതൃക

**മനുഷ്യസമൂഹത്തെ സന്മാർഗ്ഗത്തിലേക്ക് നയിക്കാൻ അല്ലാഹു അയച്ച മുഹമ്മദ് നബി(സ) ആത്മീയവും ധാർമ്മികവുമായ മാനുഷ ഗുണങ്ങളുടെ സമ്പൂർണ്ണ മാതൃകയാണ്**

മാനുഷപൂർണ്ണതകളുടെ ജീവൽ പ്രതീകമാണ് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ). മഹനീയവും ധന്യവുമായ ജീവിതം കാഴ്ചവെച്ച അവിടന്ന്, തനിക്ക് പ്രദാനം ചെയ്യപ്പെട്ട കഴിവുകളോരോന്നും അതിന്റെ സമ്പൂർണ്ണതയിലെത്തിക്കുകയും ചെയ്തു. ബഹുമുഖങ്ങളായ തന്റെ ജീവിതാനുഭവങ്ങളിൽ മനുഷ്യത്വത്തിന്റെ ശ്രേയസ്കരമായ സകലധാർമ്മികഗുണഭാവങ്ങളും തികവുറ്റ നിലയിൽ അവിടന്ന് പ്രതിഫലിപ്പിച്ചുകാണിക്കുകയുണ്ടായി. കുറഞ്ഞ ജീവിതകാലയളവിന്നിടയിൽ എല്ലാതരം ജീവിതാനുഭവങ്ങളിലൂടെയും നബി(സ) തിരുമേനിക്ക് കടന്നുപോകേണ്ടിവന്നിട്ടുണ്ട്. അപ്പോഴെല്ലാം വ്യത്യസ്തങ്ങളായ സ്വഭാവമഹിമകളാണ് നബി (സ)യിൽ നിന്ന് വെളിപ്പെട്ടത്. തന്നിമിത്തം നാനാതുറകളിലുള്ള ആളുകൾക്കും അവിടത്തെ ജീവിതത്തിൽ ഉദാത്തമാതൃക ദർശിക്കാൻ സാധിക്കുന്നു. താൻ ലോകസമക്ഷം സമർപ്പിച്ച ജീവിതദർശനങ്ങൾ വ്യത്യസ്തങ്ങളായ ജീവിതാനുഭവങ്ങളിലൂടെ പ്രയോഗവൽക്കരിച്ച് വിജയം നേടുക മാത്രമല്ല അതിൽ സമുൽകൃഷ്ട മാതൃകയായിത്തീരുകയും ചെയ്തതിന് നബി(സ)യുടേതല്ലാത്ത മറ്റൊരുദാഹരണം കാണിക്കാനാർക്കുമാവില്ല.

## ദൈവാനുരക്തിയുടെ നിറപ്പാത്രം

തന്റെ സ്രഷ്ടാവായ സർവ്വാധിനാഥനോടുള്ള നിസ്സീമമായ അനുരക്തിയുടെ പ്രകടനങ്ങളാണ് നബി(സ) തിരുമേനിയുടെ ജീവിതത്തിലുടനീളം തെളിഞ്ഞുകാണുന്നത്. മുഹമ്മദ് തന്റെ റബ്ബിൽ അനുരക്തനായിപ്പോയിരിക്കുന്നുവെന്ന് ശത്രുക്കൾപ്പോലും ഏറ്റുപറയുന്ന രൂപത്തിൽ തീവ്രമായ ദൈവാനുരാഗത്തിന്റെ നിദർശനമായിരുന്നു അവിടത്തെ ജീവിതം. ദൈവത്തിന്റെ ഇഷ്ടവും ഇംഗിതവുമേതോ അത് മാത്രമാണ് തന്റെ ജീവിതകർമ്മങ്ങളിലൂടെ അവിടന്ന് പ്രകടമാക്കിയത്. ജീവിതത്തിലെ ഓരോരോ സന്ദർഭങ്ങൾക്കുമനുഗുണമായ രീതിയിൽ വിവിധയിനം പ്രാർത്ഥനകൾ പഠിപ്പിച്ചുതന്നുകൊണ്ട് ദൈവസ്മരണ സദാ നിലനിറുത്തുന്ന ഒരു രീതി അദ്ദേഹം കാണിച്ചുതന്നു. അഥവാ ദൈവസ്മരണയിൽ നിന്ന് മാറിനിൽക്കാനാവാത്ത വിധം ദൈവത്തോട് നന്ദികാണിക്കുവാൻ കടപ്പെട്ടവനാണ് മനുഷ്യനെന്ന യാഥാർത്ഥ്യം സ്വന്തം ജീവിതത്തിലൂടെ നബി(സ) സ്ഥാപിച്ചു കാണിച്ചു. രാത്രികളിൽ ദീർഘനേരം, പലപ്പോഴും കാലിൽ നീര് വരുവോളം അവിടന്ന് പ്രാർത്ഥനകളിൽ കഴിച്ചുകൂട്ടി. ഒരിക്കൽ പ്രിയപത്നി ഹദ്റത്ത് ആയിശാ (റ) ചോദിച്ചു: അല്ലയോ നബിയേ, താങ്കളുടെ കർമ്മങ്ങളെല്ലാം അല്ലാഹു സ്വീകരിക്കുകയും താങ്കൾക്കവൻ പൊറുത്തുതരികയും ചെയ്ത സ്ഥിതിക്ക് ഇനിയുമിങ്ങനെ വേവലാതിപ്പെടുന്നതെന്തിനാണ്? അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് കൂടുതൽ നന്ദി കാണിക്കാൻ ഞാൻ ബാദ്ധ്യസ്ഥനല്ലേ എന്നാണ് അവിടന്ന് നല്കിയ പ്രത്യുത്തരം. 13 വർഷക്കാലം തനിക്ക് കൊടിയ മർദ്ദനങ്ങൾ മാത്രം നല്കി നാട്ടിൽ നിന്ന് ആട്ടിയോടിക്കു

കയും തന്റെ സ്വന്തക്കാരും പ്രീതരുമായ അനുയായികളിൽ പലരെയും കുരുതി നടത്തുകയും ചെയ്ത ശത്രുക്കളുടെ തട്ടകമായ മക്കാനഗരത്തിൽ, അവസാനം നബി(സ) തിരുമേനി സർവ്വാധികാരിയായി പതിനായിരം വിശുദ്ധന്മാരോടൊപ്പം തിരിച്ചുചെന്നപ്പോൾ, ക്രൂരന്മാരായ ആ കശ്മലർക്കുപോലും മാപ്പുരുളുകയുണ്ടായി. പ്രതികാരചിന്തയിലല്ല, സർവ്വശക്തനായ ദൈവത്തിന് നന്ദി പ്രകാശിപ്പിക്കുന്നതിലായിരുന്നു അന്നേരം അവിടത്തെ മുഴുവൻ ശ്രദ്ധയും! ഈ വിജയഭേരി, മറ്റേതെങ്കിലും നേതാവിന്റേതായിരുന്നുവെങ്കിൽ ശത്രുക്കളെ സംബന്ധിച്ചിടത്തോളം കാളരാത്രിയാകുമായിരുന്നു. ലോകചരിത്രത്തിലെ തുല്യതയില്ലാത്ത വിജയാഘോഷം നടത്തുകയായിരുന്നു നബി(സ) തിരുമേനി. ശിരസ്സുയർത്താതെയുള്ള വിജയാഘോഷം! അഥവാ അങ്ങേയറ്റം വിനായാന്വിതനായി അല്ലാഹുവിന് സ്തുതികീർത്തനങ്ങളർപ്പിച്ചുകൊണ്ട് ഒട്ടകപുറത്ത് മുട്ടുവോളം അവിടത്തെ ശരിസ്സ് തദവസരത്തിൽ കുനിഞ്ഞുനിൽക്കുകയായിരുന്നു. ചുരുക്കത്തിൽ നബി(സ) തിരുമേനിയുടെ ജീവിതം തുടക്കം മുതൽ ഒടുക്കം വരെ തന്റെ രക്ഷിതാവിനോടുള്ള സ്നേഹാതിരേകം നിറഞ്ഞുതുളുമ്പുന്നതായിരുന്നു. അവിടന്ന് ഇപ്രകാരം വിളംബരപ്പെടുത്തി: *"പറയുക, എന്റെ നമസ്കാരവും എന്റെ ത്യാഗവും എന്റെ ജീവിതവും എന്റെ മരണവും സർവ്വ ലോകപരിപാലകനായ അല്ലാഹുവിനുള്ളതാകുന്നു."* (6:163) മരണാസന്നവേളയിലെ അസ്വാസ്ഥ്യം നിമിത്തം അങ്ങോട്ടുമിങ്ങോട്ടും മുഖംതിരിച്ചുകൊണ്ടിരുന്നപ്പോഴും അവിടന്ന് നല്കിയ ഉപദേശമിതായിരുന്നു: "ജൂതരും ക്രിസ്ത്യാനികളും ഏകനായ ഇലാഹിനെ കൈവിട്ടിരിക്കയാണ്. ഇത് കാരണം അല്ലാഹു അവരെ വെറുത്തിരിക്കുന്നു. അവർ തങ്ങളുടെ പ്രവാചകന്മാരുടെ മൃതകുടീരം ആരാധനാകേന്ദ്രങ്ങളാക്കി മാറ്റി. എന്നാൽ എന്റെ മൃതകുടീരം നി ങ്ങൾ ആരാധിച്ചു തുടങ്ങരുത്. നിങ്ങൾ ഏകനായ ഇലാഹിനെ മാത്രമെ ആരാധിക്കാവൂ." എന്റെ ഉന്നതനായ സ്നേഹിതന്റെ അടുക്കലേക്ക് എന്നാണ് നബി(സ) അവസാനമായി ഉരുവിട്ടത്.

## ദൈവത്തിന്റെ സംപ്രീതദാസൻ

ദൈവാനുരക്തിയിൽ ആഹുതി ചെയ്ത തന്റെ പ്രിയദാസനോട് തനിക്കുള്ള അതീവ സ്നേഹത്തെയും വിവിധ രീതിയിൽ വിശുദ്ധ ഖുർആനിലൂടെ ദൈവം വെളിപ്പെടുത്തുന്നുണ്ട്. ദൈവത്തിന്റെ പ്രീതദാസരിൽ അഗ്രിമസ്ഥാനത്ത് നിൽക്കുന്നത് ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) തിരുമേനിയാണ്. അവിടന്ന് സൃഷ്ടികുലോത്തമനും ആത്മീയാനുഗ്രഹങ്ങളുടെ വിളനിലവുമാണെന്ന് വിശുദ്ധ ഖുർആൻ വിളംബരപ്പെടുത്തുന്നു. മനുഷ്യന്റെ സൃഷ്ടിയുദ്ദേശ്യമായ ദൈവോപലബ്ധിക്ക് നബി(സ) തിരുമേനിയുടെ മാതൃകയെ അനുകരിക്കേണ്ടത് അനിവാര്യനിബന്ധനയാകുന്നു. ഇതുസംബന്ധമായി വിശുദ്ധ ഖുർആൻ പറയുകയാണ്: *"അല്ലാഹുവിന്റെ ദൂതനിൽ തീർച്ചയായും നിങ്ങൾക്ക് ഉത്തമമാതൃകയുണ്ട്. അതായത് അല്ലാഹുവിനെയും അന്ത്യനാളിനെയും ഭയപ്പെടുകയും അല്ലാഹുവിനെ അധികമായി സ്മരിക്കുകയും ചെയ്യുന്നവർക്ക്." (33:22)* *"പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. എന്നാൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ കുറ്റങ്ങൾ നിങ്ങൾക്ക് പൊറുത്തുതരുകയും ചെയ്യും. അല്ലാഹു സർവ്വഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു"* (3:32) തന്റെ സ്നേഹം കൈവരിക്കുവാൻ തന്റെ ദൂതനെ പിന്തുടർന്നു ജീവിക്കുക എന്ന ദിവ്യപ്രഖ്യാപനം നബി(സ) തിരുമേനിയ്ക്ക് ദൈവത്തിൽ നിന്നു ലഭിച്ച അതിമഹത്തായ അംഗീകാരം കൂടിയാകുന്നു. അല്ലാഹുവിനെ സ്നേഹിക്കുന്നുവെന്ന മനുഷ്യന്റെ വാദം അർത്ഥപൂർണ്ണമാകുന്നത്, നബി(സ) തിരുമേനിയെ പിൻപറ്റി ജീവിതം നയിക്കുമ്പോഴാണ്. നബി (സ) തിരുമേനിയുടെ അഗാധമായ ദൈവൈക്യബന്ധത്തെ ഒരു രംഗാവിഷ്ക്കരണം മുഖേന വിശുദ്ധ ഖുർആൻ ഇപ്രകാരം അനാവൃതമാക്കുന്നു. *"അദ്ദേഹം അത്യുന്നത ദിങ്മണ്ഡലത്തിലായിരിക്കവെ (അല്ലാഹു അദ്ദേഹത്തിന് തന്റെ വചനം പഠിപ്പിച്ചു.) പിന്നെ അദ്ദേഹം (അല്ലാഹുവിലേക്ക്) കൂടുതൽ അടുത്തു എന്നിട്ട് അദ്ദേഹം ഇറങ്ങി (മനുഷ്യകുലത്തിലേക്ക്). അങ്ങനെ അദ്ദേഹം രണ്ട് വില്ലുകളുടെ ഒരു വാർ പോലെ ആയിത്തീർന്നു. അല്ലെങ്കിൽ അതിനെക്കാൾ അടുത്ത സ്ഥിതിയിൽ."* (53:8-10) കേവലം തന്റെ ഇച്ഛയും അഭിലാഷങ്ങളുമാണ് നബി(സ) തിരുമേനി നിർവ്വഹിക്കുന്നതെന്ന് വെളിപ്പെടുത്തുന്നതിന് വേണ്ടി അവിടത്തെ പ്രവർത്തികളെ തന്റെ തന്നെ പ്രവർത്തികളായി ദൈവം വിശേഷിപ്പിച്ചുപറഞ്ഞിട്ടുണ്ട്. ബദർ യുദ്ധാവസരത്തിൽ, നബി(സ) തിരുമേനി ഒരു പിടി മണൽ ശത്രുഭാഗത്തേക്കെറിഞ്ഞപ്പോൾ അതൊരു കൊടുങ്കാറ്റായി മാറുകയായിരുന്നു. അങ്ങനെ ശത്രുക്കൾക്ക് ഗത്യന്തരമില്ലാതെ പിന്തിരിഞ്ഞോടേണ്ടിവന്നു. ഈ സംഭവത്തെ പറ്റി 'നീ എറിഞ്ഞപ്പോൾ അത് നീയല്ല എറിഞ്ഞത് അല്ലാഹുവാണ്' എന്നാണ് വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നത്. വിശ്വാസിക

ളുടെ കൈപ്പിടിച്ച് ബൈഅത്ത് (അനുസരണ പ്രതിജ്ഞ) വാങ്ങിയതിനെസ്സംബന്ധിച്ച് 'നിന്നോട് ബൈഅത്ത് വാങ്ങുന്നവർ അല്ലാഹുവിനോട് തന്നെയാണ് ബൈഅത്ത് വാങ്ങുന്നത് അവരുടെ കൈകൾക്ക് മീതെ അല്ലാഹുവിന്റെ കൈ ആണുള്ളത്' എന്നും അല്ലാഹു സാക്ഷ്യപ്പെടുത്തുകയുണ്ടായി.

## ദൈവത്തിലേക്കുള്ള മാർഗ്ഗദർശി

മനുഷ്യന് ചെന്നെത്താവുന്ന ആത്മീയതയുടെ ഗിരിശൃംഗങ്ങളിൽ വിരാജിക്കുന്നുണ്ടായിട്ടും അവിടന്ന് ഉദ്ഘോഷിച്ചത് *"തീർച്ചയായും ഞാനും നിങ്ങളെപോലുള്ള ഒരു മനുഷ്യൻ മാത്രമാണ്. നിങ്ങളുടെ ആരാധ്യൻ ഒരേയൊരു ആരാധ്യൻ മാത്രമാണെന്ന് എനിക്ക് സന്ദേശം നല്കപ്പെടുന്നുവെന്നാണ്."* (18:111) മറ്റു മതസ്ഥർ തങ്ങളുടെ മതഗുരുക്കന്മാരെ ഈശ്വരനോ, ഈശ്വരാംശമോ ആയിട്ടാണ് ചിത്രീകരിക്കുന്നത്. എന്നാൽ ജൈവികവും മാനുഷികവുമായ സവിശേഷതകളുള്ള വ്യക്തിക്ക് മാത്രമെ തന്നെപ്പോലുള്ള മറ്റു മനുഷ്യർക്ക് മാതൃകയാകാൻ സാധിക്കുകയുള്ളൂ. മാനുഷികമായ ഘടനയിലും സത്തയിലും സൃഷ്ടിക്കപ്പെട്ടവർക്ക് ഒരസ്തിത്വത്തെ പിൻപറ്റി ജീവിക്കാനാവുമെന്ന വാദം തികച്ചും ബുദ്ധിശൂന്യമാകുന്നു. ദൈവം മനുഷ്യന് പ്രദാനം ചെയ്തിരിക്കുന്ന പ്രാപ്തികളെല്ലാം അതിന്റെ തികവിലെത്തിച്ചുകൊണ്ട് പരമോന്നതപദം പ്രാപിച്ച സമ്പൂർണ്ണ മനുഷ്യനാണ് (ഇൻസാനെ കാമിൽ) ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ). അവിടന്ന് തന്റെ ഉപദേശങ്ങളിലും പ്രവൃത്തികളിലും ദൈവത്തിന്റെ ഏകതാവിലാസം ഉയർത്തിക്കാട്ടുകയും മനുഷ്യന് ദിവ്യത്വം കല്പിക്കുന്ന ചിന്താഗതികളിലേക്ക് വഴുതിപ്പോകുന്നതിനെസ്സംബന്ധിച്ച് ജാഗ്രതപ്പെടുത്തുകയും ചെയ്തു. പൂർവ്വപ്രവാചകന്മാർ മുഖേന പല അത്ഭുതങ്ങളും വെളിപ്പെട്ടിരുന്നുവെന്നും സൂര്യന്റെ ചലനം നിർത്തിക്കാണിക്കുക, ചന്ദ്രന്റെ ഭ്രമണം നിശ്ചലമാക്കുക, ജലപ്രവാഹം തടഞ്ഞുനിറുത്തുക തുടങ്ങിയ അത്ഭുതകൃത്യങ്ങൾ അവർ കാണിച്ചിരുന്നു എന്നുമുള്ള ഒരു ധാരണ നബി(സ)യുടെ കാലത്ത് പ്രചരിതമായപ്പോൾ ഇതെല്ലാം അടിസ്ഥാനരഹിതങ്ങളാണെന്ന് അവിടന്ന് അനുചരവൃന്ദത്തെ ഉണർത്തുകയുണ്ടായി. പുണ്യഗ്രന്ഥങ്ങളിൽ വിവരിക്കപ്പെട്ട ഇത്തരം അത്ഭുതപ്രവൃത്തികൾ ആലങ്കാരികമോ അന്ധവിശ്വാസങ്ങളോ ആണെന്ന് അവിടന്നു പഠിപ്പിച്ചു. തന്റെ രണ്ടര വയസ്സുള്ള ഓമനപുത്രൻ ഇബ്റാഹീം മരണപ്പെട്ട ദിവസം സൂര്യന് ഗ്രഹണം ബാധിച്ചിരുന്നു. അന്നേദിവസം സൂര്യഗ്രഹണമുണ്ടായത് നബി(സ) തിരുമേനിയുടെ പ്രിയമകന്റെ ചരമത്തിൽ, അനുശോചനമെന്ന നിലയിൽ വെളിപ്പെട്ട പ്രകൃതിപ്രതിഭാസമാണെന്ന വിചാരം മുസ്ലിംകൾക്കിടയിൽ പരന്നപ്പോൾ നബി(സ) തിരുമേനി അങ്ങേയറ്റം അനിഷ്ടം പ്രകടിപ്പിച്ചുകൊണ്ട് സൂര്യന്റെയും ചന്ദ്രന്റെയും മറ്റുഗോളങ്ങളുടെയും ചലനങ്ങൾ നടക്കുന്നത്, ദൈവത്തിന്റെ നിശ്ചിത നിയമമനുസരിച്ചാണ്. ആരുടെയെങ്കിലും മരണവുമായും ജീവിതവുമായി അതിനെ ബന്ധിപ്പിക്കാൻ പാടില്ലെന്ന് ഉദ്ബോധിപ്പിക്കുകയുണ്ടായി. മനുഷ്യരിൽ വെച്ച് ഏറ്റവും കൂടുതൽ സൽകർമ്മങ്ങൾ ചെയ്യാൻ സൗഭാഗ്യം ലഭിച്ചത് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിക്കാണ്. അവിടന്ന് ചെയ്ത മഹൽകൃത്യങ്ങൾ മറ്റാർക്കും ചെയ്യാൻ സാധിക്കാത്തത്രയും സമുന്നതവും വിപുലവുമാകുന്നു. ആ മഹനീയ കർമ്മങ്ങളെ സർവ്വശക്തനായ ദൈവം പ്രകീർത്തിച്ചുപറഞ്ഞിട്ടുണ്ട്. എന്നാൽ ഇത്രയും സമുന്നത സ്ഥാനത്ത് വിരാജിക്കുന്നുണ്ടായിട്ടും നബി(സ) തിരുമേനി ഒരിക്കലും തന്റെ കർമ്മങ്ങളിൽ അഹങ്കരിക്കുകയോ ആശ്രയമർപ്പിക്കുകയോ ചെയ്തിരുന്നില്ല. മറിച്ച് അങ്ങേയറ്റം വിനയാന്വിതനും അത്യധികം വികാരഭരിതനുമായികൊണ്ട് ദൈവസവിധത്തിൽ സദാ നന്ദികാണിക്കുന്നതിൽ വ്യാപൃതനാകുകയാണ് അദ്ദേഹം ചെയ്തത്. ഒരിക്കൽ, അങ്ങയുടെ കർമ്മങ്ങൾ അങ്ങയെ സ്വർഗപ്രാപ്തനാക്കുകയില്ലേ എന്ന അനുചരന്റെ ചോദ്യത്തിന്, ഒരിക്കലുമില്ല, ദൈവാനുഗ്രഹത്തിന്റെയും അവന്റെ കാരുണ്യത്തിന്റെയും പുതപ്പ് കൊണ്ട് ആവരണം ചെയ്യപ്പെടുമെങ്കിൽ മാത്രമെ ഞാനും സ്വർഗപ്രാപ്തനാകുകയുള്ളൂ എന്നാണ് നബി(സ) തിരുമേനി പ്രതിവചിച്ചത്. ചുരുക്കത്തിൽ, ആഭാസകരവും ലജ്ജാകരവുമായ പാപകർമ്മങ്ങളിൽ മുഴുകിയിരുന്ന ഒരു ജനതയെ അവിടന്ന് യുക്തിപൂർവ്വകവും യഥോചിതവുമായ മാർഗ്ഗദർശനങ്ങൾ നല്കി ദൈവജ്ഞാനം സിദ്ധിച്ച അവന്റെ യഥാർത്ഥ ദാസരായി വാർത്തെടുക്കുകയുണ്ടായി.

## കാരുണ്യത്തിന്റെ നിറകുടം

സഹജീവികളോട് നബി(സ) തിരുമേനി കാണിച്ചിരുന്ന സഹാനുഭൂതിയും കാരുണ്യവും നിരുപമമായിരുന്നു. മനുഷ്യവംശത്തിന് ക്ഷേമവും നന്മയും വരുത്തുന്നതിന്, സ്വജീവൻ പോലും സമർപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളിൽ അവിടന്ന് മുഴുകി. ജനങ്ങളുടെ ദുഃഖങ്ങളും വേദനകളും സ്വന്തം

***(ശേഷം 24-ൽ)***

ലേഖനം

ആസിം അഹ്മദ് കളിയിക്കാവിള

# മരണവും മരണാനന്തരജീവിതവും

## മരണാനന്തരജീവിതത്തിന്റെ പ്രഹേളിക അനാവരണം ചെയ്യാൻ ശാസ്ത്രത്തെ കൊണ്ടാവില്ല. അക്കാര്യത്തിൽ മതങ്ങളാണ് വ്യക്തത നൽകുന്നത്.

വാസ്തവത്തിൽ നാം കാണുന്ന എല്ലാമെല്ലാം നശ്വരമാണ്. അതായത്, അതിബൃഹത്തും ആഴമുള്ളതും വിസ്തൃതവുമായ ഈ പ്രപഞ്ചവും അതിൽ ദൃശ്യവും അദൃശ്യവുമായി നിലകൊള്ളുന്ന ഗഹനവും ഗംഭീരവുമായ അഖിലചരാചരങ്ങളും ക്ഷണഭംഗുരമാണ്. തീർത്തും അസ്ഥിരമായ നമ്മുടെ ദുൻയാവിൽ മറ്റ് സർവ്വവിധ സൃഷ്ടിജാലങ്ങളെയും അപേക്ഷിച്ച് ധൈഷണികതയുടെയും ഉൽകൃഷ്ടസവിശേഷതയുടെയും പ്രതീകമായി പടയ്ക്കപ്പെട്ടിരിക്കുന്നവനാണല്ലോ മനുഷ്യൻ. എന്നാൽ, ആ സമുന്നതമായ സൃഷ്ടിയുടെ ജീവിതകാലാവധിയാണെങ്കിലോ?, അത് തികച്ചും ഹ്രസ്വകാലവും.

ഒരു തുച്ഛമായ കാലയളവ് ഈ ജഗത്തിനുള്ളിൽ ചെലവിടുന്ന തരത്തിൽ പ്രകൃതാവസ്ഥയിൽ മനുഷ്യായുസ്സ് ഒടുങ്ങുന്നതാണ്. എഴുപത്തിരണ്ടായിരം നാഡിഞരമ്പുകളും മാംസവും മജ്ജയും രക്തവും 55 ശതമാനം കാർബണും 23 ശതമാനം ഓക്സിജനും 14 ശതമാനം നൈട്രജനും 7 ശതമാനം ഹൈഡ്രജനും ഒരു ശതമാനം ഗന്ധകവും ഇരുമ്പും പൊട്ടാസ്യവും സോഡിയവുമെല്ലാം കൂടിച്ചേരുന്ന അസംസ്കൃത പദാർത്ഥങ്ങളാൽ സ്വരൂപിതനായിരിക്കുന്ന മനുഷ്യൻ, തന്റെ ജനനം തുടങ്ങി ശൈശവം ബാല്യം കൗമാരം യൗവ്വനം വാർദ്ധക്യം എന്നീ പരിവർത്തനവൃത്തം പൂർത്തിയാക്കി മരണത്തിന് കീഴടങ്ങേണ്ടവനാണ്. ആ രീതിയിലാണ് അവന്റെ ശരീരഘടന.

പ്രസ്തുത നിബന്ധനയ്ക്ക് വിധേയനായി വർത്തിക്കാതെ മരണത്തെ അതിജീവിക്കുവാനോ, ചിരകാല ജീവിതം കെട്ടിപ്പടുക്കുവാനോ ഭൂതലത്തിലാവിർഭവിച്ച ഒരു മനുഷ്യനും അശേഷം നിർവ്വാഹമില്ലെന്നത് അനിഷേധ്യമായൊരു മനുഷ്യോൽപ്പത്തിയുടെ സമാരംഭകാലം തുടങ്ങി ഇന്നോളം ഒരു തരത്തിലുള്ള വ്യതിക്രമങ്ങൾക്കും ലക്ഷ്യമാകാതെ, ശാശ്വതമായി ചരിക്കുന്ന പ്രകൃതി നിയമത്തിന്റെ ഗഗനവും നിഷ്ഠവുമായ വസ്തുതയുമാണത്.

എന്നാലിവിടെ സ്വാഭാവികമായും നമ്മെ തട്ടിയുണർത്തുന്ന മൗലികമായ വിഷയമാകട്ടെ മരണാനന്തരം മനുഷ്യനെന്തു സംഭവിക്കുന്നു എന്നതാണ്. യഥാർത്ഥത്തിൽ മരണം മനുഷ്യാസ്തിത്വത്തിന്റെ അന്തിമതലമാണോ? അതോ ദേഹവിയോഗാനന്തരം അവന് മറ്റൊരു ജീവിതത്തെ അഭിമുഖികരിക്കേണ്ടതുണ്ടോ ?

പൗരാണിക-ആധുനിക ജനതകളിൽ സിംഹഭാഗത്തേയും അടിമുടിയിളക്കിമറിച്ചതും അനവരതം അവരെ ചിന്താനിമഗ്നരാക്കിയതും ഒരിക്കൽ അല്ലെങ്കിൽ വേറൊരിക്കൽ ആശങ്കയുടെ അഗാധഗർത്തങ്ങളിലേക്കവരെ കൊണ്ടെത്തിച്ചതുമായ ഒരു സജീവ പ്രഹേളിക കൂടിയാണ് മരണാനന്തരജീവിതം.

### ശാസ്ത്ര ലോകത്തിന്റെ നിസ്സംഗത

മരണാന്തര സമസ്യക്ക് ഒരുത്തരം യുക്തിപരമായ ശാസ്ത്രലോകത്തിന് ഇന്നോളം നൽകുവാൻ കഴിഞ്ഞിട്ടില്ല. വിദൂര ഭാവിയിലെങ്കിലും അതിന് കഴിയുമെന്ന് മരണാനന്തര ജീവിതം കേവലം വ്യർത്ഥവും സാങ്കല്പികവുമാണെന്നുള്ള ആ അവകാശവാദത്തിനു പോദ്ബലകമായി ഇക്കൂട്ടർ സമർപ്പിക്കുന്ന ആധാരങ്ങളാകട്ടെ, തികച്ചും അസ്വീകാര്യവും അപൂർണ്ണവും യുക്തിതീണ്ടാത്തതുമാണ്.

ലളിതമായി പറഞ്ഞാൽ ശരീരത്തിലുള്ള സർവ്വ

കോശങ്ങളിലും ഊർജ്ജം ഉല്പാദിപ്പിക്കപ്പെടുന്നു. ഓക്സിജനുമായുള്ള ഈ രാസപ്രവർത്തനം നടക്കുന്നത് ശരീരത്തിലെ രക്തചംക്രമണവും ശ്വാസോച്ഛ്വാസവും മുഖാന്തിരവുമാണ്. ശ്വാസോച്ഛ്വാസവും രക്തചംക്രമണവും നിലച്ച് ശരീരം നിർജീവമാകുമ്പോൾ യാതൊന്നും പുറത്തേക്ക് പോകുന്നില്ല. നിർജീവദേഹം പുനർജീവി പ്പിക്കപ്പെടുകയാണെങ്കിൽ പോലും വേർപ്പെട്ടുപോ യെന്നു കരുതുന്ന യാതൊന്നും തന്നെ പുനർപ്രവേശിക്കപ്പെടുന്നില്ലെന്നുമാണ് മരണാനന്തരജീവിത്തെ നിഷേധിക്കുന്നവർ പറയുന്നത്.

മാത്രമല്ല, നാഡിവ്യൂഹത്തിന്റെ ഒരു വൈദ്യുത-രാസപ്രവർത്തനം മാത്രമാണ് മനസ്സ്. നാഡീവ്യൂഹപ്രവർത്തനം നിലക്കുന്നതോടെ ബോധമനസ്സും നിലക്കുന്നു. യാതൊന്നും പിന്നീട് അതിജീവിക്കുന്നില്ല എന്നാണ് പരലോക നിഷേധികൾ പറയുന്നത്. ശ്വാസോച്ഛ്വാസത്തിന്റെ വിരാമം ജീവിതത്തിന്റെയും മനസ്സിന്റെയും അവസാനമാണ്. ശരീരത്തിൽ നിന്ന് വേറിട്ടു പ്രവർത്തിക്കുവാൻ കഴിയുന്ന ഒന്നല്ല ആത്മാവ്. ശരീരത്തിന്റെ പദാർത്ഥനിരതമായ ഒരു ഗുണം മാത്രമാണത്. ശരീരത്തിന്റെ നാശത്തോടെ ആത്മാവും നശിക്കുകയാണ് ചെയ്യുക. ചുരുക്കത്തിൽ മരണാനന്തര ജീവിതമെന്നത് തികച്ചും അർത്ഥരഹിതവും അടിസ്ഥാനമില്ലാത്തതുമായ വിശ്വാസം എന്നതാണ് നിഷേധികളുടെ വാദഗതിയുടെ സംക്ഷിപ്തം.

ഉപര്യുക്ത അവകാശവാദം ഭാഗികമായി മനുഷ്യന്റെ മരണംവരെയെത്തി നിൽക്കുന്ന ഒരു ജൈവ ശാസ്ത്ര യാഥാർത്ഥ്യമാണെന്നത് നേരാണ്. എന്നാലിവിടെ ഉത്തരമാരായേണ്ട പ്രശ്നം, മനുഷ്യൻ മരണവിധേയനാണോ അല്ലയോ ? എന്നതല്ല, മറിച്ച്, മരണാനന്തരമവന് ഇനിയുമൊരു ജീവിതമുണ്ടോ ഇല്ലയോ എന്നതാണ്. ഈ പ്രബലവും വ്യക്തവുമായ ചോദ്യത്തിന് യുക്തിസഹവും പ്രാമാണികവും സ്വീകാര്യയോഗ്യവുമായ ഉത്തരം നൽകുന്നതിനു പകരം മനുഷ്യന്റെ മരണം വരെയുള്ള, സുപരിചിത മായ ഒരു ജീവശാസ്ത്ര തത്ത്വത്തെ ചൂണ്ടിക്കാണിച്ച് അതിനപ്പുറത്തുള്ള സമസ്യക്കുത്തരം കണ്ടെത്തിയെന്നു ഇക്കൂട്ടർ ഭാവിക്കുകയും പരസ്യപ്പെടുത്തുകയും ചെയ്യുന്നതിനു പിന്നിലെ ആശയദാരിദ്ര്യം വളരെ വ്യക്തമാണ്.

അതായത്, ഡൽഹി ലക്ഷ്യമാക്കി ട്രെയിനിൽ കയറി, ഇടക്കെവിടെയോ ഇറങ്ങി ഇത് ഡൽഹിയല്ലെന്ന് പറഞ്ഞ് പരിദേവനം നടത്തുന്ന ഹതബുദ്ധിയായ ഒരുവന്റെ ശോചനീയാവസ്ഥയിൽ നിന്നു വ്യത്യസ്തമല്ല ഇത്തരം വിശദീകരണങ്ങൾ.

പ്രത്യക്ഷമായ ചില ഉദാഹരണങ്ങളിലൂടെ പരോക്ഷമായ വസ്തുതയെ അളന്നു തിട്ടപ്പെടുത്തുന്ന തത്ത്വസമർത്ഥന രീതി എങ്ങനെയാണ് പൂർണ്ണമായും ശാസ്ത്രീയമാവുക?

വാസ്തവത്തിൽ ശാസ്ത്രം അതിന്റെ പരിമിതികളെ തിരിച്ചറിയുകയാണ് വേണ്ടത്. ശാസ്ത്രം ഭൗതികാസ്തിത്വമുള്ള വസ്തുക്കളുടെ അനുഭവജ്ഞാനപരമായ പഠനമാണ്. അതിനപ്പുറം ഉണ്മയും അസ്തിത്വവുമുള്ള യാഥാർത്ഥ്യങ്ങളുണ്ട്. പഞ്ചേന്ദ്രിയങ്ങളുടേയും ശാസ്ത്രത്തിന്റെ ഉപകരണങ്ങളുടേയും പരിമിതി മൂലം അപ്രാപ്യമായ ഭൗതിക വസ്തുക്കൾ തന്നെ ഉണ്ടെന്നിരിക്കെ സൂക്ഷ്മലോകത്തെക്കുറിച്ച് വിധിപറയാൻ പൂർണ്ണമായും ശാസ്ത്രത്തെ അവലംബിക്കുന്നത് യുക്തിസഹമല്ല. മരണവും പരലോകജീവിതവും അത്തരം വിഷയങ്ങളാണ്.

## ദിവ്യവെളിപാടും, സന്ദേശവാഹകരും

ദിവ്യവെളിപാടുകളാണ്; സർവ്വ ദൈവികമതങ്ങളുടെയും പ്രഭവസ്ഥാനം. ഇവിടെ ആധുനിക തത്ത്വശാസ്ത്രങ്ങൾക്കോ ഭൗതികവിജ്ഞാനങ്ങൾ ക്കോ കടന്നുചെല്ലാൻ മേലാത്ത നിഗൂഢവും സങ്കീർ ണ്ണവുമായ മേഖലയിൽ നിന്നാണ് ദിവ്യവെളിപാടുകൾ പ്രവഹിക്കുന്നത്. മനുഷ്യ സൃഷ്ടിയുടെ ആവിർഭാവം തുടങ്ങി പരാത്രിക ജീവിത യാഥാർത്ഥ്യം വരെയുള്ള ഗഹനവും ഗൗരവതരവുമായ പ്രശ്നങ്ങളുടെ മറ നീക്കി ശരിയായ ചിത്രം വെളിപാടുകളിലൂടെ സമർപ്പിക്കപ്പെട്ടിട്ടുണ്ട്.

രൂഢവും സ്പഷ്ടവുമായ വെളിപാടുകളുമായി തുടരെത്തുടരെ സന്ദേശവാഹകൻമാരിവിടെ വന്നുപോയിട്ടുണ്ട്. അവരുടെ വിശുദ്ധ സാന്നിധ്യം സർവ്വദേശങ്ങളിലും വിവിധസമുദായങ്ങളിലും ആഴമായി സ്പർശിച്ചിട്ടുണ്ട്. സാരവത്തും സംശുദ്ധവുമായ അവരുടെ അദ്ധ്യാപനങ്ങളിൽ ദൈവത്തിന്റെ ഏകത്വത്തേയും മരണാനന്തരജീവിതത്തേയും കുറിച്ച് അവിശ്രമം ജനതകളെ ഉദ്ബോധിക്കാൻ എക്കാലത്തും ശ്രമിച്ചിട്ടുണ്ട്. ആ പവിത്ര ദൗത്യ നിർവ്വഹണത്തിന് കാലവും ചരിത്രവും മതിവരുവോളം സാക്ഷിയുമാണ്.

## സജീവ മാർഗ്ഗവും വാഗ്ദത്ത ലോകരക്ഷകനും

അന്ത്യനാൾവരെ ദൈവിക സംരക്ഷണവലയത്തിൽ ചരിക്കുന്നതും മാനവവർഗ്ഗത്തിന്റെ മുക്തി

ക്കായി ഭൂതലത്തിലിന്നവശേഷിക്കുന്നതുമായ ഏക സജീവ മാർഗ്ഗമാണ് ഇസ്‌ലാം. ആ ദീനുൽ ഇസ്‌ലാമിന്റെ പുനരുദ്ധാരണാർത്ഥം ഇക്കാലഘട്ടത്തിൽ അവതരിച്ച വാഗ്ദത്ത ലോകരക്ഷകനാണ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ).

മതവിശ്വാസികളടക്കം ബഹുഭൂരിപക്ഷം ജനതകളെയും അലട്ടിക്കൊണ്ടിരുന്ന മരണാനന്തര ദുരൂഹതയുടെ തിരശ്ശീലയെ, വിശുദ്ധ ഖുർ-ആന്റെ പ്രകാശത്താൽ ആ മഹാത്മാവ് അനാച്ഛാദനമാക്കുകയും അറിവോ അക്ഷരജ്ഞാനമോ തീണ്ടാത്തവർക്കു പോലും ഉൾക്കൊള്ളുവാൻ കഴിയുംവിധം മരണാനന്തരജീവിതയാഥാർത്ഥ്യത്തെ തീർത്തും യുക്തി ഭദ്രവും തൃപ്തികരവുമായ നിലയിൽ അവിടന്ന് വ്യക്തമാക്കുകയുണ്ടായി.

ഹദ്റത്ത് അഹ്മദ് (അ) പറയുന്നു

"മരണാനന്തര സ്ഥിതി കേവലം നവ്യമായ ഒര വസ്ഥയല്ല; അത് യഥാർത്ഥത്തിൽ ഐഹിക ജീവിതത്തിലെ നമ്മുടെ ആത്മീയ സ്ഥിതിയുടെ സംപൂർണ്ണവും സംസ്ഫുടവുമായ പ്രതിഫലന മാകുന്നു. ഇഹത്തിൽ മനുഷ്യന്റെ മതവിശ്വാസങ്ങളുടെയും കർമ്മങ്ങളുടെയും ശുഭാശുഭസ്ഥിതികൾ അവനിൽ ഗോപ്യമായിരിക്കുകയും അവയുടെ ഗുണകരമോ ദോഷകരമോ ആയ സ്വാധീനഫലം അവനിൽ നിഗുഢമായി പ്രവർത്തിക്കുകയും ചെയ്യുന്നു. പരലോകത്താകട്ടെ. അതുകളെല്ലാം പ്രത്യക്ഷഗോചരമായിരിക്കുന്നതാണ്. ഇതിലേക്ക് സ്വപ്നാവസ്ഥയിൽ നമുക്ക് ദൃഷ്ടാന്തം കാണാം. മനുഷ്യന്റെ ദേഹകുറുകളിൽ യാതൊന്നു മൂർച്ചിക്കുന്നുവോ അതിനനുസരിച്ചുള്ള ശാരീരിക സ്ഥിതി അവന് സ്വപ്നത്തിൽ വെളിപ്പെടാറുണ്ട്. കഠിനമായ പനി ബാധിക്കാൻ പോ കുമ്പോൾ അഗ്നിയോ അഗ്നിജ്വാലയോ ദൃശ്യമാകാം. കഫജ്വരമോ ജലദോഷമോ ഉണ്ടാകുമ്പോൾ തന്നത്താൻ വെള്ളത്തിലകപ്പെട്ടിരിക്കുന്നതായി കാണാവുന്നതാണ്. ചുരുക്കത്തിൽ, ഏതുതരം രോഗത്തിനുള്ള മാറ്റം ദേഹ്യപ്രകൃതിയിൽ ഉണ്ടായി വരുന്നുവോ അതിനനുസരിച്ച സ്ഥിതി ഉപ മാരുപേണ സ്വപ്നത്തിൽ കാണുമാറാകുന്നു. ഇപ്ര കാരം ആഭ്യന്തര സ്ഥിതിയെ പ്രത്യക്ഷത്തിൽ കാണിച്ചു തരുന്ന ഈ സ്വപ്നാവസ്ഥയെക്കുറിച്ച് ചിന്തിച്ചാൽ, ഏതാണ്ട് ഇതേ തരത്തിലുള്ള അവസ്ഥയാണ് പാര ത്രിക ജീവിതത്തിൽ വെളിപ്പെടുക എന്നു മനസ്സിലാക്കു വാൻ പ്രയാസമില്ല. സ്വപ്നം നമ്മിൽ പ്രത്യേകതര ത്തിലുള്ള ഒരു മാറ്റം വരുത്തി തീർത്തുകൊണ്ട് ആന്തരികമായ ആത്മസ്ഥിതികളെ ജഡരൂപത്തിൽ കാണിച്ചു തരുന്നു. അപ്രകാരം ഐഹിക ജീവിത ത്തിലെ നമ്മുടെ ആത്മീയ അവസ്ഥ പരലോകത്ത് പ്രത്യക്ഷഗോചരമായിരിക്കുന്നതാണ്. അതായത്, നമ്മുടെ കർമ്മങ്ങളും കർമ്മഫലങ്ങളും ഇവിടെ സാകാരം പ്രത്യക്ഷപ്പെടുന്നതായിരിക്കും. ഇങ്ങനെ ഈ ലോകത്ത് പരോക്ഷമായി സ്ഥിതി ചെയ്തിരുന്ന നമ്മുടെ ആത്മീയ സമ്പാദ്യങ്ങളെല്ലാം മറുലോകത്ത് നമുക്ക് പ്രത്യക്ഷസിദ്ധമായിരിക്കുന്നതാണ്." (ഇസ്‌ലാം മത തത്ത്വജ്ഞാനം)

ഐഹിക ജീവിത്തിന്റെ തുടർച്ചയെന്നോണം മറ്റൊരു ജീവിതത്തിലേക്കുള്ള മനുഷ്യന്റെ സ്വാഭാവികമായ പരിണാമമാണ് പമാർത്ഥത്തിൽ മരണം അതിൽ അസാധാരണമായിട്ടേതുമില്ല. ഒരാൾ മരണ പ്പെട്ടു എന്നതുകൊണ്ട് താല്പര്യമാക്കേണ്ടതുതന്നെ സ്ഥൂല ശരീരത്തെ വർജ്ജിച്ച് സൂക്ഷ്മ ഉടലുമായി വേറൊരു ജീവിതത്തിനാരംഭം കുറിച്ചു എന്നാണ്. അതാകട്ടെ, കേവലം പുതുമയർഹിക്കാത്തതും കഴിഞ്ഞു കടന്ന ജീവിതക്രമങ്ങളുടെ പ്രതിച്ഛായയുമാണ്. അതായത്, മനുഷ്യന്റെ നല്ലതോ തിയതോ  ആകുന്ന ഈലോക പ്രവർത്തനപരിവേഷത്തിന്റെ ആന്തരിക സ്വാധീന ഫലത്താൽ ഉളവാകുന്ന ഒരു ജീവിത തുടർച്ച മാത്രമാണത്. ■

## സ്വപ്നങ്ങൾ

അബൂസഈദ് (റ)യിൽ നിന്നു നിവേദനം തിരുമേനി(സ) ഇങ്ങനെയരുളി: 'നിങ്ങളിൽ വല്ലവനും താനിഷ്ടപ്പെടുന്ന തരത്തിലുള്ളൊരു സ്വപ്നം കണ്ടുവെന്നിരിക്കട്ടെ. തീർച്ചയായും അത് അല്ലാഹുവിങ്കൽ നിന്നുള്ളതാണ്. അതിന്റെ പേരിൽ അവൻ അല്ലാഹുവിനെ സ്തുതിക്കുകയും അതിനെകുറിച്ച് മറ്റുള്ളവരോട് പറയുകയും ചെയ്യട്ടെ. വല്ലവനും താൻ വെറുക്കുന്ന തരത്തിലുള്ളൊരു സ്വപ്നം കണ്ടു എങ്കിൽ തീർച്ചയായും അത് പിശാചിൽ നിന്നുള്ളതാണ്. അത് മൂലമുണ്ടായേക്കാവുന്ന നാശത്തിൽ നിന്നും അവൻ അല്ലാഹുവിങ്കൽ അഭയം തേടുകയും മറ്റാരോടും അതിനെക്കുറിച്ച് പറയാതിരിക്കുകയും ചെയ്യട്ടെ. അങ്ങനെ ചെയ്യുന്നപക്ഷം ആ സ്വപ്നം കാരണം അവന് യാതൊരു ദോഷവും സംഭവിക്കുകയില്ല. ***(ബുഖാരി)***

ലേഖനം

പി.എ. മുഹമ്മദ് സലീം
കൊടുങ്ങല്ലൂർ

മുബാഹലയുടെ ദൃഷ്ടാന്തം 'പ്രബോധന'ത്തിനുള്ള മറുപടി - 10

# സ്വന്തം കുഴിയിൽ വീണ 'ജമാഅത്തെ ഇസ്‌ലാമി'

**തീവ്രവാദവും ഭീകരവാദവും പ്രചരിക്കുമ്പോൾ അതെല്ലാം തങ്ങളുടെ സായുധ ജിഹാദീ സിദ്ധാന്തങ്ങളുടെ സ്വാധീനം കൊണ്ടാണെന്ന് അഭിമാനിച്ചിരുന്ന ജമാഅത്തെ ഇസ്‌ലാമി സ്വയം കുഴിച്ച കുഴിയിൽ വീഴുകയായിരുന്നു.**

ജമാഅത്തെ ഇസ്‌ലാമി പണ്ഡിതന്മാർ, എഴുതി വിട്ട പ്രസ്താവനകളും ആരോപണങ്ങളും സത്യമാണെങ്കിൽ തെളിവു സമർപ്പിക്കുവാൻ കഴിഞ്ഞ ലക്കത്തിൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രബോധനവും, മാധ്യമവും ഇത് വരെ പ്രതികരിച്ചിട്ടില്ല. കളവ് പറയുക എന്ന കുറ്റം മാത്രമല്ല 'ജമാഅത്തെ ഇസ്‌ലാമി' ചെയ്തുകൊണ്ടിരിക്കുന്നത്. മറ്റുള്ളവരുടെ മേൽ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കുക എന്ന അതിക്രൂരമായ പ്രവർത്തനവും അവർ ചെയ്തുകൊണ്ടിരിക്കുന്നു. എന്നാൽ അവർ പറഞ്ഞത് അവർക്ക് തന്നെ വിനയായിരിക്കുന്നുവെന്നും അവർ കുഴിച്ച കുഴിയിൽ അവർ തന്നെ വീണിരിക്കുന്നുവെന്നുമാണ് നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നത്. 22-2-2010-ലെ മാധ്യമത്തിൽ സി. ദാവൂദ് എഴുതി: "തങ്ങൾ തീവ്രവാദിസംഘടനയല്ല എന്ന് ദിനേന സത്യവാങ് മൂലം സമർപ്പിക്കേണ്ട ഗതികേടിലേക്ക് മുസ്‌ലിം സംഘടനകൾ എത്തിക്കഴിഞ്ഞു."

എന്നാൽ, മുസ്‌ലിം ലീഗ് തീവ്രവാദി സംഘടനയാണെന്ന് കേരളക്കരയിൽ ഇത് വരെയും ആരും ആരോപിച്ചതായി കേൾക്കാൻ കഴിഞ്ഞിട്ടില്ല. കേരളത്തിലെ മറ്റ് മുസ്‌ലിം സംഘടനകളെക്കുറിച്ചും തീവ്രവാദി സംഘടനകളെന്ന് ആരും ആരോപിച്ചിട്ടില്ല. തീവ്രവാദി സംഘടനകളായി കേരളക്കരയിൽ ആരോപണവിധേയമായ മുസ്‌ലിം സംഘടന ജമാഅത്തെ ഇസ്‌ലാമിയും അതിന്റെ ആശയങ്ങൾ വെച്ച് പുലർത്തുന്ന മറ്റിതര സംഘടനകളുമാണ്. ഈ കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. എന്ന് മാത്രമല്ല, 8-4-2010-ൽ കോഴിക്കോട് ടൗൺഹാളിൽ സംഘടിപ്പിച്ച മതം, മതരാഷ്ട്രീയം, ജമാഅത്തെ ഇസ്‌ലാമി എന്ന പേരിൽ നടന്ന ചർച്ചയിൽ സി. ദാവൂദ് എന്ന ജമാഅത്തെ ഇസ്‌ലാമിയുടെ ആധികാരിക വക്താവ് വളരെ വ്യക്തമായ നിലയിൽ ഇത് അംഗീകരിച്ചിട്ടുണ്ട്. അതായത്, അന്താരാഷ്ട്ര സാമ്രാജ്യത്വ ഗൂഢാലോചനയുടെ ഫലമായി വളരെ ആസൂത്രിതമായി ഖാദിയാനികളും, അവരോടൊപ്പം ചേർന്ന് എല്ലാ മുസ്‌ലിം സംഘടനകളും, മതേതര ശക്തികളുടെ വക്താക്കളും ജമാഅത്തെ ഇസ്‌ലാമിയെ തീവ്രവാദി സംഘടനയായി ചിത്രീകരിച്ചുകൊണ്ടിരിക്കുന്നു.

അപ്പോൾ ജമാഅത്തെ ഇസ്‌ലാമി തീവ്രവാദി സംഘടനയാണെന്ന് മറ്റെല്ലാവരും ഒറ്റക്കെട്ടായി ആരോപിക്കുന്നുണ്ട് എന്ന് ജമാഅത്തെ ഇസ്‌ലാമി അംഗീകരിക്കുന്നു. അത് കൊണ്ടുതന്നെ "ഞങ്ങൾ തീവ്രവാദി സംഘടനയല്ല" എന്ന സത്യവാങ്മൂലം സമർപ്പിക്കേണ്ട ഗതികേടും അവർക്ക് തന്നെയാണ് ഉണ്ടായിരിക്കുന്നത്. തങ്ങളുടെ മേൽ എന്തുകൊണ്ട് ഇങ്ങനെ ഒറ്റക്കെട്ടായി തീവ്രവാദമുദ്ര ചാർത്തുന്നു? എന്ന് പരിശോധിക്കാൻ തയ്യാറാവാതെ ഒറ്റശ്വാസത്തിൽ സാമ്രാജ്യ

ത്വത്തെയും, അഹ്മദിയ്യാ മുസ്‌ലിംക ളെയും മറ്റ് മുസ്‌ലിം സംഘടനക ളെയും, മതേതരവാദികളെയും കുറ്റ പ്പെടുത്തിയിട്ടെന്ത് കാര്യം? പറയു ന്നതിൽ വല്ല കഴമ്പും ഉണ്ടോ എന്ന് പരിശോധിക്കാൻ തയ്യാറാവുക. 'ജമാഅത്തെ ഇസ്‌ലാമി' തീവ്രവാദ പ്രസ്ഥാനമല്ലെന്ന് സ്ഥാപിക്കാൻ ഇന്ന് ഏതെങ്കിലും ജയിലിൽ ഒരു ജമാഅത്തെ ഇസ്‌ലാമിക്കാരനും ഇല്ല; എന്ന തെളിവാണ് സി. ദാവൂദ് അവർകൾ നൽകിയിരിക്കുന്നത്. ഇതിനു പുറമെ, തങ്ങൾ തീവ്രവാ ദികളല്ലെന്ന് സ്ഥാപിക്കാൻ, "ജമാ അത്തെ ഇസ്‌ലാമിയെ അടുത്തറി യുക" എന്ന സത്യവാങ് മൂല പത്ര വുമായി ഇപ്പോൾ പ്രവർത്തകർ വീടുവീടാന്തരം കയറി ഇറങ്ങുകയാ ണ്. നോട്ടീസിലെ ഏറ്റുപറച്ചിൽ ശ്രദ്ധേയമാണ്.

"നിയമാനുസൃതവും സമാധാ നപരവുമായ മാർഗ്ഗങ്ങൾ മാത്രമേ ഏത് കാര്യത്തിലും ജമാഅത്ത് സ്വീകരിക്കുകയുള്ളൂ. നാട്ടിൽ അസ മാധാനവും കുഴപ്പവും ഉണ്ടാകുന്ന യാതൊരു പ്രവർത്തിയിലും ജമാ അത്ത് ഇടപെടുകയോ സഹകരി ക്കുകയോ ഇല്ല."

- നോട്ടീസ്

"ജമാഅത്തെ ഇസ്‌ലാമിയെ അടുത്തറിയുക"

60 വർഷം പിന്നിട്ട ഇവർക്ക് ഇപ്പോൾ എന്തുകൊണ്ട് ജനമധ്യ ത്തിൽ ഇങ്ങനെ പറയേണ്ടി വന്നു? പ്രസ്തുത ആരോപണങ്ങൾ നേരി ടേണ്ടി വന്നു എന്നത് തന്നെ കാര ണം. ആരോപണങ്ങളുടെ യാഥാർ ത്ഥ്യം മനസ്സിലാക്കി, തെറ്റാണെങ്കിൽ തിരുത്തുന്നതിന് പകരം ആരോപ ണമുന്നയിക്കുന്നവരെ കളവ് പറ ഞ്ഞും ചീത്തപറഞ്ഞും സത്യത്തെ മൂടിവെക്കാൻ ശ്രമിക്കുന്ന സംസ് കാരം ഏതായാലും ഇസ്‌ലാമികമല്ല.

സി. ദാവൂദ് എഴുതി: "ഖാദിയാ നിസത്തിന്റെ സാമ്രാജ്യത്വബന്ധ ങ്ങളും നിഗൂഢപദ്ധതികളും വെളി ച്ചത്ത് കൊണ്ടുവന്നതിനാൽ ജമാ അത്തെ ഇസ്‌ലാമിയോട് അവർക്ക് അടങ്ങാത്ത ശത്രുതയുണ്ട്" അത് തീർക്കാനുള്ള അവസരമായി അവർ പുതിയ തീവ്രവാദവിരുദ്ധ പോരാട്ടത്തെ ഉപയോഗിക്കുകയാ ണ്." - മാധ്യമം 22-2-2010

8-4-2010-ൽ ടൗൺഹാളിൽ സംഘടിപ്പിച്ച മുഖാമുഖം പരിപാടി യിലും ജമാഅത്തെ ഇസ്‌ലാമിയുടെ തലമുതിർന്ന നേതാക്കളായ ടി.കെ. അബ്ദുല്ലാ സാഹിബിന്റെയും, ഒ. അബ്ദുറഹ്മാൻ സാഹിബിന്റെയും സാന്നിദ്ധ്യത്തിൽ, സി. ദാവൂദ് എന്ന സോളിഡാരിറ്റി പ്രവർത്തകൻ, അഹ്മദിയ്യാ ജമാഅത്തിനെതിരെ യാതൊരു തെളിവും സമർപ്പിക്കാ തെ വിമർശനത്തിന്‌വേണ്ടി മാത്ര മാണ് തന്റെ പ്രസംഗത്തിന്റെ അധി കസമയവും ചെലവഴിച്ചത്. ഇതിൽ നിന്ന് വ്യക്തമാവുന്നത്, ജമാഅ ത്തെ ഇസ്‌ലാമിയുടെ 'തീവ്രവാദ മുഖം' കേരളക്കരയിൽ വെളിപ്പെട്ടത് അഹ്മദിയ്യാ ജമാഅത്തിലൂടെയാണ് എന്നാണ്. ഇത് സി. ദാവൂദിന്റെ 22/ 2-ലെ മാധ്യമത്തിലെ ലേഖനത്തിൽ നിന്ന് വ്യക്തമാണല്ലോ?

എന്നാൽ അഹ്മദിയ്യാ ജമാഅ ത്തിനും അതിലെ അംഗങ്ങൾക്കും ലോകത്ത് ആരോടും ഒരു വെറു പ്പും ഇല്ല.

അതിന്റെ പ്രഖ്യാപനം തന്നെ "എല്ലാവരോടും സ്നേഹം വെറുപ്പ് ആരോടുമില്ല" എന്നതാണ്. 1889-ൽ അല്ലാഹുവിനാൽ അൽജമാഅത്താ കുന്ന 'അഹ്മദിയ്യാ മുസ്‌ലിം ജമാ അത്ത്' സ്ഥാപിതമാകുമ്പോൾ, ഭൂമു ഖത്ത് മൗദൂദിയും ജമാഅത്തെ ഇസ് ലാമിയും ഇല്ല.

1941-ൽ ജമാഅത്തെ ഇസ്‌ലാമി മുളക്കുമ്പോൾ അഹ്മദിയ്യത്താ കുന്ന വൻവൃക്ഷം ലോകത്തിന് ഫലങ്ങൾ നൽകിക്കൊണ്ടിരിക്കുക യായിരുന്നു. അല്ലാഹു 'നട്ട' നാൾ മുതൽ ഈ വൃക്ഷത്തിന് വളർച്ചയ ല്ലാതെ തളർച്ച നേരിട്ടിട്ടില്ല. ഹുകൂ മത്തെ ഇലാഹിയും, ഇഖാമത്തു ദ്ദീനും വലിച്ചെറിഞ്ഞ്' തീവ്രവാദി കുഴിയിൽ വീണ് ജമാഅത്തെ ഇസ് ലാമി നിലനിൽപിനായി നാടുനീളെ സത്യവാങ്മൂല പത്രവുമായി അല യുമ്പോൾ, 195 രാജ്യങ്ങളിൽ അമീ റുൽ മുഅ്മിനീന്റെ കീഴിൽ അഹ്മദി യ്യത്ത് വിജയത്തിലേക്ക് കുതിച്ചു കൊണ്ടിരിക്കുകയാണ്. യാഥാർ ത്ഥ്യം ഇതായിരിക്കെ, ലോക അഹ് മദിയ്യത്തിന്റെ മുമ്പിൽ ജമാഅത്തെ ഇസ്‌ലാമിക്കും മൗദൂദിക്കും ഒരു പ്രസക്തിയും ഇല്ല തന്നെ.!

നാളിതുവരെയുള്ള ചരിത്ര ത്തിൽ, തെളിവുകളില്ലാതെ അഹ് മദിയ്യത്ത് ഇത് വരെ ആരുടെ മേലും ഒരാരോപണവും ഉന്നയിച്ചിട്ടില്ല. അതുകൊണ്ട് തന്നെയാണ് ഞങ്ങ ളെക്കുറിച്ചുള്ള ആരോപണങ്ങൾ ക്കും ഞങ്ങൾ തെളിവ് ചോദിക്കു ന്നത്. ഇത് ഖുർആനിക അധ്യാപന മാണ്. സി. ദാവൂദ് പക്ഷേ, ജമാ അത്തെ ഇസ്‌ലാമിയുടെ തന്നെ പഴയ ബുക്കുകളും മറ്റും വായിക്കാ ത്ത, ജമാഅത്തെ ഇസ്‌ലാമിയുടെ പഴയ ചരിത്രമറിയാത്ത, പുതിയ തല മുറയിലെ ഒരു സമരയുവാവ് മാ ത്രം. അത് എഴുത്തിൽ നിന്നും പ്ര സംഗത്തിൽ നിന്നും മനസ്സിലാക്കാം. ജ: ശൈഖ് മുഹമ്മദ് കാരക്കുന്നും, ജ. കെ. ടി. ഹുസൈനും, അബ്ദു റഹ്മാൻ പെരിങ്ങാടിയും, സി. ദാവൂദും ജമാഅത്തെ ഇസ്‌ലാമി യുടെ കേരളക്കരയിലെ അമീറായ ജ. ടി. ആരിഫലി സാഹിബും മുഴു

വനും ജമാഅത്തെ ഇസ്‌ലാമി അംഗങ്ങളും അറിയുവാൻ;

ജസ്റ്റിസ് കൃഷ്ണയ്യർ, കെ.പി. രാമനുണ്ണി, സി.ആർ. നീലകണ്഼ൻ എന്നീ മാന്യവ്യക്തികളെക്കൊണ്ട് ജമാഅത്തെ ഇസ്‌ലാമി 'തീവ്രവാദി' കളല്ലെന്ന് സർട്ടിഫിക്കറ്റിൽ അറ്റസ്റ്റ് ചെയ്യിപ്പിച്ചാലൊന്നും നിങ്ങളുടെ മേലുള്ള ആരോപണം നീക്കപ്പെടുകയില്ല. നിങ്ങൾ വീണിരിക്കുന്ന കുഴി, നിങ്ങൾ തന്നെ കുഴിച്ചതാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കുക.

'തീവ്രവാദം' എന്ന വാക്ക് കേരളക്കരയിൽ ചർച്ച ചെയ്യാൻ തുടങ്ങിയിട്ട് അധികനാളുകളായിട്ടില്ല. പത്രമാധ്യമങ്ങളും, പോലീസ് ഡിപ്പാർട്ട്മെന്റുമെല്ലാം ഇത് ചർച്ച ചെയ്യുന്നതിനു മുമ്പ്, ജമാഅത്തെ ഇസ്‌ലാമി തന്നെയാണ് അഭിമാനപൂർവ്വം തന്നെ 'തീവ്രവാദം' എന്ന വാക്ക് കേരളക്കരയിൽ എത്തിച്ചത്. കാരണം സായുധ ജിഹാദ് ജമാഅത്തെ ഇസ്‌ലാമിയുടെ ഭരണം പിടിച്ചെടുക്കൽ പരിപാടിയുടെ അവിഭാജ്യഘടകമാണ്. ജമാഅത്തെ ഇസ്‌ലാമിയുടെ വാക്കുകളിൽ തന്നെ നമുക്ക് പരിശോധിക്കാം. പരിശോധനക്ക് തയ്യാറെങ്കിൽ; ജമാഅത്തെ ഇസ്‌ലാമി ഇപ്പോഴത്തെ അസി. അമീറായ ശൈഖ് മുഹമ്മദ് കാരക്കുന്ന് എഡിറ്ററായി 1992-ൽ പ്രസിദ്ധീകരിച്ച 'പ്രബോധനം ജമാഅത്തെ ഇസ്‌ലാമി അമ്പതാം വാർഷികപതിപ്പ്' കയ്യിലെടുക്കുക. പേജ് 145-ൽ ജമാഅത്തെ ഇസ്‌ലാമിയുടെ കേരള പണ്ഡിതൻ എഴുതുന്നു.

"താഴ്‌വരയിൽ **തീവ്രവാദി പ്രവർത്തനം** ശക്തിപ്പെട്ടതിന് ശേഷം **ജമാഅത്തെ ഇസ്‌ലാമിയുടെ സ്വാധീനം** വർധിച്ചിട്ടുള്ളതായി പറയപ്പെടുന്നു. താഴ്‌വരയിലെ **ഏറ്റവും ശക്തമായ തീവ്രവാദി ഗ്രൂപ്പുകളി**ലൊന്നായ ഹിസ്ബുൽ മുജാഹിദീൻ, **ജമാഅത്തെ ഇസ്‌ലാമി അനുകൂല ഗ്രൂപ്പാണ്.** ഇതിന് പുറമെ, അല്ലാഹ് ടൈഗേഴ്സ് എന്ന ഒരു സംഘത്തിനും **ജമാഅത്ത് രൂപം നൽകിയിട്ടുണ്ട്."**

തുടരുന്നു: "വിവിധ **തീവ്രവാദി ഗ്രൂപ്പുകളെ ഏകോപിപ്പിക്കുന്നതിലും ജമാഅത്തിന്റെ പങ്ക് പ്രധാനമാണ്.** വീണ്ടും എഴുതുന്നു: "സൈനിക മേഖലയിൽ **വിവിധ സായുധഗ്രൂപ്പുകൾ** ചേർന്ന് രൂപം നൽകിയ 'മുത്തഹിദ ജിഹാദ്' കൗൺസിലിന്റെ **ചെയർമാൻ** അലി മുഹമ്മദ് ഡാറും **ജമാഅത്തെ ഇസ്‌ലാമിയുടെ നേതാക്കളിലൊരാളത്രെ!"**

'കാശ്മീർ ജമാഅത്തെ ഇസ്‌ലാമി'യുടെ വിവരണത്തിലാണ് കേരള ജമാഅത്തെ ഇസ്‌ലാമി പണ്ഡിതൻ അഭിമാനപൂർവ്വം എഴുതിയിരിക്കുന്നത്.

* ജമാഅത്തെ ഇസ്‌ലാമിയുടെ സ്വാധീനം വർധിച്ചത്, തീവ്രവാദി പ്രവർത്തനം ശക്തിപ്പെട്ടപ്പോൾ!

* താഴ്‌വരയിലെ ഏറ്റവും ശക്തമായ തീവ്രവാദി ഗ്രൂപ്പ് - ഹിസ്ബുൽ മുജാഹിദീൻ ജമാഅത്തെ ഇസ്‌ലാമി അനുകൂല ഗ്രൂപ്പ്!

* ജമാഅത്തെ ഇസ്‌ലാമി രൂപം കൊടുത്ത മറ്റൊരു തീവ്രവാദി ഗ്രൂപ്പ് - 'അല്ലാഹ് ടൈഗേഴ്സ്'!

* തീവ്രവാദി ഗ്രൂപ്പുകളെ ഒരുമിപ്പിക്കുന്ന പ്രധാന ചാലക ശക്തി - ജമാഅത്തെ ഇസ്‌ലാമി.!

* ഇൻഡ്യൻ സൈനികർക്കെതിരായി പ്രവർത്തിക്കുന്ന തീവ്രവാദി സായുധഗ്രൂപ്പുകളുടെ കൗൺസിലിന്റെ ചെയർമാൻ - ജമാഅത്തെ ഇസ്‌ലാമി നേതാവ്!

1992-ൽ കേരളക്കരയിൽ 'തീവ്രവാദ' വിഷയം ചൂട് പിടിച്ചിരുന്നില്ല; അന്ന് അഭിമാനപൂർവ്വം തന്നെ തങ്ങളുടെ 'ഒളിയജണ്ട' പുറത്ത് വിട്ടതാണ്.

**'ജമാഅത്തെ ഇസ്‌ലാമി' തീവ്രവാദികളെന്ന്** ജമാഅത്തെ ഇസ് ലാമി 18 വർഷം മുമ്പ് അഭിമാനപൂർവ്വം എഴുതിവെച്ചതാണ്. നിങ്ങൾ കുഴിച്ച കുഴിയിൽ നിങ്ങൾ തന്നെ വീണു. അതിന് 'പാവം സാമ്രാജ്യത്വത്തെയും' ഖാദിയാനികളെയും, സലഫികളെയും, മുജാഹിദുകളെയും, സുന്നികളെയും, ലീഗിനെയും പഴി ചാരിയിട്ടെന്ത് കാര്യം?

നിങ്ങൾ എഴുതിയ ഗ്രന്ഥങ്ങൾ ഒരാവർത്തി വായിക്കുക. പരിശോധിക്കുക. സി. ദാവൂദിനെ പോലുള്ള ചെറുപ്പക്കാർ പ്രത്യേകിച്ചും നിങ്ങളുടെ ഗ്രന്ഥങ്ങൾ തന്നെ പഠിച്ചതിന് ശേഷം പ്രസംഗിക്കുക. വായയിൽ തോന്നിയത് വിളിച്ച് പറയുന്നതും എഴുതുന്നതും മാന്യന്മാർക്ക് ചേർന്നതല്ല.

'അത് കാശ്മീർ ജമാഅത്തെ ഇസ്‌ലാമിയാണ്, ഇൻഡ്യൻ ജമാഅത്തെ ഇസ്‌ലാമിയുമായി അതിന് യാതൊരു ബന്ധവുമില്ലെന്ന്' പറഞ്ഞ് ലാഘവത്തോടെ കൈകഴുകാൻ കേരളക്കരയിലെ ജമാഅത്തെ ഇസ്‌ലാമിക്കാർക്ക് കഴിയുമോ?

ഒരു ബന്ധവുമില്ലെങ്കിൽ, കേരളക്കരയിലെ പ്രബോധനത്തിൽ, ജമാഅത്തെ ഇസ്‌ലാമിയുടെ 50-ാം വാർഷികപതിപ്പിൽ, കാശ്മീരിലെ 'തീവ്രവാദ ജമാഅത്തെ ഇസ്‌ലാമി'യുടെ പ്രവർത്തനങ്ങൾ അഭിമാനപൂർവ്വം എന്തിന് ചേർത്തു?

കാശ്മീർ ഇൻഡ്യയുടെ ഭാഗമല്ലെന്നാണോ നിങ്ങൾ വിശ്വസിക്കുന്നത്? ആണെങ്കിൽ എന്ത് കൊണ്ട് ഇൻഡ്യൻ ജമാഅത്തെ ഇസ്‌ലാമിയിൽ കാശ്മീർ ജമാഅത്തെ ഇസ്‌ലാമി ഉൾപ്പെടുത്തിയില്ല.? നിങ്ങൾക്ക്

സ്വാധീനവും കഴിവും ഉള്ളിടത്ത് നിങ്ങൾ ആയുധം കയ്യിലേന്തി ഭരണകൂടത്തിനെതിരെ തിരിഞ്ഞു. ഇതുമായി ഞങ്ങൾക്ക് ഒരു ബന്ധവുമില്ലെന്ന് പറഞ്ഞ് നിങ്ങൾക്ക് ഒഴിഞ്ഞുമാറാൻ കഴിയുമോ? 'ജമാഅത്തെ ഇസ്‌ലാമി' എവിടെയുണ്ടോ അതിന്റെ പേരും, വേരും ഒന്നാണെന്ന് നിങ്ങൾ തന്നെ തുറന്നു പറഞ്ഞതല്ലേ?

ജമാഅത്തെ ഇസ്‌ലാമിയുടെ 50-ാം വാർഷിക പതിപ്പിൽ, പത്രാധിപരായ ശൈഖ് മുഹമ്മദ് കാരക്കുന്ന്, തുടക്കത്തിൽ തന്നെ **'രണ്ട് വാക്ക്'** എന്നതിൽ പറയുന്നു:

"ജമാഅത്തെ ഇസ്‌ലാമി കേരളത്തിലോ, ഇൻഡ്യയിലോ, പരിമിതമായ ഒരു പ്രസ്ഥാനമല്ല. ഇൻഡ്യാ ഉപഭൂഖണ്ഡത്തിൽ തന്നെ ഇതേ പേരും വേരുമുള്ള 6 സംഘടനകളുണ്ട്." 6 സംഘടനകളുടേയും പേരും വേരും ഒന്നാണെന്ന് ശൈഖ് മുഹമ്മദ് കാരക്കുന്ന് (ജമാഅത്തെ ഇസ്‌ലാമി കേരളയുടെ അസി: അമീർ) എഴുതിയിരിക്കുന്നു. ഒരേ പേരും, വേരുമുള്ള 6 സംഘടനകളിലൊന്നായ കാശ്മീർ ജമാഅത്തെ ഇസ്‌ലാമി, ഇൻഡ്യൻ സൈന്യത്തിനെതിരെ സായുധപോരാട്ടം നടത്തികൊണ്ടിരിക്കുന്നുവെന്നും, ഏറ്റവും ശക്തമായ തീവ്രവാദി ഗ്രൂപ്പ് ജമാഅത്തെ ഇസ്‌ലാമിയുടെ നിയന്ത്രണത്തിലാണെന്നും കേരള ജമാഅത്തെ ഇസ്‌ലാമി തന്നെ തുറന്നു സമ്മതിച്ചിരിക്കെ, അതേ പേരും, വേരുമുള്ള കേരളക്കരയിലെ 'ജമാഅത്തെ ഇസ്‌ലാമിയും' കഴിവും സ്വാധീനവും ലഭിച്ചാൽ ആയുധം കയ്യിലേന്തി ഭരണകൂടത്തിനെതിരെ തിരിയുമെന്ന് ആരെങ്കിലും ചിന്തിച്ചാൽ അത് തെറ്റാകില്ലല്ലോ! അല്ലെങ്കിൽ, 18 വർഷം മുമ്പ് എഴുതിയത് തെറ്റായിരുന്നുവെന്ന് ജനമധ്യത്തിൽ തുറന്ന് പ്രഖ്യാപിക്കുക. നിങ്ങൾ എഴുതിയ തീവ്രവാദ വാചകങ്ങൾ പിൻവലിക്കാത്തിടത്തോളം കാലം ഇപ്പോൾ നിങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന സൈദ്ധാന്തികവും, പ്രായോഗികവുമായ പ്രതിസന്ധി തുടരുക തന്നെ ചെയ്യും. നെറ്റിൽ നിന്നും പേജ് മാറ്റിയത് കൊണ്ടായില്ല. എഴുതിയത് തെറ്റായിരുന്നുവെന്ന് പബ്ലിക്കിൽ പ്രഖ്യാപിക്കുക. ചുരുങ്ങിയ പക്ഷം, നിരീശ്വരവാദികളായ കനുസസ്യാലിന്റേയും, കെ. വേണുവിന്റേയും മാതൃക പിൻപറ്റുക. സായുധവിപ്ലവം തെറ്റായിരുന്നുവെന്ന് ജനമധ്യത്തിൽ അവർ തുറന്ന് പ്രഖ്യാപിച്ച് മാതൃക കാട്ടി. വീണിടത്ത് കിടന്ന് ഉരുളാതെ എഴുന്നേറ്റ് അതിന് തയ്യാറാവുക. 1992-ൽ തീവ്രവാദം എഴുതിവെക്കുമ്പോൾ ചരിത്രം ഇവിടേക്കെത്തുമെന്ന് ജമാഅത്തെ ഇസ്‌ലാമി കരുതിയില്ല. കുഴിച്ച കുഴിയിൽ അവർ തന്നെ വീണു. (തുടരും)

■

***(17-ൽ നിന്ന് തുടർച്ച)***

ദുഃഖങ്ങളും വേദനകളുമായി മാറ്റുകയും അവരുടെ ഭാരങ്ങൾ സ്വയം വഹിക്കുകയും ചെയ്തു നബി(സ) തിരുമേനി. മഹത്തായ തന്റെ ദൗത്യപൂർത്തീകരണത്തിന്നിടയിൽ, ജനങ്ങളിൽ നിന്നുള്ള ഉപദ്രവങ്ങളും പീഡനങ്ങളും അവിടന്ന് സഹിക്കുകയും ചെയ്തു. തന്നെ നിഷേധിച്ചവർക്കുണ്ടാകാൻ പോകുന്ന നാശത്തെ സംബന്ധിച്ചുള്ള മുന്നറിവ് ലഭിച്ചപ്പോൾ അവരെ ആ നാശത്തിൽ നിന്ന് രക്ഷപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളിൽ രാപ്പകലില്ലാതെ അദ്ദേഹം വ്യാപൃതനായി. വി. ഖുർആൻ പറയുകയാണ്. *'അവർ ഈ സന്ദേശത്തിൽ വിശ്വസിക്കാത്ത പക്ഷം അവർ ഹേതുവായി ദുഃഖം നിമിത്തം നീ നിന്റെ ജീവനെ നശിപ്പിച്ചേക്കുമോ?'* (8:17) സമസൃഷ്ടികളോട് സ്നേഹവും സഹാനുഭൂതിയും അതിജയിച്ചുനിൽക്കുന്ന വിധം തികച്ചും നിഷ്കാമകർമ്മനിരതനായിക്കൊണ്ടാണ് നബി(സ) തന്റെ ദൗത്യപൂർത്തീകരണം നിർവ്വഹിച്ചത്. ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ)യുടെ മഹനീയ ഗുണങ്ങളെസ്സംബന്ധിച്ച് വാഗ്ദത്ത മഹ്ദീമസീഹ് (അ) നല്കിയ വിവരങ്ങളിൽ നിന്ന് ഒരു ഭാഗം ഇവിടെ കുറിക്കുന്നു:

"ദൈവത്തിന്റെ പ്രത്യേക കൃപാകടാക്ഷത്താൽ നബി(സ) തിരുമേനിക്ക് ശ്രേഷ്ഠമായ സകല ധാർമ്മികഗുണങ്ങളും സ്വജീവിതത്തിൽ പ്രതിഫലിപ്പിച്ചുകാണിക്കുവാനുള്ള സൗഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. ഇങ്ങനെ ചരിത്രത്തിന്റെ ഏടുകളിലെങ്ങും കാണുവാൻ സാധിക്കാത്ത വിധത്തിലുള്ള നിസ്തുലമായ ഔദാര്യം, ധീരോദാത്തത, സഹനം, ക്ഷമ, നീതിനിഷ്ഠ മുതലായ ഗുണങ്ങളെല്ലാം തിരുനബിയുടെ ജീവിതത്തിൽ പൂർണ്ണമായും തെളിഞ്ഞുകാണാം. അശക്തിയുടെയും ശക്തിപ്രഭാവത്തിന്റെയും ദാരിദ്ര്യത്തിന്റെയും ഐശ്വര്യത്തിന്റെയും അവസ്ഥാന്തരങ്ങളിലെല്ലാം താൻ ഉൽകൃഷ്ടമായ ധാർമ്മികഗുണങ്ങളുടെയും മനോധർമ്മങ്ങളുടെയും നിറപ്പാത്രമാണെന്ന് നബി(സ) തിരുമേനി ലോകത്തിന് കാണിച്ചുകൊടുത്തിട്ടുണ്ട്. തിരുമേനിയുടെ ഭാസുര ജീവിതത്തിൽ പ്രതിഫലിച്ചുകാണാത്തതായി ലോകത്തിൽ ഒരു മാനുഷപൂർണ്ണതയും മഹിതഗുണവും ഇല്ലെന്ന് തന്നെ പറയാം." (ഇസ്‌ലാം മതതത്ത്വജ്ഞാനം)

■

ലേഖനം

അബ്ദുറഹ്മാൻ, കൊടിയത്തൂർ

# ആരാണ് ബ്രിട്ടീഷ് വൈതാളികർ?

**ബ്രിട്ടീഷ് ഭരണകൂടത്തിന്റെ പരാദങ്ങളായി വളർന്ന നദ്‌വത്തുൽ മുജാഹിദീനും, നൈസാമിന്റെ മുസ്‌ലിം രാജ്യത്തുനിന്നു ബ്രിട്ടീഷിന്ത്യയിലേക്ക് മാറിത്താമസിച്ച് സ്വതന്ത്ര ഇന്ത്യയെ അപലപിച്ച മൗലാനാ മൗദൂദിക്കും ബ്രിട്ടീഷ് ഭരണകൂടത്തിന്റെ ആനുകൂല്യങ്ങൾ ആവോളം അനുഭവിച്ച സുന്നികൾക്കും അഹ്മദികൾക്കെതിരെ ബ്രിട്ടീഷ് ബാന്ധവം ആരോപിക്കാൻ അർഹതയുണ്ടോ?**

വാഗ്ദത്ത മഹ്ദി-മസീഹ് ഹ: മിർസാ ഗുലാം അഹ്മദി(അ)നും, അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിനുമെതിരിൽ അണിനിരന്നിട്ടുള്ള മുസ്‌ലിം സംഘടനകളും അവരുടെ നേതാക്കളും, പ്രമാണപരമായും, ബുദ്ധിപരമായും അഹ്മദിയ്യാ ജമാഅത്തിന്റെ വിശ്വാസാദർശങ്ങളെ എതിരിടുവാൻ സാധ്യമല്ലെന്ന് മനസ്സിലാക്കിയതുകൊണ്ട്, കളവിന്റേയും, വ്യാജാരോപണങ്ങളുടെയും ആയുധമാണ് ഉപയോഗിച്ചുവരുന്നത്. അതു മുഖേന നിഷ്കളങ്കരായ മുസ്‌ലിം ബഹുജനങ്ങളെ സത്യജമാഅത്തിൽ നിന്ന് പിന്തിരിപ്പിക്കാമെന്നാണ് ഇക്കൂട്ടർ കരുതുന്നത്. ഇവരുടെ ഒരു പ്രധാന ആക്ഷേപം ഹ: അഹ് മദും, അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തും ബ്രിട്ടീഷ് സൃഷ്ടിയാണെന്നതാണ്. (നഊദുബില്ലാഹ്). 100 വർഷമായി ജമാഅത്ത് മറുപടി നൽകിക്കൊണ്ടിരിക്കുന്ന പ്രസ്തുത ആക്ഷേപം നിർലജ്ജം ഉന്നയിച്ചുകൊണ്ടിരിക്കുന്നവരിൽ മുമ്പന്മാർ കളവ് പറയൽ ചില സന്ദർഭങ്ങളിൽ വാജിബ് (നിർബന്ധം) ആണെന്ന് ജല്പിച്ചിട്ടുള്ള അബുൽ അഅ്‌ലാ മൗദൂദിയുടെ അനുയായികളാണ്. അദ്ദേഹം എഴുതുന്നു: *"സത്യസന്ധതയും ആർജ്ജവവും ഇസ്‌ലാമിന്റെ അതിപ്രധാനങ്ങളായ തത്വങ്ങളിൽ പെട്ടവയാണ്. അതിന്റെ ദൃഷ്ടിയിൽ കളവ് ഏറ്റവും നീചമായ തിന്മയാണെങ്കിലും പ്രായോഗികജീവിതത്തിലെ ചില അവശ്യഘട്ടങ്ങളിൽ കളവ് പറയുന്നതിന് അനുമതിയുണ്ടെന്ന് മാത്രമല്ല ചില സാഹചര്യങ്ങളിൽ അത് നിർബന്ധം കൂടിയാണെന്ന് പോലും ഫത്‌വ ചെയ്യപ്പെട്ടരിക്കുന്നു."* (തർജുമാനുൽ ഖുർആൻ 1958 മേയ്)

അല്ലാഹുവിന്റെ പ്രവാചകന്മാർക്കും അവരുടെ ജമാഅത്തിനും, എതിരിൽ അണിനിരക്കുന്ന സത്യനിഷേധികൾ കളവിന്റേയും, പരിഹാസത്തിന്റേയും ആയുധം ഉപയോഗിച്ചുകൊണ്ടാണ് തങ്ങളുടെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരുന്നത്. അല്ലാഹുവിന്റെ പ്രവാചന്മാർക്കെതിരിൽ ദ്രോഹകൃത്യങ്ങൾ ചെയ്ത് അല്ലാഹുവിന്റെ ശാപത്തിനിരയായതായി വിശുദ്ധ ഖുർആൻ പരാമർശിച്ച ഒരു ജനവിഭാഗമാണ് യഹൂദ ജനത – ഉത്തമസമൂഹമെന്ന് വിശുദ്ധ ഖുർആൻ വിശേഷിപ്പിച്ച മുസ്‌ലിം ഉമ്മത്ത് ഒരു കാലം വരുമ്പോൾ യഹൂദ സദൃശ്യരായി ഭവിക്കുന്നതിനെ സംബന്ധിച്ച് പ്രവചിക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെയുള്ള കാലഘട്ടത്തിൽ ഈസബ്നു മർയമിന് സദൃശ്യനായി അവതരിക്കുന്ന ഒരു മഹാത്മാവിനെ സംബന്ധിച്ചും പ്രവചിക്കപ്പെട്ടിരിക്കുന്നു. വിശുദ്ധ ഖുർആനിലും, നബിവചനങ്ങളിലും പ്രവചിക്കപ്പെട്ടതനുസരിച്ച് പ്രസ്തുത പ്രവചനങ്ങളെ സാക്ഷാൽകരിച്ചുകൊണ്ട്, ആഗതരായ ഹ: മിർസാ ഗുലാം അഹ്മദി (അ)നും, അദ്ദേഹത്തിന്റെ ജമാഅത്തിനുമെതിരിൽ, യഹൂദ പുരോഹിതന്മാരെ പിൻപറ്റിക്കൊണ്ട്, ചില മുസ്‌ലിം പണ്ഡിതന്മാർ വ്യാജാരോപണങ്ങളുടെ ശരങ്ങൾ എയ്തുകൊണ്ടിരിക്കുകയാണ്. 120 വർഷമായി മറുപടി നൽകിക്കൊണ്ടിരിക്കുന്ന പ്രസ്തുത ആരോപണങ്ങൾ അവർ നിർലജ്ജം ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്.

ഏറ്റവും രസകരമായ വസ്തുത ഈ സംഘടന പരസ്പരം ഉന്നയിച്ചുകൊണ്ടിരിക്കുന്ന പ്രധാന ആക്ഷേപം പ്രതിയോഗികൾ ബ്രിട്ടീഷ് സൃഷ്ടിയും, സേവക

രുമാണെന്നതാണ്. മുജാഹിദ് പ്രസ്ഥാനം ബ്രിട്ടീഷ് സൃഷ്ടിയാണെന്ന് സമർത്ഥിച്ച് കൊണ്ട് സുന്നികൾ **"പ്രശസ്ത ബ്രിട്ടീഷ് ചാരൻ മുസ്ലിം രാഷ്ട്രങ്ങളിൽ"** എന്ന പേരിൽ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. (ഉസ്മാൻ നിസാമി, കക്കാട് - ഐഡിയൽ ബുക്സ്, കോഴിക്കോട്) പ്രസ്തുത ഗ്രന്ഥത്തിൽ ബ്രിട്ടീഷുകാരുടെ താല്പര്യപ്രകാരം വഹാബികൾ ഇസ്ലാമിക ലോകത്തിന് വരുത്തിയ കെടുതികൾ വിവരിക്കുന്നുണ്ട്. മുജാഹിദുകൾ കേരളത്തിലെ സമസ്തക്കാരെ സംബന്ധിച്ച് പറയുന്നതും ബ്രിട്ടീഷ് പാദസേവയുടെ ചരിത്രങ്ങൾ തന്നെയാണ്. മടവൂർ മുജാഹിദുകളുടെ ശബാബ് പറയുന്നത് കാണുക: *"മക്തി തങ്ങളെ ബ്രിട്ടീഷ് അനുകൂലി എന്ന് പരിഹസിച്ചവരുടെ മാതൃ സംഘടന ഔദ്യോഗികമായി തന്നെ ഖിലാഫത്ത് വിരുദ്ധരും ബ്രിട്ടീഷ് അനുകൂലികളും ആരാധകരുമായിരുന്നു എന്ന് അവരുടെ സമ്മേളനപ്രമേയങ്ങൾ വായിച്ചാൽ മനസ്സിലാകും. ചരിത്രകാരൻ കെ.കെ. മുഹമ്മത് അബ്ദുൽ കരീം അവ ക്രോഡീകരിച്ചിട്ടുണ്ട്. സമസ്തയുടെ 6-ാം വാർഷികസമ്മേളനത്തിലെ 12-ാം പ്രമേയം ഇതിന് തെളിവാണ്. അതിന്റെ മുഖ്യ ആശയം. "സാധുക്കളും നിരപരാധികളുമായ മുസ്ലിംകളെ കോൺഗ്രസുകാർ ഖിലാഫത്ത് എന്ന പേരിൽ കക്ഷി വഴക്കുകളിൽ ഉൾപ്പെടുത്തുന്നു. ഭരണകർത്താക്കളെ എതിർക്കലും അനാദരവ് ചെയ്യലും അനുവദനീയമല്ല"* എന്നാണ്. (ശബാബ് 2010 ജനുവരി 15) തുടർന്ന് സമസ്തക്കാർ കോൺഗ്രസിനും, ഖിലാഫത്ത് പ്രക്ഷോഭത്തിനുമെതിരിൽ ഇറങ്ങിയിട്ടുള്ള ഫത്വകളും, സ്വതന്ത്രസമര സേനാനി മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബിനെതിരിൽ കുഫ്ർ ഫത്വ നൽകിയ കാര്യവും വിവരിക്കുന്നുണ്ട്.

ജമാഅത്തെ ഇസ്ലാമിയും, അബുൽ അഅ്ലാ മൗദൂദിയും "മിർസാ ഗുലാം അഹ്മദിനേക്കാൾ കടുത്ത ബ്രിട്ടീഷ് സഹായികളാണെ"ന്നാണ് സുഹൈർ ചുങ്കത്തറയെപോലുള്ള മുജാഹിദ് നേതാക്കൾ തെളിവുകൾ നിരത്തി സമർത്ഥിച്ചുകൊണ്ടിരിക്കുന്നത്. "മതരാഷ്ട്ര വാദം വിമർശിക്കപ്പെടുന്നു" എന്ന പേരിൽ മുജാഹിദുകൾ ഈ അടുത്തകാലത്ത് നടത്തിയ സംവാദങ്ങളിലെ മുഖ്യവിഷയം മൗദൂദിയുടെ ബ്രിട്ടീഷ് ബാന്ധവമായിരുന്നു. (സിഡികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്)

ഇങ്ങനെയുള്ള സംഘടനകളാണ് പണ്ട് നമ്പൂതിരി 'നാം തിന്നുന്നത് നാം പറയുന്നു; നീ തിന്നുന്നത് നീ പറയൂ' എന്ന് പറഞ്ഞതുപോലെ അഹ്മദിയാ ജമാഅത്തിനെതിരിൽ 'ബ്രിട്ടീഷ് സൃഷ്ടി!!' 'ബ്രിട്ടീഷ് സൃഷ്ടി!!' എന്ന് വിളിച്ച് കൂവിക്കൊണ്ടിരിക്കുന്നത്. ആട്ടിൻതോലണിഞ്ഞ് നിൽക്കുന്ന ജമാഅത്തെ ഇസ്ലാമിയെ കേരളത്തിലെ പൊതുസമൂഹം തിരിച്ചറിഞ്ഞു തുടങ്ങിയതിന്റെ ഈർഷ്യം അഹ്മദിയ്യാ ജമാഅത്തിനും, തൽസ്ഥാപകർക്കുമെതിരിൽ തീർക്കുവാൻ തുനിഞ്ഞിറങ്ങിയിരിക്കുകയാണ് ജമാഅത്തെ ഇസ്ലാമി. മാധ്യമം പത്രത്തിലൂടെയും പ്രബോധനം വാരികയിലൂടെയും അതവർ തുടരുകയാണ്. അത്തരത്തിലുള്ള ഒരു ഈറതീർക്കലാണ് അവരുടെ വാരികയിലെ മറുപടിക്കാരന്റെ പരാക്രമങ്ങൾ (2009 ഡിസം. 26).

ഈ ലേഖകൻ സത്യദൂതൻ മാസികയിൽ (2009 ഒക്ടോബർ, നവമ്പർ) ഹ: അഹ്മദ് (അ) ഇസ്ലാമിലെ ജിഹാദിന്റെ യാഥാർത്ഥ്യം വിശദീകരിച്ചുകൊണ്ട് എഴുതിയിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചും, ജിഹാദിനെ തെറ്റായ നിലയിൽ മനസ്സിലാക്കി കലാപത്തിനിറങ്ങി, നാശത്തിൽ പതിച്ചുകൊണ്ടിരിക്കുന്ന മുസ്ലിം സഹോദരന്മാരോട് അവിടന്ന് നടത്തിയിട്ടുള്ള ഹൃദയസ്പൃക്കായ അഭ്യർത്ഥനയും, താക്കീതുകളും അവഗണിച്ച് ജിഹാദിന് പുറപ്പെട്ട മുസ്ലിം ജനത അനുഭവിക്കുന്ന തീരാദുരിതങ്ങളെ സംബന്ധിച്ചും ആ മഹാത്മാവിന്റെ തന്നെ വചനങ്ങളുടെ അടിസ്ഥാനത്തിൽ വിവരിക്കുന്ന ലേഖനത്തിൽ നിന്ന് ചില ഭാഗങ്ങൾ എടുത്ത് ചോദ്യം ഉന്നയിച്ച വായനക്കാരന് നൽകിയ മറുപടിയിലാണ് ഈ ബ്രിട്ടീഷ് പുരാണം ആവർത്തിക്കുന്നത്.

"..... സാമ്രാജ്യത്വവിരുദ്ധരായ മുസ്ലിം സമൂഹത്തെ ആഴത്തിൽ പിളർക്കാൻ ബ്രിട്ടീഷുകാർ ഗുലാം അഹ്മദിനെ പ്രവാചകവേഷത്തിൽ അവതരിപ്പിക്കുകയായിരുന്നു. ഇയാൾ പിന്നെ ജിഹാദിനെ തള്ളിപ്പറയുകയല്ലാതെ അതിനെ പിന്താങ്ങുമോ - സാമ്രാജ്യത്വപാദസേവ മതത്തിന്റെ മേൽവിലാസത്തിൽ അനുയായികളും തുടരുന്നു. ലണ്ടനാണ് ഖാദിയാനി ഖലീഫയുടെ ആസ്ഥാനം. ഇസ്ലാമിന്റെ ശത്രുക്കൾ നൽകുന്ന വൻ ധനസഹായത്തോടെ ലോകത്തെങ്ങും മുസ്ലിംസമൂഹത്തിൽ ആശയക്കുഴപ്പവും പിളർപ്പും സൃഷ്ടിക്കുകയാണ് ഖലീഫ ഏറ്റെടുത്ത ദൗത്യം. അതദ്ദേഹം പരമാവധി സത്യസന്ധമായി നിറവേറ്റുന്നു." ഇങ്ങനെ പോകുന്നു കുടിലമനസ്കനായ മൗദൂദി ശിഷ്യന്റെ ജല്പനങ്ങൾ.

'ഇത്തിരി ബല്യ' തലച്ചോറിന്റെ ഉടമയും, കേരള മൗദൂദികളുടെ പ്രതിരോധനിരയിലെ 'തിങ്ക് ടാങ്ക്' എന്നു വിശേഷിപ്പിക്കപ്പെട്ട ടിയാൻ സാമ്രാജ്യത്വശക്തികൾ മുസ്ലിം ലോകത്ത് കടന്ന് കയറാൻ പ്രയോഗിച്ച തന്ത്രങ്ങളെ സംബന്ധിച്ചും അവരുടെ മതപരമായ പശ്ചാത്ത

ലത്തെ സംബന്ധിച്ചും മനസ്സിലാക്കിയിരുന്നുവെങ്കിൽ ഇത്തരം വിഡ്ഢിത്തം കെട്ടി എഴുന്നള്ളിക്കുമായിരുന്നില്ല. ഒരു പ്രവാചകനെ അവതരിപ്പിച്ചാൽ ജനങ്ങളെല്ലാം അയാളുടെ പിന്നാലെ ഓടിക്കൂടുമെന്ന് നിരൂപിക്കാൻ മാത്രം വിഡ്ഢികളാണോ, തങ്ങളുടെ തന്ത്രങ്ങളിലൂടെ ലോകത്തിന്റെ സിംഹഭാഗവും കാൽകീഴിൽ കൊണ്ടുവന്ന ബ്രിട്ടീഷ് സിംഹാസനാധികാരികൾ. പ്രവാചകന്മാർ ഭൂമുഖത്തവതരിച്ചപ്പോൾ സമൂഹത്തിലെ മൃഗീയ ഭൂരിപക്ഷവും അവരെ തള്ളിക്കളയുകയാണ് ചെയ്തതെന്ന് ബൈബിളിൽ നിന്നും ചരിത്രത്തിൽ നിന്നും മനസ്സിലാക്കിയവരല്ലേ ബ്രിട്ടീഷുകാർ – അവർ സാക്ഷാൽ ദൈവം തന്നെയായി കരുതുന്ന യേശു ഭൂമുഖത്തവതരിച്ചപ്പോൾ ഇസ്രാഈൽ ജനം ഒന്നടങ്കം തള്ളിക്കളഞ്ഞ ചരിത്രം അവരുടെ മുമ്പിലില്ലേ. നോഹയുടെയും, ലൂത്തിന്റേയും, അബ്രഹാമിന്റേയും എല്ലാം അനുഭവം മനസ്സിലാക്കിയവരല്ലേ അവർ. മുസ്‌ലിം ലോകത്തിന്റെ ഐക്യത്തിന്റേയും ശക്തിയുടെയും പ്രതീകമായിരുന്ന ഉസ്മാനിയാ ഖിലാഫത്തിനെതിരിൽ, അറബിലെ 'സയ്യിദ്' മാരെയും, ലക്ഷക്കണക്കിന് സൈനികരെയും തങ്ങളുടെ പക്ഷംചേർക്കാൻ സാധിച്ച തന്ത്രശാലികളായ ബ്രിട്ടീഷ് കോയ്മ; മുസ്‌ലിം ഭരണക്കൂടങ്ങളെയെല്ലാം കൗശലപൂർവ്വം കീഴടക്കിയ ഭരണവിഷാരദന്മാർ, തങ്ങളുടെ താല്പര്യസംരക്ഷണത്തിന് വേണ്ടി ബാഹ്യവീക്ഷണത്തിൽ നിസ്സാരനും ജനങ്ങളിൽ മൃഗീയ ഭൂരിപക്ഷം എതിർക്കുകയും ചെയ്യുന്ന ഒരു മനുഷ്യനെ രംഗത്തിറക്കാൻ മാത്രം പോയത്തക്കാരാണോ? ഇനി പ്രസ്തുത വ്യക്തി വന്ന് കൊണ്ട് ചെയ്തിട്ടുള്ളത് എന്തായിരുന്നു. 'കുരിശിന്റെ സംരക്ഷകർ' എന്ന് വിശേഷിപ്പിക്കപ്പെടുന്ന ബ്രിട്ടീഷ് ഭരണകൂടത്തിന്റെ ത്രിയേകത്വ വിശ്വാസത്തിനും, യേശുവിന്റെ കുരിശുമരണവിശ്വാസത്തിനുമെതിരായ പോരാട്ടമായിരുന്നില്ലേ ഹ: അഹ് മദ് (അ) തന്റെ 30 വർഷക്കാലത്തെ ഐതിഹാസികമായ പ്രവർത്തന കാലഘട്ടത്തിൽ നിർവഹിച്ചിട്ടുള്ളത്. ബ്രിട്ടീഷുകാരുടെ ക്രിസ്തുമതതത്വത്തിന് വിരുദ്ധമായി യേശു കുരിശിൽ നിന്ന് മരിക്കാതെ രക്ഷപ്പെട്ടുവെന്നും, ഇസ്രാഈൽ കുലത്തിലെ ചിതറപ്പെട്ട 10 ഗോത്രങ്ങളെ അന്വേഷിച്ച് കിഴക്കോട്ട് സഞ്ചരിച്ച് അവസാനം ഇന്ത്യയിൽ കശ്മീരിൽ, ശ്രീനഗറിൽ വെച്ച് 120–ാം വയസ്സിൽ മരണമടഞ്ഞ യേശുവിന്റെ കല്ലറ ഖാൻയാൻ തെരുവിൽ സ്ഥിതിചെയ്യുന്നുവെന്നും പ്രഖ്യാപിക്കുകയായിരുന്നു. ബ്രിട്ടീഷ് സിംഹാസനത്തിന്റെ അധിപയായിരുന്നു വിക്ടോറിയാ മഹാറാണിയെ സംബോധന ചെയ്തുകൊണ്ട് "നിങ്ങളുടെ ദൈവമിതാ മരിച്ച്, മണ്ണടിഞ്ഞിരിക്കുന്നു; അദ്ദേഹത്തിന്റെ ഖബറിതാ ഇവിടെ കശ്മീരിൽ സ്ഥിതിചെയ്യുന്നു" എന്ന് ഉൽഘോഷിച്ച ഹ: അഹ്മദിനെ ബ്രിട്ടീഷുകാർ നബിയായി അവതരിപ്പിച്ചു എന്ന് പറഞ്ഞാൽ മൗദൂദിസത്തിന്റെ ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കെ വിശ്വാസിക്കാനാവൂ.

പിന്നീട് അദ്ദേഹം ചെയ്തത് എന്തായിരുന്നു. ഭിന്നിപ്പിച്ച് ഭരിക്കുക എന്നതായിരുന്നുവല്ലോ ബ്രിട്ടീഷ് തന്ത്രം. അതിന് ഇന്ത്യയിലെ പ്രബല സമുദായങ്ങളായിരുന്ന മുസ്‌ലിംകളെയും, ഹിന്ദുക്കളെയും ഭിന്നിപ്പിക്കുവാൻ അവർ ശ്രമിക്കുകയുണ്ടായി. എന്നാൽ അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകർ ചെയ്തത് എന്തായിരുന്നു. മുസ്‌ലിംകളുടെയും ഹിന്ദുക്കളുടെയും ഇടയിൽ ശാശ്വത മൈത്രിക്കുള്ള സൈദ്ധാന്തിക അടിത്തറ തന്നെ അവിടന്ന് ഉറപ്പിക്കുകയുണ്ടായി. വിശുദ്ധ ഖുർആന്റെ പാഠങ്ങളുടെയും, തിരുനബി വചനങ്ങളുടെയും, തനിക്ക് അല്ലാഹുവിൽ നിന്ന് അവതരിപ്പിക്കപ്പെട്ട ജ്ഞാനത്തിന്റെയും അടിസ്ഥാനത്തിൽ ഹിന്ദുക്കൾ ആദരിക്കുന്ന ശ്രീകൃഷ്ണനും, ശ്രീരാമനുമെല്ലാം, നബി തിരുമേനിയെ പോലെ തന്നെ അല്ലാഹുവിന്റെ പ്രവാചകന്മാരായിരുന്നുവെന്നും, അതുപോലെ ഇന്ത്യയിലെ ഗുരുക്കന്മാരുടെ ഗ്രന്ഥങ്ങളിൽ നബിതിരുമേനി(സ)യെ സംബന്ധിച്ച് പ്രവചിക്കപ്പെട്ടിരിക്കുന്നുവെന്നും അവിടന്നു ചൂണ്ടിക്കാണിക്കുകയുണ്ടായി. അതുകൊണ്ട് തന്നെ ഹിന്ദുക്കളും മുസ്‌ലിംകളും ഒരമ്മ പെറ്റ മക്കളെപ്പോലെ സ്നേഹത്തിൽ കഴിയേണ്ടവരാണെന്ന് അവിടന്ന് ഉൽബോധിപ്പിച്ചുകൊണ്ടിരുന്നു. തന്റെ മരണത്തിന് ദിവസങ്ങൾക്ക് മുമ്പ് അദ്ദേഹം ചെയ്തത് ഇന്ത്യയിലെ ഹിന്ദു-മുസ്‌ലിം നേതാക്കളെ ബന്ധപ്പെട്ട് ലാഹോറിൽ ഒരു മൈത്രീസമ്മേളനം വിളിച്ചുകൂട്ടുകയും, അവിടെ വായിച്ചവതരിപ്പിക്കുവാൻ 'മൈത്രീസന്ദേശം' എന്ന പേരിൽ എന്ന ഉപന്യാസം രചിക്കുകയുമായിരുന്നു. മലയാളത്തിൽ പ്രസിദ്ധീകരിച്ച പ്രസ്തുത ഉപന്യാസം വായിക്കുന്ന ഏതൊരാൾക്കും ഹിന്ദു-മുസ്‌ലിം മൈത്രിയ്ക്ക് വേണ്ടി അദ്ദേഹം മുന്നോട്ട് വെച്ച തത്വങ്ങളുടെ മേന്മ ബോധ്യമാവും. ശങ്കർദാസ് മിഹ്റയെപ്പോലുള്ള ഇന്ത്യയിലെ നിരവധി ദേശീയ നേതാക്കൾ ആ മഹാത്മാവിന്റെ ശ്രമങ്ങളെ ശ്ലാഘിക്കുകയുണ്ടായി. പ്രസ്തുത ഗ്രന്ഥത്തിൽ (1908) ഇന്ത്യയുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിന് വേണ്ടി മുസ്‌ലിംലീഗും, കോൺഗ്രസും യോജിച്ച് പ്രവർത്തിക്കേണ്ട ആവശ്യകത ഊന്നിപ്പറയുന്നുമുണ്ട്.

സിക്കുകാരുടെ 80 വർഷത്തെ ദുർഭരണത്തിൽ നിന്നുള്ള മോചനമായിരുന്നു ബ്രിട്ടീഷ് ഭരണത്തിന്റെ വരവോടെ പഞ്ചാബിലെ മുസ്‌ലിംകൾക്ക് ലഭിച്ചിരുന്നത്. സിക്കുകാരുടെ ഭരണത്തിൽ ബാങ്ക് വിളിക്കുവാനുള്ള

സ്വാതന്ത്ര്യം പോലും ലഭിച്ചിരുന്നില്ല. എത്രയോ മുസ്‌ലിംകൾ സിക്കുകാരുടെ കൊലക്കത്തിക്കിരയായിരുന്നു. ഗോഹത്യ നടത്തി എന്നതിന്റെ പേരിൽ പോലും മുസ്‌ലിംകൾ നിഷ്ഠൂരമായി വധിക്കപ്പെട്ടിരുന്നു. അബുൽ ഹസൻ അലി നദ്‌വി തന്റെ 'ഖാദിയാനിസം' എന്ന ഗ്രന്ഥത്തിൽപോലും ഇക്കാര്യം വിവരിക്കുന്നുണ്ട്. ചരിത്രഗ്രന്ഥങ്ങളിലെല്ലാം സിക്കുകാരുടെ ദുർഭരണത്തെ സംബന്ധിച്ച് വിവരിക്കുന്നുണ്ട്. യഥാർത്ഥത്തിൽ ഫറോവമാരുടെ കാലഘട്ടത്തിലെ ബനൂഇസ്രാഈൽകാരുടെ അവസ്ഥയായിരുന്നു സിക്കു ഭരണത്തിൽ പഞ്ചാബിലെ മുസ്‌ലിംകൾ അനുഭവിച്ചിരുന്നത്. ബ്രിട്ടീഷുകാർ സിക്കുകാരെ പരാജയപ്പെടുത്തി ഭരണം സ്ഥാപിച്ചതോടെ സകല മതസ്ഥർക്കും നീതി ലഭിക്കുകയും മുസ്‌ലിംകൾക്ക് സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായു ശ്വസിക്കുവാൻ കഴിയുകയും ചെയ്തു. ബ്രിട്ടീഷുകാരന്റെ ദൈവം മരിച്ചുപോയി എന്ന് പ്രഖ്യാപിക്കുവാനുള്ള സ്വാതന്ത്ര്യം കൂടി ബ്രിട്ടീഷ് ഭരണത്തിൽ ലഭിക്കുകയുണ്ടായെന്നത് ഒരു സത്യമല്ലേ. ഈ ഒരു സാഹചര്യത്തിലാണ് മുഴുവൻ മുസ്‌ലിം സംഘടനകളും നേതാക്കളും ബ്രിട്ടീഷുകാരെ സ്തുതിച്ചതുപോലെ ഹ: അഹ്‌മദ് (അ) അവരെ സ്തുതിക്കുകയുണ്ടായത്. ഇത് തികച്ചും ഇസ്‌ലാമികമായ ഒരു മര്യാദയാണ് എന്നതാണ് സത്യം. വിശ്വാസ–പ്രവർത്തന–പ്രചരണസ്വാതന്ത്ര്യം അനുവദിക്കുന്ന ഒരു ഭരണകൂടത്തെ അനുസരിക്കലും, അവർക്കെതിരിൽ കലാപം നടത്താതിരിക്കുക എന്നതും, ഇസ്‌ലാമിന്റെ വ്യക്തായ പാഠമാണ്. ഭൂമുഖത്ത് വന്ന ഏതെങ്കിലുമൊരു പ്രവാചകനോ, അനുയായികളോ ഇത്തരത്തിലുള്ള ഭരണകൂടത്തിനെതിരിൽ സമരം നയിച്ചതായി തെളിയിക്കാൻ ജമാഅത്തെ ഇസ്‌ലാമിക്കാർക്കോ കൂട്ടാളികൾക്കോ സാധ്യമാണോ?

ജമാഅത്തെ ഇസ്‌ലാമിയുടെ ആചാര്യൻ അബുൽ അഅ്‌ലാ മൗദൂദി ബ്രിട്ടീഷ് ഭരണത്തിന് കീഴിൽ പഞ്ചാബിലെ പഠാൻകോട്ടായിരുന്നില്ലേ 'ദാറുൽ ഇസ്‌ലാം' എന്ന പേരിൽ തന്റെ കേന്ദ്രം സ്ഥാപിച്ചിരുന്നത് – മുസ്‌ലിമും ഇന്ത്യക്കാരനുമായിരുന്ന ഹൈദരാബാദ് നൈസാമിന്റെ ഭരണത്തിൽകീഴിലുള്ള ഔറാംഗാബാദ് എന്ന (ഇന്നത്തെ മഹാരാഷ്ട്രസംസ്ഥാനം) സ്വന്തം ജന്മദേശം വിട്ട് ആയിരക്കണക്കിന് മൈലുകൾക്കപ്പുറത്ത് ബ്രിട്ടീഷ് ഭരണത്തിൽ അഭയം തേടി അവിടം തന്റെ പ്രവർത്തന കേന്ദ്രമാക്കി തിരഞ്ഞെടുക്കുവാൻ മൗദൂദിയെ പ്രേരിപ്പിച്ചത് എന്തായിരുന്നു.

ഹ: അഹ്‌മദ് (അ) തന്റെ ജന്മദേശം തന്നെ പ്രവർത്തനകേന്ദ്രമാക്കിയപ്പോൾ മൗദൂദി ജന്മഗേഹം വിട്ട് ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ തന്റെ പ്രവർത്തനകേന്ദ്രം തെരഞ്ഞെടുത്തതിന്റെ പൊരുൾ എന്തായിരുന്നു. ഐ.പി.എച്ച്. പ്രസിദ്ധീകരിച്ച ടി. മുഹമ്മദിന്റെ 'അബുൽ അഅ്‌ല' എന്ന ജീവചരിത്രത്തിൽ പറയുന്നത്: താങ്കൾ അടിമത്ത ചുറ്റുപാടിൽ നിന്ന് (നൈസാമിന്റെ നാട്) പുറത്തു കടന്ന് സ്വാതന്ത്ര്യമായ ചുറ്റുപാടിലേക്ക് (ബ്രിട്ടീഷുകാർ ഭരിക്കുന്ന പഞ്ചാബ്) താങ്കളുടെ പ്രവർത്തനകേന്ദ്രം മാറ്റണമെന്ന് പറഞ്ഞുകൊണ്ട് അല്ലാമാ ഇക്ബാൽ ക്ഷണിച്ചതുകൊണ്ടാണ് മൗദൂദി തന്റെ കേന്ദ്രം പഞ്ചാബിലേക്ക് മാറ്റിയതെന്നാണ്. ഇങ്ങനെയുള്ള മൗദൂദിയുടെ അനുയായികളാണ് മഹ്ദീ-മസീഹ് (അ)മിനെ ബ്രിട്ടീഷ് ബന്ധം ആരോപിച്ച് അധിക്ഷേപിക്കുന്നതെന്നത് ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ വിരോധാഭാസമല്ലേ?

അഹ്‌ലെ ഹദീസുകാരുടെ ദാറുൽ ഉലൂം നദ്‌വത്തുൽ ഉലൂം സ്ഥാപിച്ചത് തന്നെ ബ്രിട്ടീഷുകാരാണെന്ന് അവർ തന്നെ പറയുന്നത് കാണുക. 'അന്നദ്‌വ' മാസിക എഴുതുന്നു: *"1908 നവംബർ 28-ന് ദാറുൽ ഉലൂം നദ് വത്തുൽ ഉലമയുടെ അസ്തിവാരം ഇട്ടത് ലെഫ്. ഗവർണർ സർ. ജോൺ സ്റ്റാട്ട് ഹ്യൂബ് കെ.സി. എസ്. ഐ.ഇ. ആയിരുന്നു. ഈ സുപ്രസിദ്ധ മതപഠനകേന്ദ്രം ഒരംഗ്ലീഷുകാരന്റെ ഔദാര്യത്താൽ നിർമ്മിക്കപ്പെട്ടതാണ്"* (അന്നദ്‌വ ഡിസ. 1908) മാത്രമല്ല ഈ സ്ഥാപനത്തിൽ നിന്ന് പഠിച്ചിറങ്ങുന്ന ഉലമാക്കളുടെ പ്രഥമ കർത്തവ്യം ബ്രിട്ടീഷുകാരെ സ്തുതിക്കലാണെന്ന കാര്യം കൂടി പ്രസ്തുത പത്രം തന്നെ എഴുതുന്നു: *"നദ്‌വത്തിന് രാഷ്ട്രീയവുമായി ഒരു ബന്ധവും ഇല്ലെങ്കിലും ഉൽപതിഷ്ണുക്കളായ ഉലമാക്കളെ വാർത്തെടുക്കുക എന്നുള്ളതാണ് അതിന്റെ സ്ഥാപന ഉദ്ദേശ്യം. ഇത്തരം ഉലമാക്കളുടെ പ്രധാന കർത്തവ്യം ഗവൺമെണ്ടിന്റെ അനുഗ്രഹാശിസ്സുകളെകുറിച്ച് പഠിക്കുകയും ഈ ഗവൺമെണ്ടിനോട് വിശ്വാസം വെച്ചുപുലർത്തേണ്ടതിന്റെ ആവശ്യകതയെ ജനങ്ങൾക്ക് ബോധ്യപ്പെടുത്തുകയും ചെയ്യുക എന്നുള്ളതാണ്.'* (അന്നദ്‌വ 1908 ജൂലായ്)

അഹ്‌റാരീ നേതാവും, അഹ്‌മദിയ്യാ ജമാഅത്തിന്റെ ബദ്ധശത്രുവും ജമാഅത്തെ ഇസ്‌ലാമിക്കാരുടെ സ്നേഹഭാജനവുമായ മൗലാനാ സഫർ അലിഖാൻ പറയുന്നു: *"മുസ്‌ലിംകൾ ഒരു നിമിഷനേരത്തേക്കു കൂടി ഈ ഭരണകൂടത്തിനെതിരായി ദുരൂഹം കൊള്ളാൻ പാടില്ല. ഭാഗ്യം കെട്ട ഏതെങ്കിലും ഒരു മുസൽമാൻ ഈ ഗവൺമെന്റിനെതിരെ തിരിയുകയാണെങ്കിൽ അവൻ ഒരു*

***(ശേഷം 30-ൽ)***

ബി.എ. മുഹമ്മദ് നജീബ്
എറണാകുളം

ലേഖനം

# ആരാണ് ബ്രിട്ടീഷ് ഏജന്റ്?

## ജമാഅത്തെ ഇസ്‌ലാമി നേതാവ് ശൈഖ് മുഹമ്മദ് കാരക്കുന്ന് 'മലയാളം' വാരികയിൽ അഹ്മദിയ്യാ ജമാഅത്തിനെതിരെ നടത്തിയ പരാമർശത്തോടുള്ള പ്രതികരണം. അതേ വാരികയിൽ (16 ഏപ്രിൽ 2010) പ്രസിദ്ധീകരിച്ചത്

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെതിരെ ജമാഅത്തെ ഇസ്‌ലാമി അമീർ ശൈഖ് മുഹമ്മദ് കാരക്കുന്ന് ഉന്നയിച്ച ആരോപണങ്ങൾ (മാർച്ച് 12) സത്യത്തിനു നിരക്കാത്തതും ദുരുദ്ദേശപരവുമാണ്. ബ്രിട്ടീഷുകാർ ഉൾപ്പെടെയുള്ള ക്രൈസ്തവരുടെ ദൈവമായ യേശു മരണപെട്ടുവെന്ന് ബൈബിളിന്റെയും വിശുദ്ധ ഖുർആൻ വചനങ്ങളുടെയും വെളിച്ചത്തിൽ ലോകത്തോട് പ്രഖ്യാപിച്ച വ്യക്തിയാണ് അഹ്മദിയാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകനായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ). തങ്ങളുടെ വിശ്വാസപ്രമാണങ്ങൾക്കെതിരെ പ്രചാരണം നടത്തിയ വ്യക്തിയെ എങ്ങനെയാണ് ബ്രിട്ടീഷുകാർ തന്നെ പ്രവാചകനായി അവതരിപ്പിച്ചതെന്ന് വിശദീകരിച്ചാൽ വായനക്കാർക്ക് ഉപകാരമായിരിക്കും. മാത്രമല്ല ക്രിസ്തീയ സഹോദരന്മാർ വിശ്വസിക്കുന്നതുപോലെ തന്നെ യേശു ആകാശത്ത് ജീവിച്ചിരിപ്പുണ്ടെന്നാണ് ജമാഅത്തെ ഇസ്‌ലാമിക്കാർ എന്ന മൗദൂദികളും വിശ്വസിച്ച് വരുന്നത്. അപ്പോൾ ആരായിരിക്കും ബ്രിട്ടീഷ് ഏജന്റ്? വായനക്കാർ വിലയിരുത്തട്ടെ. ബ്രിട്ടീഷുകാർക്കെതിരെയുള്ള ജിഹാദ് നിർത്തലാക്കിയെന്നതാണ് മറ്റൊരാരോപണം. ജിഹാദ് എന്നാൽ, പരിശ്രമം എന്നാണർത്ഥം. മതത്തിന്റെ പേരിൽ അവിശ്വാസികൾക്കെതിരെ വാളോങ്ങുകയല്ല ജിഹാദ്. അങ്ങനെയാണ് അതിന്റെ അർത്ഥമെന്ന് ഇസ്‌ലാമിന്റെ വൈരികൾ പ്രചരിപ്പിച്ച അസംബന്ധമാണ്. ലാ ഇക്റാഹ ഫിദ്ദീൻ - മതത്തിൽ ബലാൽക്കാരമില്ല - എന്നാണ് വിശുദ്ധ ഖുർആന്റെ പ്രഖ്യാപനം. മാത്രമല്ല വാഗ്ദത്ത മസീഹ് (അ) മതയുദ്ധങ്ങൾക്ക് വിരാമമിടുമെന്ന് മുഹമ്മദ് നബി(സ) പ്രവചിച്ചിട്ടുള്ളതുമാണ്. "അല്ലാഹുവിനേയും അവന്റെ ദൂതനേയും നിങ്ങളിൽ നിന്നുള്ള ഭരണാധികാരികളെയും അനുസരിക്കുവിൻ" എന്നത് വിശുദ്ധ ഖുർആന്റെ കല്പനയാണ്. അത് ഒരാക്ഷേപമായി ഉന്നയിച്ചാൽ അഹ്മദിയ്യാ മുസ്‌ലിങ്ങൾക്ക് അപമാനമല്ല. അഭിമാനമാണ് തോന്നുന്നത്.

സായുധ വിപ്ലവമാണ് മൗദൂദികളുടെ ലൈൻ. ജനാധിപത്യരീതിയിലുള്ള പ്രതിഷേധം ഉപേക്ഷിച്ചുകൊണ്ട് ഭരണകൂടത്തോട് പോരാടി എരിഞ്ഞടങ്ങിയ തമിഴ്പുലികളുടെ പാതയിലേക്ക് തന്നെയാണ് മുസ്‌ലിം യുവാക്കളെ മൗദൂദികളും നയിക്കുന്നത്. അക്രമപരമായ പ്രവർത്തങ്ങളിലേർപ്പെടാതെ ധാർമ്മിക മൂല്യങ്ങളിൽ ഊന്നിയ പ്രവർത്തനങ്ങളിലൂടെ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന് പരിശ്രമിച്ചവരാണ് അഹ്മദികളെന്ന് ചരിത്രപുസ്തകം നേരെ ചൊവ്വേ പിടിച്ച് വായിച്ചാൽ ബോധ്യമാകും. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിലെ അംഗവും വിശ്വപ്രസിദ്ധ ഖുർആൻ ഭാഷ്യകാരനും ലോക കോടതി ജഡ്ജിയും ഐക്യരാഷ്ട്ര അസംബ്ലി പ്രസിഡന്റുമായിരുന്ന സർ സഫറുല്ലാ ഖാൻ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ സജീവമായി പങ്കെടുത്ത വ്യക്തിയാണ്. ഒരു കലാപത്തിലും ജമാഅത്തെ ഇസ്‌ലാമി പങ്കെടുത്തിട്ടില്ല എന്ന വാദം ശുദ്ധ കളവാണ്.

1953-ൽ മൗലാനാ മൗദൂദിയുടെ നേതൃത്വത്തിലാണ് ഒട്ടനേകം അഹ്മദിയാ മുസ്‌ലിങ്ങളുടെ ജീവനും സ്വത്തും ഹനിക്കപ്പെട്ട കലാപം പാകിസ്താനിൽ അരങ്ങേറിയത്. കലാപത്തെക്കുറിച്ച് അന്വേഷിക്കാനാണ് പാകിസ്താൻ സുപ്രീംകോടതി ചീഫ് ജസ്റ്റിസായിരുന്ന മുഹമ്മദ് മുനീർ ചെയർമാനായി കമ്മീഷനെ നിയോഗിച്ചത്. നിരവധി രാഷ്ട്രീയ ലക്ഷ്യങ്ങളുണ്ടായിരുന്ന കലാപം. പാകിസ്താൻ പഞ്ചാബിലെ ക്രമസമാധാനാന്തരീക്ഷത്തെ തകർക്കുകയും ഗവർണ്ണർ ജനറൽ ഗുലാം

മുഹമ്മദ് നിസാമുദ്ദീൻ, മന്ത്രിസഭ പിരിച്ചുവിടുകയും ചെയ്തു. അട്ടിമറിയുടേയും കലാപത്തിന്റേയും കേന്ദ്ര ബിന്ദുവായി പ്രവർത്തിച്ച മൗലാനാ മൗദൂദിയെ പട്ടാള കോടതി വധശിക്ഷയ്ക്ക് വിധിച്ചു. പിന്നീട് ശിക്ഷ ലഘൂകരിക്കപ്പെടുകയുണ്ടായി. പ്രക്ഷോഭകാലത്ത് 'ഖാദിയാനി മസ്അല' എന്ന ലഘുലേഖ എഴുതിയ നിരുപദ്രവകരമായ കുറ്റത്തിനാണ് മൗദൂദിയെ വധശിക്ഷക്ക് വിധിച്ചതെന്ന് ഇന്ത്യയിലെയും പാകിസ്താനിലെയും ജമാഅത്തെ ഇസ്‌ലാമിക്കാർ പ്രചരിപ്പിക്കാറുണ്ട്. എന്നാൽ, ഈ കൃതി ഇന്നേവരെ പാകിസ്ഥാനിൽ നിരോധിച്ചിട്ടില്ല എന്നതിൽ നിന്ന് അവരുടെ വാദം കളവാണെന്ന് തെളിയുന്നു. 1953-ലെ കലാപം മതന്യൂനപക്ഷങ്ങൾക്കുള്ള അവകാശങ്ങൾ നേടിയെടുക്കാൻ വേണ്ടിയാണെന്ന് പറഞ്ഞ് കുറിപ്പുകാരൻ പിടിച്ചുനിൽക്കാൻ നോക്കുകയാണ്. അങ്ങനെയാണെങ്കിൽ ഗുജറാത്തിൽ നടന്ന മുസ്‌ലിം വംശഹത്യ മുസ്‌ലിംങ്ങളുടെ അവകാശസംരക്ഷണത്തിനുവേണ്ടിയാണെന്ന് പറഞ്ഞ് നാളെ നരേന്ദ്രമോഡിയുടെ ശിഷ്യന്മാരും രംഗത്തെത്തിയാൽ അദ്ഭുതപ്പെടേണ്ടതില്ല. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നാലാം ഖലീഫ ഹദ്റത്ത് മിർസാ താഹിർ അഹ്മദ് സാഹിബ് രചിച്ച 'മതത്തിന്റെ പേരിൽ മനുഷ്യഹത്യ' എന്ന ഗ്രന്ഥത്തിൽ മൗദൂദി സാഹിബിന്റെ ജിഹാദിനെക്കുറിച്ചുള്ള വികല സങ്കല്പങ്ങൾ വിമർശന വിധേയമാക്കുന്നുണ്ട്. ബോംബെയിൽ നടന്ന കലാപത്തിൽ സംഘപരിവാറിന്റെ പങ്ക് ഈശ്വര വിശ്വാസിയായ ശ്രീകൃഷ്ണ കമ്മീഷൻ അസന്ദിഗ്ദ്ധമായി വ്യക്തമാക്കിയിട്ടുണ്ടെന്നുള്ളത് വാസ്തവമാണ്. പക്ഷേ, മുസ്‌ലിങ്ങൾക്കുവേണ്ടി മുതലക്കണ്ണീരൊഴുക്കാൻ കലാപകാരികളായ മൗദൂദികൾക്ക് എന്തവകാശമാണുള്ളത്. ■

---

### *(29-ൽ നിന്ന് തുടർച്ച)*

*മുസൽമാനേ അല്ല എന്ന് ഞങ്ങൾ ഉച്ചൈസ്തരം അറിയിക്കുകയാണ്"* (സമീന്ദാർ ലാഹോർ 11-11-1911) അല്ലാമാ ഇക്ബാൽ ഇതിലും കവിഞ്ഞ നിലയിലാണ് ബ്രിട്ടീഷ് ഗവൺമെണ്ടിനേയും ചക്രവർത്തിയേയും സ്തുതിച്ചിട്ടുള്ളത്.

ഇന്ത്യൻ ദേശീയപ്രസ്ഥാനം കത്തിനില്ക്കുകയും ക്വിറ്റ് ഇന്ത്യാ 'സമരം കൊടുമ്പിരിക്കൊള്ളുകയും ഇന്ത്യൻ ജനതയൊന്നടങ്കം സ്വാതന്ത്ര്യത്തിന് വേണ്ടി രംഗത്തിറങ്ങുകയും ചെയ്ത നിർണ്ണായകഘട്ടത്തിൽ ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തേയും സ്വാതന്ത്ര്യപോരാളികളെയും മുഴുക്കെ അധിക്ഷേപിക്കുകയും, അവർക്കെതിരിൽ കുഫ്റ് - ശിർക്ക് ഫത്‌വകൾ പുറപ്പെടുവിക്കുകയുമാണ് ജമാഅത്തെ ഇസ്‌ലാമി ആചാര്യൻ ചെയ്തതെന്ന കാര്യം ഇന്ത്യയിലെ മൗദൂദികൾ മറച്ചുവെക്കുകയാണ്. മൗദൂദി പറയുന്നത് കാണുക: *"ഭരണാധികാരം ഇംഗ്ലീഷുകാരായ അമുസ്‌ലിമിൽ നിന്ന്, ഇന്ത്യക്കാരായ അമുസ്‌ലിമിലേക്ക് നീങ്ങുകയാണ് ഈ സമരത്തിന്റെ ഫലം. ഇത്തരമൊരു സ്വതന്ത്രരാഷ്ട്രത്തിനുവേണ്ടി പോരാട്ടം നടത്തുന്നത് തീർച്ചയായും മുസ്‌ലിംകൾക്ക് ഹറാമാണ്. മാത്രമല്ല ഈ നീക്കങ്ങളെ കൈയും കെട്ടി നോക്കിനിൽക്കുന്നതും അവർക്ക് ഹറാം തന്നെയാണ്* (തഹ്‌രീകെ ആസാദി ഹിന്ദ് പേ. 71) വീണ്ടും പറയുന്നു: '*'ഇന്ത്യരാജ്യം പൂർണ്ണമായോ, ഭാഗികമായോ, ഇസ്‌ലാമികഭരണപ്രദേശമാകണം. അത്തരമൊരു സ്വതന്ത്രരാഷ്ട്രത്തിനുവേണ്ടി മാത്രമേ ഞങ്ങൾ സമരത്തിനുള്ളൂ. അതിന് മാത്രമേ മതദൃഷ്ട്യാ ഞങ്ങൾക്ക് ബാധ്യതയുള്ളൂ - എന്നാൽ ഇന്ത്യ സ്വതന്ത്രമാകുന്നതിന്റെ ഫലമായി നിലവിലുള്ളതുപോലെ അല്ലെങ്കിൽ അതിനേക്കാൾ മോശമായ ഒരു അമുസ്‌ലിം ഭരണപ്രദേശം തന്നെയാണ് ആവുന്നതെങ്കിൽ ഞങ്ങളിതാ നിസ്സങ്കോചം പച്ചയായി പ്രഖ്യാപിക്കുന്നു; അത്തരമൊരു സ്വതന്ത്രരാജ്യത്തിന് ആയിരം വട്ടം ശാപം!! അതിന് വേണ്ടി സംസാരിക്കുക, എഴുതുക, പണം ചെലവഴിക്കുക, ദണ്ഡനമേൽക്കുക, ജയിലിൽ പോകുക തുടങ്ങിയ സകലതും ഹറാം തന്നെ* (തഹ്‌രികെ ആസാദി ഹിന്ദ് പേ. 68)"

മൗദൂദി വീണ്ടും ജല്പിക്കുന്നത് കാണുക: *"ബ്രിട്ടീഷുകാരന്റെ ഭരണത്തേക്കാൾ നല്ലത് ഇന്ത്യൻ ജനാധിപത്യമാണ്. ബ്രിട്ടീഷുകാരന്റെ നിയമത്തേക്കാൾ നല്ലത് ഇന്ത്യൻ നിയമമാണ്. ഇതാണ് ഇവരുടെ വാദം. എന്നാൽ ഇസ്‌ലാമിക വീക്ഷണത്തിൽ രണ്ടും ഒരുപോലെ അതിക്രമമാണ്; കുഫ്റാണ്; ധിക്കാരമാണ്"* (സിയാസീ കശ്മകശ് പേ. 124) ഈ മൗദൂദിയുടെ അനുയായികളാണ്, വ്യക്തമായ ഇസ്‌ലാമിക അധ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ, വിശ്വാസ-പ്രവർത്തസ്വാതന്ത്ര്യം, നൽകുന്ന ഒരു ഭരണക്കൂടത്തെ അനുസരിക്കേണ്ടതാണെന്നും, അവർക്കെതിരിൽ മതയുദ്ധം നടത്തുവാൻ പാടില്ലെന്നും പ്രഖ്യാപിച്ചതിന്റെ പേരിൽ ഹ: അഹ്മദ് (അ)മിനെതിരിൽ അധിക്ഷേപം ചൊരിയുന്നത്. അവിടത്തെ ഈ ഉപദേശം ഏത് കാലത്തും പ്രസക്തവും, ലോകസമാധാനത്തിന് അനിവാര്യമായ തത്വവുമാണ്. എന്നാൽ തങ്ങളുടെ ആചാര്യന്റെ ഉപദേശത്തിൽ ഉറച്ചുനിൽക്കുന്നുവെന്ന് പ്രഖ്യാപിക്കാൻ മൗദൂദികൾക്ക് ചങ്കൂറ്റമുണ്ടോ?!! ■

സക്കരിയ്യാ വിർക്ക് - കാനഡ

ലേഖനം

# ഇബ്നു അറബി (1165-1240): സൂഫിയും ജ്ഞാനിയും (തുടർച്ച)

**ആത്മീയതയുടെ നിഗൂഢതലങ്ങളെ ഭാഷയിലൂടെ ആവിഷ്കരിച്ച ഇബ്നു അറബിയെ അർത്ഥമറിയാതെ ആളുകൾ തെറ്റിദ്ധരിക്കുകയായിരുന്നു**

## കോനിയോയിലെ ജീവിതം

കോനിയോയിലെ സ്വീകരണം ഇബ്നു അറബിയെ നിരുത്സാഹപ്പെടുത്തി. 1207ൽ അദ്ദേഹം മക്കയിലേക്ക് മടങ്ങി. ഒരു വർഷം നീണ്ട താമസത്തിനുശേഷം അദ്ദേഹം ഏഷ്യാമൈനറിലേക്ക് (തുർക്കി) യാത്രയായി. 1260ൽ അദ്ദേഹം അവിടെ എത്തിയപ്പോൾ റോമിലെ സൽജൂക്ക് സുൽത്താനായിരുന്ന കേകൌസും (1210-1220) കോനിയോയിലെ ജനങ്ങളും അദ്ദേഹത്തെ ഹാർദ്ദമായി സ്വീകരിച്ചു. ഇവിടെ സദറുദ്ദീൻ അദ്ദേഹത്തിന്റെ വിശ്വസ്തനായ ശിഷ്യരായിരുന്നു. സദറുദ്ദീൻ പിന്നീട് ഇബ്നു അറബിയുടെ അദ്ധ്യാപനങ്ങളുടെ വിശദീകരണം നൽകുകയും അദ്ദേഹത്തിന്റെ രചനകളെക്കുറിച്ച് നിരവധി വ്യാഖ്യാനങ്ങൾ എഴുതുകയും ചെയ്തിട്ടുണ്ട്. സദറുദ്ദീൻ മൗലാനാ ജലാലുദ്ദീൻ റൂമിയുടെ ഒരുറ്റ ചങ്ങാതിയും 13-ാം നൂറ്റാണ്ടിലെ ശ്രദ്ധേയനായ സൂഫിയുമായിരുന്ന ഖുത്തുബുദ്ദീൻ ശീറാനി (1236-1411)യുടെ അദ്ധ്യാപകനുമായിരുന്നു. 1211-ൽ തന്റെ ചില ശിഷ്യന്മാരോടൊപ്പം അദ്ദേഹം ബാഗ്ദാദിലേക്ക് പോയി. ഇവിടെ വെച്ച് അദ്ദേഹം മഹാനായ സൂഫി ഗുരു ശിഹാബുദ്ദീൻ സുഹർവർദിയുമായി കൂടിക്കാഴ്ച നടത്തി. തന്റെ പ്രജകളായ ക്രിസ്ത്യാനികളോടുള്ള പെരുമാറ്റത്തെക്കുറിച്ച് അഭിപ്രായമാരാഞ്ഞു. സുൽത്താൻ കൗസിന് 1212ൽ ഇബ്നു അറബി ഒരു കത്തെഴുതി. ക്രിസ്ത്യാനികളോട് കർശനമായ നിലപാട് കൈക്കൊള്ളണമെന്നും ഇസ്ലാമിന് ക്ഷതമേൽപ്പിക്കുന്ന അവരെ തടയണമെന്നും ഇബ്നു അറബി അദ്ദേഹത്തെ ഉപദേശിച്ചു. അക്കാലത്ത് നടന്നുകൊണ്ടിരുന്ന കുരിശുയുദ്ധം കാരണമായിരിക്കണം ഒരുപക്ഷേ, അദ്ദേഹം അങ്ങനെ ഒരുപദേശം നല്കിയത്.

1213ൽ അദ്ദേഹം മക്കയിലേക്ക് യാത്ര ചെയ്തു. രണ്ടു വർഷങ്ങൾക്ക് ശേഷം വീണ്ടും തുർക്കിയിലേക്ക് പോയി. അവിടെ കേകൗസിനെ കാണുകയും അന്തിയോക്യാക്ക് യുദ്ധത്തിൽ വിജയിക്കുമെന്ന് മുൻകൂട്ടി പറയുകയും ചെയ്തു. അദ്ദേഹം പിന്നീട് അല്ലപ്പോയിലേക്ക് പോയി. 1221 വരെ അവിടെ താമസിച്ചു. 1223ൽ ഡമാസ്ക്കസ്സിൽ സ്ഥിരതാമസമാക്കാൻ തീരുമാനിച്ചു. സംഭവബഹുലമായ തന്റെ ജീവിതത്തിന്റെ ബാക്കി സമയം അങ്ങനെ സമാധാനത്തിൽ ചെലവഴിക്കാൻ ഇബ്നു അറബി ആഗ്രഹിച്ചു. ഭരണാധികാരിയായ അൽ മാലിക്ക് അൽ ആദിൽ അദ്ദേഹത്തോട് വളരെ ആദരപൂർവ്വമാണ് പെരുമാറിയത്. 1240 അദ്ദേഹം അന്ത്യശ്വാസം വലിച്ചു. ഡമാസ്കസിന്റെ വടക്ക് ഖാസിയുൻകുന്നിനു സമീപം സാലിഹിയയിലാണ് അദ്ദേഹത്തെ കബറടക്കിയത്. 16ാം നൂറ്റാണ്ടിൽ അദ്ദേഹത്തിന് ഒരു സ്മാരകം പണിതു. സൂഫികൾക്ക് അവിടം ഇന്നും ഒരു തീർത്ഥാടനകേന്ദ്രമാണ്.

## സന്തതികൾ

ഇബ്നു അറബി മൂന്ന് രാജ്യങ്ങളിലായി മൂന്നു വിവാഹം കഴിച്ചു. സെവില്ലെയിൽ താമസിക്കുന്ന കാലത്ത് സൂഫിയാകാനുള്ള തന്റെ ആഗ്രഹം പങ്കുവെച്ച മുഹമ്മദുബിൻ അബ്ദുവിന്റെ മകളായ മറിയമിനെ അദ്ദേഹം വിവാഹം ചെയ്തു. അദ്ദേഹത്തിന്റെ രണ്ടാമത്തെ ഭാര്യ മക്കയിലെ ശരീഫിന്റെ മക

ളായ ഫാത്തിമയായിരുന്നു. അവരായിരുന്നു ഇമാദുദ്ദീന്റെ മാതാവ്. അവസാനമായി അദ്ദേഹം ഡമാസ്ക്കസ്സിലെ ഖാദി അൽ ഖസായുടെ മകളെ വിവാഹം ചെയ്തു.

അദ്ദേഹത്തിന് രണ്ട് പുത്രന്മാരുണ്ടായിരുന്നു. സഅദുദ്ദീൻ മുഹമ്മദ് (1221–1258) ഒരു പ്രശസ്ത കവിയായിരുന്നു. ഇമാദുദ്ദീൻ മുഹമ്മദ് (ചരമം 1268) ആയിരുന്നു മറ്റൊരു മകൻ.

## ഇബ്നു അറബിയുടെ കൃതികൾ

സൂഫികൾക്കിടയിൽ ഇബ്നു അറബി പരാമർശിക്കപ്പെട്ടിരുന്നത് ശൈഖുൽ അക്ബർ, മഹാനായ അദ്ധ്യാപകൻ എന്നായിരുന്നു. തന്റെ സിദ്ധാന്തങ്ങൾ ആദ്യമായി എഴുത്തുമുഖേന പ്രകടിപ്പിച്ച വ്യക്തിയായിരുന്നു അദ്ദേഹം. അതിനു മുമ്പ് വാമൊഴിയായി മാത്രമായിരുന്നു അദ്ധ്യാപകർ അദ്ധ്യാപനം നടത്തിയിരുന്നത്. വിവിധ വിഷയങ്ങളിലുള്ള കാര്യങ്ങൾ അദ്ദേഹം സമാഹരിച്ചു. കർമ്മശാസ്ത്രം, അതീന്ദ്രിയപരമായ സിദ്ധാന്തങ്ങൾ, പ്രപഞ്ചവിജ്ഞാനീയം, സംഖ്യാശാസ്ത്രം, യോഗദർശനപരമായ അവസ്ഥകൾ, സൂഫി സിദ്ധാന്തങ്ങൾ എന്നിവ അവയിൽപെടുന്നു. തന്റെ പുസ്തകങ്ങളുടെ പട്ടികയിൽ അദ്ദേഹം തന്നെ 251 കൃതികൾ ചേർത്തിട്ടുണ്ട്. ഇവയിൽ കുറച്ച് അച്ചടിക്കപ്പെടുകയും പരിഭാഷപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിലും ഏകദേശം 110 കൃതികൾ കയ്യെഴുത്തു രൂപത്തിലുണ്ട്. അതിൽ 18 എണ്ണം അദ്ദേഹത്തിന്റെ സ്വന്തം കൈയ്യക്ഷരത്തിലാണുള്ളത്. 71 എണ്ണം അച്ചടിക്കപ്പെട്ടിട്ടുണ്ട്. 33 എണ്ണം മുസ്ലിം പണ്ഡിതന്മാർ വ്യാഖ്യാനിച്ചിട്ടുണ്ട്.

അദ്ദേഹത്തിന് വിശുദ്ധ ഖുർആനിലും ഹദീസിലുമുള്ളത്ര തന്നെ പാണ്ഡിത്യം ഭാഷാശാസ്ത്രം, തത്വജ്ഞാനം, രസതന്ത്രം, പ്രപഞ്ചവിജ്ഞാനീയം എന്നിവയിലുമുണ്ടായിരുന്നു.

ഗദ്യത്തിലും പദ്യത്തിലും അദ്ദേഹം എഴുതുകയുണ്ടായി: വിശുദ്ധ ഖുർആന്റെ ഛന്ദോബദ്ധമായ പ്രാസമൊപ്പിച്ചുള്ള ഗദ്യം (സജ്) അദ്ദേഹത്തിന്റെ കൃതികളിൽ നിറഞ്ഞുകിടക്കുന്നു.

*'ഫുതുഹാത്തുൽ മക്കിയ്യ'* സൂഫിസത്തിന്റെ ഒരു വിശ്വവിജ്ഞാനകോശമാണ്. പാരമ്പര്യത്തിന്റേയും യുക്തിയുടേയും യോഗദർശനപരമായ ഉൾക്കാഴ്ചയുടേയും മൂന്ന് സരണികളേയും ഏകീകരിക്കുകയും വേർതിരിക്കുകയും ചെയ്യുന്നതാണ് സൂഫിസം. 1201ൽ ആദ്യമായി മക്ക സന്ദർശിച്ചപ്പോഴാണ് അദ്ദേഹം ഫുതുഹാത്തുൽ മക്കിയയുടെ രചന (Gnostic) ആരംഭിച്ചത്. 1237ൽ ഡമാസ്കസിൽ വെച്ചാണ് അത് പൂർത്തീകരിച്ചത്. യോഗദർശനപരമായ അനുഭവങ്ങൾ, മെറ്റാഫിസിക്കൽ സിദ്ധാന്തങ്ങൾ, ദർശനങ്ങൾ, പ്രപഞ്ച വിജ്ഞാനീയം, സൂഫീ സിദ്ധാന്തങ്ങൾ, ചിന്തകൾ എന്നിവ ഈ ഗ്രന്ഥം ഉൾക്കൊള്ളുന്നു. 560 അദ്ധ്യായങ്ങളിലുള്ള ബൃഹത്തായ ഒരു കൃതിയാണിത്. ഇബ്നു അറബി മനസ്സിലാക്കുകയും അനുഭവിക്കുകയും ചെയ്ത ഇസ്ലാമിലെ എല്ലാ വിഷയങ്ങളും ഉൾക്കൊളളുന്ന ഒരു ബൃഹദ് ഗ്രന്ഥമാണിത്. അതോടൊപ്പം തന്റെ ആത്മീയജീവിതത്തിലെ വിലയേറിയ വിവരങ്ങളും ഇതിലുണ്ട്. സ്വതന്ത്രമായ നിലയിലും ചിന്തയുടെ ഫലമായുമല്ല താനിതെഴുതിയതെന്ന് അദ്ദേഹം ഗ്രന്ഥത്തിൽ ഊന്നിപ്പറയുന്നുമുണ്ട്.

"ഞാനെഴുതിയതെല്ലാം പ്രചോദനത്തിന്റെ മലക്കുമുഖേന ദൈവം എനിക്ക് പറഞ്ഞുതന്നതാണിത്."

ഈ മഹത്തായ കൃതിയെക്കുറിച്ച് 100ൽ അധികം വ്യാഖ്യാനങ്ങൾ എഴുതപ്പെട്ടിട്ടുണ്ട്. 'ഫുസൂസുൽ ഹിക്കം.' അദ്ദേഹം രചിച്ചത് 1229ലാണ്. ജൂത ക്രൈസ്തവ ഇസ്ലാം മതപ്രവാചകന്മാരുടെ ജ്ഞാനത്തിന്റെ ആന്തരികാർത്ഥത്തിന്റെ വിശദീകരണമാണിത്. 27 അദ്ധ്യായങ്ങളിൽ ഓരോന്നും ഇസ്ലാമിലെ നിഗൂഢ തത്ത്വങ്ങളുടെ അടിസ്ഥാനസിദ്ധാന്തങ്ങൾ വിവരിക്കുന്നു. ഈ പുസ്തകത്തെപറ്റി ഇബ്നു അറബിക്കുണ്ടായ ഒരു ദർശനത്തിൽ, കയ്യിലൊരു ഗ്രന്ഥവുമായി മുഹമ്മദ് നബി(സ)യെ ഇബ്നു അറബിയെ സമീപിക്കുന്നു. പ്രസ്തുത പുസ്തകം ലോകത്ത് എല്ലായിടത്തും പ്രചരിപ്പിക്കാൻ ആ സ്വപ്നത്തിൽ റസൂൽ തിരുമേനി(സ) ഇബ്നു അറബിയോട് കല്പിക്കുകയും ചെയ്യുന്നു.

ഈ പുസ്തകം പുറത്തിറങ്ങിയത് കനത്ത വിമർശനങ്ങളെ നേരിട്ടുകൊണ്ടാണ്. ഇബ്നു തൈമിയ്യാ അടക്കം നിരവധി മതപണ്ഡിതന്മാരാൽ അദ്ദേഹം മതനിന്ദകനാണെന്ന് പ്രഖ്യാപിക്കപ്പെട്ടു. ഫുസൂസിന് നിരവധി വ്യാഖ്യാനങ്ങൾ എഴുതപ്പെട്ടിട്ടുണ്ട്. അവയിൽ ശ്രദ്ധേയമായവ ബദറുദ്ദീൻ അൽ കൊനവിയുടേതും അബ്ദുൽഗാനി അൽ നബ്ലൂസിയുടേതുമാണ്. സൂഫിസം വളർച്ച പ്രാപിച്ച ഇസ്ലാമിക രാജ്യങ്ങളിൽ ജ്ഞാനത്തെ സംബന്ധിക്കുന്ന ഗ്രന്ഥമായി പഠിപ്പിക്കപ്പെടുന്നുണ്ട്.

'റൂഹുൽ ഖുദ്സ് അൽദുർറത്തുൽ ഫക്കീറ' ഡോ. ആർ.ഡബ്ല്യു. ഓസ്റ്റിൻ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. 1971ൽ ഒറ്റ വാല്യമായി പ്രസീദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. 'അന്തലുഷ്യയിലെ സൂഫിമാർ' എന്ന ഗ്രന്ഥത്തിൽ 71 സൂഫിമാരുടെ ജീവിതരേഖകൾ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. ചില ചെറുകൃതികൾ ആസിൻ പലാ

സ്യോസ് 1931ൽ സ്പാനിഷ് ഭാഷയിലേക്ക് പരിഭാഷപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

അദ്ദേഹത്തിന്റെ കൈപ്പടയിൽ ഇന്ന് നിലവിലുള്ളത് 18 കൃതികൾ മാത്രമാണ്. ഇബ്നു അറബി സാക്ഷ്യപ്പെടുത്തിയ കോപ്പികളാണ് നിരവധിയുള്ളത്. ഇങ്ങനെ ഒപ്പിട്ട നിരവധി കയ്യെഴുത്തു കോപ്പികൾ ബഗ്ദാദ്, ഇസ്തംബുൾ, കോനിയോ എന്നിവിടങ്ങളിലെ ലൈബ്രറികളിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

## സൂക്തങ്ങൾ

ഇബ്നു അറബിയുടെ നിരവധി ഉദ്ധരണികൾ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ വീക്ഷണങ്ങളെക്കുറിച്ചുള്ള ഒരു അവബോധം അവ നമുക്കു നല്കുന്നു.

*'മറ്റുള്ളവർ ഉൾക്കാഴ്ച കൊണ്ട്' (ബസിറ) അറിയുന്നത് പോലെ അല്ലാഹുവിനെ അറിയുന്നവർ തങ്ങളുടെ കണ്ണിന്റെ കാഴ്ച (ബസ്വർ) കൊണ്ട് അറിയുന്നു. യഥാർത്ഥത്തിൽ ആരുമറിയാത്തത് അവർ ഉൾക്കാഴ്ച കൊണ്ടറിയുന്നു. എന്നാലും സ്വന്തം അഹംഭാവത്തിന്റെ ദോഷത്തിൽ നിന്നും അവരും സുരക്ഷിതരല്ല. പിന്നെ തന്റെ നാഥൻ മുൻകൂട്ടി നിശ്ചയിച്ചതിൽനിന്നും സുരക്ഷിതനാണെന്ന് അയാൾക്ക് എന്നെങ്കിലും തോന്നുന്നതെങ്ങനെ?'*

*'അറിയുന്നവന്റെ പ്രഭാഷണം ശ്രോതാവിന്റെ പ്രതിരൂപത്തിലാണ്. അത് അയാളുടെ കഴിവുകൾ, തയ്യാറെടുപ്പ്, ദൗർബല്യം, ആന്തരികമായ മുന്നൊരുക്കം എന്നിവയനുസരിച്ചാണ്. ഒരാളുടെ ചോദ്യത്തിന് ഉത്തരം നൽകുന്നത് സങ്കീർണ്ണമാണെന്ന് കണ്ടാൽ ഉത്തരം പറയരുത്. എന്തെന്നാൽ അയാളുടെ പാത്രം മുമ്പേ തന്നെ നിറഞ്ഞിരിക്കുന്നു. അതിൽ ഉത്തരത്തിന് സ്ഥലമില്ല.'*

*'അജ്ഞൻ തന്റെ അജ്ഞത കാണുന്നില്ല. എന്തെന്നാൽ അയാൾ അജ്ഞതയുടെ അന്ധകാരത്തിൽ നിമഗ്നനാണ്. അറിവുള്ളവൻ തന്റെ അറിവു അറിയുന്നില്ല. എന്തെന്നാൽ അയാൾ അതിന്റെ പ്രകാശത്തിൽ നിമഗ്നനാണ്'*

*'പ്രപഞ്ചത്തിന്റെ അസ്തിത്വത്തിന്റെ ചലനം സ്നേഹത്തിന്റെ ചലനമാണ്.'*

തന്റെ ഉറ്റ സുഹൃത്തുക്കളെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം ഒരിക്കൽ പറഞ്ഞു:

*'ഓരോ തരം അറിവിനും ചില ആളുകളുണ്ട്. എല്ലാവിധത്തിലുള്ള അറിവും എല്ലാവർക്കും പ്രാപിക്കാൻ സാധ്യമല്ല. അതിനു മതിയായ സമയവുമില്ല." അതിനാൽ ഏത് സമൂഹത്തിലും എല്ലാവിധത്തിലുള്ള ആളുകളും ഉണ്ടാവേണ്ടതാണ്. വ്യത്യസ്ത മാനസിക ചായ്വുള്ള ആളുകൾ ഉണ്ടാവണം, അവരുടെ ലക്ഷ്യം ഒന്നായിരിക്കണമെന്നുണ്ടെങ്കിലും'*

## ഉൺമയുടെ ഏകത്വം

അദ്ദേഹം 'വഹ്ദത്തൽ വുജൂദ്' (ഉൺമയുടെ ഏകത്വം) എന്ന സിദ്ധാന്തം കൈക്കൊണ്ട ആളാണ് എന്നാണ് പൊതുവിൽ അറിയപ്പെടുന്നതെങ്കിലും അദ്ദേഹത്തിന്റെ പുസ്തകങ്ങളിലൊന്നിലും ഈ സംജ്ഞ ഉപയോഗിച്ചിട്ടില്ല. എല്ലാ ഓരോ യോഗദർശകനേയും പോലെ അദ്ദേഹവും ഊന്നൽ നൽകിയത് മനുഷ്യന്റെ പ്രബലതക്കും അത് സാക്ഷാൽക്കരിക്കും വഴി അത് പൂർണ്ണതയിലെത്തുന്നത് പരിപൂർണ്ണ മനുഷ്യനിലാണ്. (അൽ ഇൻസാനുൽ കാമിൽ). 'വഹദത്തുൽ വുജൂദ്' ഒരു പ്രത്യേക തരം തത്ത്വജ്ഞാനമാണ്. അതിന്റെ അർത്ഥമിതാണ്. *'ദൈവം പരിപൂർണ്ണമായും പ്രപഞ്ചത്തിന്നധീതനായി നിലകൊള്ളുന്നു. എന്നാൽ പ്രപഞ്ചം അവനിൽ നിന്നും പൂർണ്ണമായും വേറിട്ടതല്ല. പ്രപഞ്ചം നിഗൂഢമായ നിലയിൽ ദൈവത്തിൽ മുങ്ങിയിരിക്കുന്നു.'*

ഒരു പരിപൂർണ്ണ മനുഷ്യൻ ഈ യാഥാർത്ഥ്യത്തിന്റെ പരിപൂർണ്ണ പ്രതിബിംബമാവുന്നത് എങ്ങനെയെന്നും സ്വയം അറിയുന്നവൻ എങ്ങനെ ദൈവത്തെ അറിയുന്നുവെന്നും ഇബ്നു അറബി മനസ്സിലാക്കിത്തരുന്നു. ഉൺമയുടെ ഏകത്വം, ഒറ്റപ്പെട്ടതും വിഭജിക്കാൻ കഴിയാത്തതുമായ യാഥാർത്ഥ്യം, എല്ലാറ്റിലും മികച്ചുനിൽക്കുന്ന ലോകത്തിലെ എല്ലാറ്റിന്റേയും പ്രതിബിംബത്തിൽ പ്രകടമാകുന്ന ആ യാഥാർത്ഥ്യത്തിന്റെ വിശദീകരണങ്ങൾ ഇബ്നു അറബിയുടെ എഴുത്തുകളിൽ ധാരാളമുണ്ട്. ഈ സിദ്ധാന്തം കാരണമായി അദ്ദേഹം അദ്വൈതവാദിയാണെന്ന് ആരോപിക്കപ്പെടുന്നു. ദൈവത്തിനും പ്രപഞ്ചത്തിനുമിടയിൽ യഥാർത്ഥമായ ഒരു തുടർച്ചയുണ്ടെന്ന് മാത്രമാണ് അത് സൂചിപ്പിക്കുന്നത്. ഇബ്നു അറബിയാകട്ടെ ഓരോ വസ്തുവിനുമേലും ദൈവത്തിന്റെ അധീശത്വമുണ്ടെന്നാണ് വിശ്വസിച്ചത്.

## പ്രത്യയശാസ്ത്രം

ഇബ്നു അറബി തന്റെ സുഹൃത്തുക്കളുടേയും ശിഷ്യന്മാരുടേയും മേൽ ശക്തമായ സ്വാധീനം ചെലുത്തി. അവരിൽ നിരവധി പേർ സ്വന്തം നിലയിൽ തന്നെ ഇസ്ലാമിക ലോകത്തെ ആത്മീയഗുരുക്കന്മാരായിരുന്നു. ഇസ്ലാമിക ലോകത്തെ ആത്മീയചിന്തയുടേയും പ്രയോഗത്തിന്റേയും ഒഴുക്കിൽ അദ്ദേഹം പരിഗണനീയമായ താല്പര്യം കാണിച്ചു. സൂഫിസത്തിന്റെ അനുയായികൾ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ പഠിച്ചു. വിവിധ സൂഫിപ്ര

**(ശേഷം 36-ൽ)**

ലേഖനം

**അൽഖുർആൻ എക്സിബിഷൻ - 21**

ഏ.ക്യു മഹ്ദി


# ആറ്റംബോംബ് മുതൽ ഇസ്രയേൽ രൂപീകരണം വരെ

## ഭൂമിയിൽ ജീവന്റെ നിലനിൽപ്പിനെ തന്നെ അപകടപ്പെടുത്തുന്ന ന്യൂക്ലിയർ വിപത്തിനെപറ്റി ഖുർആന്റെ ഗഹനമായ വചനങ്ങളിൽ പ്രവചനങ്ങളുണ്ട്

**ലോ**കത്തു ഏതു നിമിഷവും കൊടിയ ദുരന്തം വിതക്കാൻ കഴിവുള്ള അതിവിനാശകരമായ ആറ്റംബോംബിനെപ്പറ്റി ഖുർആൻ ചില സൂചനകൾ നൽകുന്നുണ്ട്.

പരദൂഷകനും, അപവാദം പറയുന്നവരുമായ ഓരോരുത്തർക്കും നാശം. ധനം ശേഖരിക്കുകയും അത് എണ്ണിയെണ്ണി കണക്കാക്കിക്കൊണ്ടിരിക്കുകയും ചെയ്തിട്ടുള്ളവൻ, ധനം അവനെ ശാശ്വതനാക്കിയിരിക്കയാണെന്നു ധരിക്കുന്നു. അങ്ങനെയല്ലാ, തീർച്ചയായും അവൻ 'ഹുത്മ'യിൽ തള്ളപ്പെടുമെന്ന് ഖുർആൻ പറയുന്നു. കത്തിച്ചു ജ്വലിപ്പിക്കപ്പെടുന്ന അല്ലാഹുവിന്റെ അഗ്നിയാണത്. **ഹൃദയങ്ങളിന്മേൽ** ആളിപ്പടരുന്ന തീ. അത് നീണ്ട സ്തംഭങ്ങളായിരുന്നവരുടെ മേൽ അടച്ചുമൂടപ്പെടും. ഹുത്മക്ക് രണ്ടു ധാത്വർത്ഥങ്ങളുണ്ട്. 'ഹതമ' പൊടിക്കുക, എറ്റവും സൂക്ഷ്മകണമാക്കുക. 'ഹിതമ' ഏറ്റവും സൂക്ഷ്മ കണം (സൂക്ഷ്മ കണമാകുമ്പോൾ ലഭിക്കുന്നത്). അണു വിഘണ്ഡന പ്രക്രിയയിലൂടെ (Nuclear Fission) നടക്കുന്ന ആറ്റംബോംബ് സ്ഫോടന ദുരന്തമാണ് 'ഹുത്മ'.

ആറ്റംബോംബ് (ഹുത്മ) സ്ഫോടനത്തോടെ ഗാമാ രശ്മികളും ന്യൂട്രോണുകളും എക്സ്റേകളും വിമുക്തമാക്കപ്പെടുന്നു. എക്സ്റേ ഉണ്ടാക്കുന്ന കൊടുംചൂട് ഒരു അഗ്നിഗോളം സൃഷ്ടിച്ചുകൊണ്ട് പടുകൂറ്റൻ സ്തംഭമായി മേൽപ്പോട്ടുയരുന്നു. ശബ്ദാതിവേഗത്തിൽ അതിശക്തമായ കൊടുങ്കാറ്റ് വശങ്ങളിലേയ്ക്ക് ആഞ്ഞുവീശുകയും ആഘാതതരംഗങ്ങൾ (Shock waves) സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. ഗാമാരശ്മികളാവട്ടെ, കിടിലം കൊള്ളിക്കുന്ന പ്രകമ്പനത്തോടെ ആഘാതതരംഗങ്ങളെ അതിവർത്തിച്ച് സഞ്ചരിക്കുന്നു. ഇത്, ജീവികളുടെ - മനുഷ്യരുടെ - ഹൃദയത്തിന്റെ സ്പന്ദനത്തെത്തന്നെ നിലപ്പിച്ച് നിമിഷനേരം കൊണ്ട് ഹൃദയസ്തംഭനമുണ്ടാക്കുന്നു. തീയും ചൂടും പകരും മുമ്പു






തന്നെ ജീവിവർഗ്ഗങ്ങൾ ഹൃ ദയം പൊട്ടി മരണത്തിലേയ്ക്ക് കൂപ്പുകുത്തുന്നു. അനേകായിരങ്ങളെയാണ്, ഒരു ജീവിയെപ്പോലും അവശേഷിപ്പിക്കാതെ ഈ അണുസ്ഫോടനം കൊന്നൊടുക്കുക. 'ഹൃദയങ്ങളെ ബാധിക്കുന്നു' എന്ന പ്രയോഗം മുഖേന എത്ര സൂക്ഷ്മമായാണ് ആറ്റംബോംബ് സ്ഫോടനത്തെ ഖുർആൻ വിവരിക്കുന്നത്!

ന്യൂക്ലിയർ മേഘങ്ങളെപ്പറ്റി ഖുർആനിൽ രണ്ടു ഭാഗത്ത് സൂചനകളുണ്ട്. ഒന്നിതാണ്, 'അതിനാൽ ആകാശം സ്പഷ്ടമായ ഒരു തരം ധൂമം കൊണ്ടുവരുന്നൊരു നാൾ പ്രതീക്ഷിക്കുക; അത് ജനങ്ങളെ മൂടിക്കളയും. ഇത് വേദനാജനകമായൊരു ശിക്ഷയാണ്.' രണ്ടാമതു പറയുന്നു, 'നിങ്ങൾ നിഷേധിച്ചുകൊണ്ടിരിക്കുന്നതിലേയ്ക്കു' നിങ്ങൾ പോവുക. അതെ, മൂന്നു ശാഖകളുള്ള ഒരു നിഴലിലേയ്ക്കു നിങ്ങൾ പൊയ്കൊള്ളുക. ആ നിഴൽ തണുപ്പുള്ളതല്ല, തീജ്വാലയിൽ നിന്ന് രക്ഷപ്പെടാൻ അതു പ്രയോജനപ്പെടുകയുമില്ല. അത് സൗധസമാനമായ അഗ്നിജ്വാലകൾ പരത്തും. അത് മഞ്ഞ നിറമുള്ള ഒട്ടകങ്ങളെപ്പോലിരിക്കും.'

ആറ്റംബോംബ് സ്ഫോടനമുണ്ടാക്കുന്ന കൊടുംചൂട് അഗ്നിഗോളങ്ങളായി ഒരു ധൂമസ്തംഭം പോലെ മേലോട്ടുയരുന്നു. ഈ ന്യൂക്ലിയർ മേഘങ്ങൾ മാരകമായ റേഡിയേഷൻ പ്രസരിപ്പിച്ചുകൊണ്ട് ആകാശത്തു സഞ്ചരിക്കുന്നു. മാനവരാശി ഇന്നോളം കണ്ടിട്ടില്ലാത്ത, അനുഭവിച്ചിട്ടില്ലാത്ത 'ആണവശിശിരം' (Nuclear Winter) എന്ന മഹാദുരന്തത്തിന്റെ ഭീകരദൃശ്യങ്ങളെക്കുറിച്ചാണ് പരിശുദ്ധ ഖുർആനിലെ മേൽ വർണ്ണനകൾ.

ഇനി, ഭൂമിക്കു ചുറ്റുമുള്ള ഗ്രഹങ്ങളെപ്പറ്റി. പ്ലൂട്ടോയും ഒരു ഗ്രഹമാണെന്നു ധരിച്ചാണ് വർഷങ്ങളായി ശാസ്ത്രലോകം. ഭൂമി ഉൾപ്പടെ ഒൻപതു ഗ്രഹങ്ങളുടെ സമൂഹത്തെ 'നവഗ്രഹങ്ങൾ' എന്നു വിളിച്ചുവന്നിരുന്നത്. സമീപകാലത്ത്, 2006 ഓഗസ്റ്റിൽ ചേർന്ന അന്തർദ്ദേശീയ അസ്ട്രോണമിക് യൂണിയൻ (IAU) സൂക്ഷ്മമായ ശാസ്ത്രീയ നിരീക്ഷണങ്ങൾക്ക് ശേഷം പ്ലൂട്ടോയെ ഗ്രഹപദവിയിൽ നിന്ന് നീക്കുകയും, നവഗ്രഹവിശ്വാസം പാടെ തിരുത്തി അഷ്ടഗ്രഹസൗരയൂഥം എന്ന സങ്കൽപ്പം അംഗീകരിക്കയും ചെയ്തു. എന്നാൽ, താഴെ കുറിക്കുന്ന ഖുർആനിക വചനം ഭൂമിക്കു പുറത്തുള്ള ഏഴു ഗ്രഹങ്ങളെക്കുറിച്ചാണ് സൂചന നൽകുന്നത്; ഭൂമി ഉൾപ്പടെ ആകെ എട്ടെണ്ണം.

'നിങ്ങളുടെ മുകളിൽ നാം സുഭദ്രസപ്തകത്തെ നിർമ്മിക്കുകയും കത്തിത്തിളങ്ങുന്ന ഒരു ദീപം സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. സപ്തം എന്നു പറഞ്ഞാൽ, ഏഴ് എന്നർത്ഥം. 'നിങ്ങളുടെ മുകളിൽ' എന്നത് 'ഭൂമിക്കു മുകളിൽ' എന്നതാണല്ലോ. ഭൂമി കൂടാതെ ഏഴു ഗ്രഹങ്ങൾ എന്നതിലൂടെ ശാസ്ത്രം ഇപ്പോൾ ഗണിച്ചെടുത്തവ ഭൂമി ഉൾപ്പടെയുള്ള അഷ്ടഗ്രഹസങ്കൽപ്പം (എട്ടു ഗ്രഹങ്ങൾ) നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ ഖുർആൻ പറഞ്ഞുതന്നതാണ്.

ആറ്റംബോംബുമായി ഒരു ബന്ധവുമില്ല 'ഇസ്രായേൽ രൂപീകരണം' എന്നയീ വിഷയത്തിനെങ്കിലും അതെപ്പറ്റിയുള്ള ഒരു ഖുർആനിക വചനം ഇവിടെ അനാവരണം ചെയ്യുകയാണ്.

ആ ഖുർആൻവചനം ശ്രദ്ധിക്കൂ,

"ഇസ്രായേലികളോടു നാം പറഞ്ഞു: 'നിങ്ങൾ ആ നാട്ടിൽ വസിച്ചുകൊള്ളുക. പിന്നീട് ഒടുവിലത്തെ വാഗ്ദാനം പൂർത്തിയാവുന്ന സമയമായാൽ നാം നിങ്ങളെ ഭൂമിയിൽ ഒരുമിച്ചു കൂട്ടിക്കൊണ്ടുവരുന്നതാണ്."

ഇസ്രായേലികളുടെ മസീ

ഹായ യേശുവിനെ അവർ നിഷേധിച്ചു, കുരിശിലേറ്റി പീഡിപ്പിച്ചതിന്റെ ശിക്ഷയെന്നോണം' ഏ.ഡി. 70-ൽ റോമൻ സേനാനി ടൈറ്റസ് പലസ്തീൻ ആക്രമിക്കുകയും യഹൂദന്മാർ ലോകത്തിന്റെ നാനാഭാഗങ്ങളിലേയ്ക്കും ചിതറിപ്പോവുകയും ചെയ്തു. ഇസ്ലാമിനു ശേഷം പലസ്തീൻ രാജ്യം മുസ്ലിംകളുടേതായിത്തീർന്നു. റസൂൽ തിരുമേനി (സ) വാഗ്ദാനം ചെയ്ത തന്റെ മസീഹിനെ (ഹദ്റത്ത് അഹ്മദി (അ)നെ) നിഷേധിച്ചതിനാൽ മുസ്ലിംകൾക്ക് സ്വന്തം ഭൂമിയായ പലസ്തീൻ നഷ്ടമാവുകയും, നാടു നഷ്ടപ്പെട്ട അവർ പ്രവാസികളായി ലോകത്ത് അങ്ങോളമിങ്ങോളമുള്ള വിവിധ രാജ്യങ്ങളിൽ ചിന്നിച്ചിതറി താമസമാരംഭിക്കുകയും ചെയ്തു. യഹൂദന്മാരെ ഒരുമിച്ചു കൂട്ടിക്കൊണ്ടുവരുമെന്ന വിസ്മയകരമായ ഖുർആൻ പ്രവചനം 1948-ൽ ഇസ്രയേൽ രൂപീകരണത്തോടെ പൂർത്തിയായി. പക്ഷേ, ജൂതന്മാർ ശിക്ഷക്കു വിധേയരാണ് ഇന്നും. ഇന്നും, ഇപ്പോഴും അവർ തങ്ങളുടെ മസീഹായ യേശുവിൽ വിശ്വാസം അർപ്പിക്കുന്നില്ല. അവർ കരുതുന്നത് യേശുക്രിസ്തു ഒരു കള്ളപ്രവാചകനാണെന്നു തന്നെയാണ്. ■

---

*(33-ൽ നിന്ന് തുടർച്ച)*

സ്ഥാനങ്ങളുടെ (ത്വരീഖത്ത്) കേന്ദ്രങ്ങളിൽ അദ്ദേഹത്തിന്റെ കവിതകൾ ഉരുവിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ അടുത്തകാലത്ത് അദ്ദേഹത്തിന്റെ എഴുത്തുകൾ പാശ്ചാത്യ രാജ്യങ്ങളിൽ വളരെ താല്പര്യത്തിനും പഠനത്തിനും വിധേയമായിട്ടുണ്ട്. അദ്ദേഹത്തിന്റെ പേരിൽ ഒരു അക്കാഡമിക് സൊസൈറ്റി സ്ഥാപിക്കാൻ ഇടയായിട്ടുണ്ട്. ശരീഅത്തില്ലാത്ത പ്രവാചകത്വത്തിന്റെ (അമ്പിയാ ലാ തശ്രിയ ലഹും) തുടർച്ചയിൽ ഇബ്നു അറബി വിശ്വസിച്ചിരുന്നു. ജിബ്രീലിന്റെ മാധ്യമം മുഖേന സൂഫികൾക്ക് നബി(സ) തിരുമേനിയിൽ നിന്ന് നിർദ്ദേശങ്ങൾ സ്വീകരിക്കാൻ സാധിക്കുമെന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. പ്രവാചകത്വം അവസാനിക്കുകയെന്നത് ഇസ്ലാമിന്റെ മരണമാണെന്ന് അദ്ദേഹം വിചാരിച്ചിരുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

ഒരു മുഹദ്ദസും (ആരോടാണോ സംസാരിക്കപ്പെടുന്നത് അയാൾ) ശരീഅത്തില്ലാത്ത പ്രവാചകനും തമ്മിലുള്ള ബന്ധം അദ്ദേഹം വിവരിച്ചിട്ടുണ്ട്. ഒരു മുഹദ്ദസ് ഒരു ശരീഅത്ത് പ്രവാചകനിൽ (അമ്പിയാ തശ്രീ) നിന്ന് ശരീഅത്ത് നിയമം അനുസാരിയായി കൈക്കൊള്ളുകയാണ് ചെയ്യുന്നത്. മുഹദ്ദസും ശരീഅത്തി പ്രവാചകനും തമ്മിൽ വ്യത്യാസമുണ്ട്. 'റയീസുൽ ഔലിയാ വ ജാമിയുൽ മുഖാമത്ത്' (പുണ്യവാളന്മാരുടെ തലവൻ, ആത്മീയ പാതയിലെ എല്ലാഘട്ടങ്ങളും അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ ഒരുമിച്ചു കൂട്ടപ്പെടുന്നു) എന്ന നിലയ്ക്കാണ്. ശരീഅത്തില്ലാത്ത പ്രവാചകത്വത്തിൽ ശരീഅത്തുള്ള പ്രവാചകന്റെ വ്യക്തിത്വമുണ്ട്. ശരീഅത്തില്ലാത്ത പ്രവാചകനും അദ്ദേഹവും തമ്മിൽ ചെറിയ വ്യത്യാസമേയുള്ളൂ. അദ്ദേഹത്തിന്റെ ചിന്തയിലെ മൗലികമായ ആശയം പ്രവാചകത്വത്തിന്റെ ആത്മീയ പദവി നേടിയ വ്യക്തികളുടെ ആവിർഭാവം മുസ്ലിം ഉമ്മത്തിൽ ഒരിക്കലും നിന്നുപോവുകയില്ലെന്നുള്ളതാണ്. അത് നബി തിരുമേനി(സ)യുടെ ഒരു ഹദീസിനെ അടിസ്ഥാനമാക്കിയുള്ളതാണ്. ഇബ്രാഹിമിനും അദ്ദേഹത്തിന്റെ കുടുംബത്തിനുവേണ്ടി പ്രാർത്ഥിച്ചതുപോലെ, മുഹമ്മദ് നബിക്കും അദ്ദേഹത്തിന്റെ കുടുംബത്തിനും അനുഗ്രഹങ്ങളുണ്ടാകണമെന്ന് പ്രാർത്ഥിക്കുന്നതിന്റെ താല്പര്യം ഇബ്രാഹി(അ)മിന്റെ പിൻഗാമികളിൽ പ്രവാചകന്മാരുണ്ടായത് പോലെ മുഹമ്മദ് നബിയുടെ അനുയായികളിലും പ്രവാചകന്മാർ ഉണ്ടാകണമെന്നാണ് ഇബ്നു അറബി സൂചിപ്പിച്ചത്. അതിനാൽ മുസ്ലിംകളിലും പ്രവാചകരുടെ പദവിയുള്ളവരെ എഴുന്നേല്പിക്കപ്പെടും.

പ്രവാചകന്മാരുടെ ശരീഅത്തിൽ ഒരു നിയമവും റദ്ദ് ചെയ്യുകയോ കൂട്ടിച്ചേർക്കുകയോയില്ലെന്നു ഇബ്നു അറബി പറയുന്നു. 'ദൗത്യവും പ്രവാചകത്വവും നിന്നുപോയി. എനിക്ക് ശേഷം ദൂതനുമില്ല, പ്രവാചകനുമില്ല' എന്ന നബി (സ) തിരുമേനിയുടെ പ്രസ്താവയുടെ അർത്ഥം ഇതാണ്. നബി(സ) തിരുമേനിക്ക് ശേഷം ശരീഅത്ത് പ്രവാചകന്മാർ ഉണ്ടാവുകയില്ല. ഭാവിയിലുള്ള പ്രവാചകന്മാർ നബി (സ) തിരുമേനിയുടെ ശരീഅത്തിന് വിധേയരായിരിക്കും. ശരീഅത്ത് നിയമങ്ങളാണ് അവസാനിച്ചത്, പ്രവാചകത്വപദവിയല്ല.

ഇബ്നു അറബിയുടെ അനുയായികൾ ആധുനിക ഇറാനിൽ നിരവധിയുണ്ട്. അദ്ദേഹത്തിന്റെ മെറ്റാ ഫിസിക്സും സുഹർ വർദ്ദിയുടെ (1155-1191) ചിന്തകളും ചേർന്നാണ് ഇറാനിലെ ബുദ്ധിജീവികളുടെ ലോകവീക്ഷണത്തിന്റെ അടിത്തറ രൂപപ്പെട്ടിട്ടുള്ളത്.

**(The Review of Religions, August 2007)**

**വിവ: കെ.വി. ഹസ്സൻ കോയ, കോഴിക്കോട്.** ■

കുറിപ്പുകൾ

**മുസാഫിർ**

# കേരളത്തിലെ ഇസ്‌ലാമിക് ബാങ്ക്

ഇന്ത്യയിലാദ്യമായി സംസ്ഥാന സർക്കാരിന്റെ കീഴിൽ കേരള സംസ്ഥാന വ്യവസായ വികസന കോർപറേഷന്റെ (KSIDC) ആഭിമുഖ്യത്തിൽ തുടങ്ങാനിരുന്ന ഇസ്‌ലാമിക് ബാങ്ക് ഹൈക്കോടതി ഇടപെട്ട് ഈയ്യിടെ തടയുകയുണ്ടായി. KSIDC 11 ശതമാനം മുതൽമുടക്കി പ്രവാസി മലയാളികളുടെ സഹകരണത്തോടെ 500 കോടി രൂപ സമാഹരിച്ച് തുടങ്ങാനുദ്ദേശിച്ച ഈ സാമ്പത്തിക സംരംഭം കേരളത്തിന്റെ വികസനത്തിന് വൻ പ്രതീക്ഷകളായിരുന്നു നൽകിയത്. പ്രവാസികളേയും അറബി ധനികരേയും കൂടാതെ പലിശ നിഷിദ്ധമാണെന്ന കരുതുന്ന 20 ശതാനം മുസ്‌ലിംകൾ അധിവസിക്കുന്ന കേരളത്തിൽ ഇസ്‌ലാമിക ബേങ്കിന് വമ്പിച്ച നിക്ഷേപസാധ്യതയുണ്ടായിരുന്നു.

മുൻകേന്ദ്രമന്ത്രി ഡോ. സുബ്രഹ്മണ്യസ്വാമി കേരള ഗവൺമെന്റ് ആരംഭിക്കുന്ന ഇസ്‌ലാമിക് ബാങ്കിനെതിരെ ഹൈക്കോടതിയിൽ സമർപ്പിച്ച ഹരജി സ്വീകരിച്ചുകൊണ്ടാണ് ഹൈക്കോടതി ഗവൺമെന്റിന്റെ ഇസ്‌ലാമിക ബാങ്കിങ്ങ് പ്രവർത്തനം തൽക്കാലം സ്റ്റേ ചെയ്തിരിക്കുന്നത്. ഒരു സെക്കുലർ ഗവൺമെൻറിന്റെ ആഭിമുഖ്യത്തിൽ മതപരമായ ആദർശങ്ങളുടെ അടിസ്ഥാനത്തിൽ നടത്തുന്ന സ്ഥാപനങ്ങൾ ഉണ്ടാവുന്നത് ശരിയല്ല എന്ന നിരീക്ഷണമാണ് ബഹുമാനപ്പെട്ട കോടതി നടത്തിയത്.

പലിശയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന നിലവിലുള്ള ബാങ്കുകളുടെ അടിസ്ഥാന സ്വഭാവത്തിൽ നിന്നും വിഭിന്നമായ ഇസ്‌ലാമിക ബാങ്കുകൾക്ക് റിസർവ്വ് ബാങ്കിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കാൻ ഇന്ത്യയിൽ നിയമപരമായ തടസ്സങ്ങളുണ്ട്. കേരള ഗവൺമെൻറ് തുടങ്ങാനുദ്ദേശിച്ച ഇസ്‌ലാമിക ബാങ്ക് ആദ്യം ഒരു ഫിനാൻസ് കമ്പനിയായി രജിസ്റ്റർ ചെയ്ത് പിന്നീട് പൂർണ്ണതോതിൽ നിയമാനുസാരം പ്രവർത്തിക്കുന്ന ഒരു ഇസ്‌ലാമിക ബാങ്ക് ആക്കി മാറ്റാനായിരുന്നു ഉദ്ദേശിച്ചത്.

ഇന്ത്യയിൽ റിസർവ്വ് ബാങ്ക് നടത്തിയ ഒരു പഠനത്തിൽ ഇസ്‌ലാമിക് ബാങ്ക് എന്ന സങ്കല്പം നിരാകരിക്കപ്പെട്ടിരുന്നു. പിന്നീട് 2008ൽ ബാങ്ക് നിയമപരിഷ്ക്കാരങ്ങൾക്ക് വേണ്ടി റിസർവ്വ് ബാങ്ക് നിയമിച്ച രഘുരാജൻ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ പൂർണ്ണമായും ശരീഅത്തിലധിഷ്ഠിതമായ ഇസ്‌ലാമിക ബാങ്കിങ്ങിന് ശക്തമായ ശുപാർശയാണുള്ളത്. ലോകപ്രശസ്ത സാമ്പത്തികവിദഗ്ദനും ചിക്കാഗോ സർവ്വകലാശാലയിലെ എകണോമിക്സ് പ്രഫസറുമാണ് രഘുരാജൻ.

ബിസിനസ് സംരംഭകനും നിക്ഷേപകനും ഇടയിൽ മദ്ധ്യവർത്തിയായി നിലകൊള്ളുന്ന ഇസ്‌ലാമിക് ബാങ്ക് സ്റ്റോക്ക് മാർക്കറ്റിന്റേയും ബാങ്കിങ്ങിന്റേയും പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. നിരവധി ഇസ്‌ലാമിക വിരുദ്ധ പ്രവണതകളുള്ള ഓഹരി വിപണിപോലെയോ ബാങ്കിങ്ങ് പോലെയോ അല്ല ഇസ്‌ലാമിക ബാങ്ക് പ്രവർത്തിക്കുന്നത്. അതുകൊണ്ട് ഇസ്‌ലാമിക ബാങ്കിന്റെ ഇടപാടുകൾ നിരീക്ഷിക്കാൻ ഒരു ശരീഅത്ത് ബോർഡും ഉണ്ടായിരിക്കും. ഇസ്‌ലാമിക മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്താനാണിത്. ഇതാണ് ഇസ്‌ലാമിക ബാങ്കിന്റെ ഘടന. ഈ സംവിധാനമാണ് സെക്കുലർ മാനദണ്ഡങ്ങൾക്ക് ഹിതകരമല്ല എന്ന് വാദിക്കപ്പെടുന്നത്. ഡോ. സുബ്രഹ്മണ്യസ്വാമി ഹൈക്കോടതിയിൽ ഉന്നയിച്ച മുഖ്യവാദവും ഇത് തന്നെ. ഗവൺമെന്റ് ആഭിമുഖ്യത്തിലുള്ള ഒരു സ്ഥാപനത്തെ ശരീഅത്ത് ബോർഡിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനോട് യോജിക്കാൻ സാധ്യമല്ല എന്നാണ് സ്വാമി വാദിച്ചത്.

അമേരിക്ക, ഫ്രാൻസ്, ജർമ്മനി, നെതർലന്റ്, ഇറ്റലി, സ്വിറ്റ്സർലന്റ്, ചൈന മുതലായ വികസിത രാജ്യങ്ങളിലെ റിസർവ്വ് ബാങ്കുകൾ ഒരു ഇസ്‌ലാമിക ജാലകം സൃഷ്ടിച്ച് വൻ മൂലധനസമാഹാരണം നടത്തി ഇസ്‌ലാമിക് ബാങ്കിങ്ങ് ഒരു മഹാപ്ര

സ്ഥാനമായി മുന്നോട്ടുപോകുകയാണ്. പലിശ നിഷിദ്ധമെന്നു കരുതുന്ന മുസ്‌ലിംകളുടെ നിക്ഷേപം സമാഹരിക്കാൻ എന്ത് വിട്ടുവീഴ്ചകൾക്കും നീക്കുപോക്കുകൾക്കും തയ്യാറാണവർ. പണം സമാഹരിക്കാൻ എന്തിനും തയ്യാറായി നിൽക്കുന്ന കോർപറേറ്റ് പ്രൊഫഷനിലസത്തിന്റെ രീതി അതാണ്. ആ രാജ്യങ്ങളുടെ അനുഭവത്തിൽ ഇസ്‌ലാമിക ബാങ്കിന്റെ മെച്ചങ്ങൾ അളവറ്റതാണെന്ന് അവർക്ക് ബോധ്യവുമായിട്ടുണ്ട്. മിഡിലീസ്റ്റിൽ ദുബായിയും ബഹറൈനും, യൂറോപ്പിൽ ഫ്രാൻസും ബ്രിട്ടനും, കിഴക്കനേഷ്യയിൽ സിങ്കപ്പൂരും ചൈനയും ഇസ്‌ലാമിക് ബാങ്കിന്റെ നെടുനായകത്വം വഹിക്കാൻ പരസ്പരം മത്സരിക്കുകയാണ്. ഈയ്യിടെ വത്തിക്കാൻ പത്രം ഇസ്‌ലാമിക് ബാങ്കിങ്ങിന്റെ നൈതികതയെ പുകഴ്ത്തുകയും പാശ്ചാത്യരാജ്യങ്ങളിലെ ബാങ്കുകൾ ഇസ്‌ലാമിക് ബാങ്കിങ്ങിന്റെ നിയമങ്ങൾ ശ്രദ്ധിക്കണമെന്നു നിർദ്ദേശിക്കുകയുമുണ്ടായി.

ബിസിനസ് സംരഭകന് പണം നൽകി അയാളുടെ സാമ്പത്തിക പ്രവർത്തനങ്ങളിൽ നിന്നും ബഹുദൂരം മാറിനിന്ന് പലിശക്കും കൂട്ടുപലിശക്കും വേണ്ടി കാത്തിരിക്കുന്ന അലസനായ ചൂഷകന്റെ റോളാണ് പലിശയിലധിഷ്ഠിതമായ ബാങ്കുകൾ നിർവ്വഹിക്കുന്നത്. എന്നാൽ ഇസ്‌ലാമിക ബാങ്കിംഗ് ലാഭനഷ്ടങ്ങൾ പങ്കിടാമെന്ന വ്യവസ്ഥയിലാണ് നിക്ഷേപകനിൽ നിന്ന് പണം സ്വീകരിക്കുന്നതും സംരംഭകർക്ക് പണം കടം നൽകുന്നതും. കടം നൽകുക എന്നതിനേക്കാൾ ബിസിനസ് പങ്കാളിത്തമാണ് ഇസ്‌ലാമിക ബാങ്കുകൾ നടത്തുന്നത്. നിക്ഷേപകരിൽ നിന്നും സമാഹരിക്കുന്ന പണം വളരെ കരുതലോടെയാണ് ബിസിനസ് സംരംഭങ്ങളിൽ നിക്ഷേപങ്ങൾ നടത്തുകയോ കടം നൽകുകയോ ചെയ്യുക. ഇസ്‌ലാമിക ബാങ്കിന്റെ പങ്കാളിത്തത്തോടെ നടത്തുന്ന കച്ചവടങ്ങൾ ലാഭത്തിൽ പ്രവർത്തിപ്പിക്കാൻ സൂക്ഷ്മമായ നിരീക്ഷണത്തിന് വിധേയമാക്കപ്പെടുന്നു. സംരംഭകന് വന്നു ഭവിക്കുന്ന പരാജയങ്ങളിലും ബാങ്ക് പങ്കാളിയാവു ന്നതിനാൽ പണം കടമെടുത്തവൻ കുത്തുപാളയെടുക്കേണ്ടി വരുന്നില്ല. പലിശബാങ്കുകളിൽ നിന്നും കടം വാങ്ങിയവനെപ്പോലെ കടവും പലിശവും കൂട്ടുപലിശയും തിരിച്ചടക്കാനാവാതെ ആത്മഹത്യ ചെയ്യേണ്ടു ന്ന ഗതികേടുമുണ്ടാകുന്നില്ല.

പലിശ അധാർമികവും അയുക്തികവുമായ ഒരു സാമ്പത്തിക ഇടപാടാണ്. ചരക്കുകൾക്ക് പകരം ചരക്കുകൾ കൈമാറിയിരുന്ന കാലഘട്ടത്തിൽ നിന്നും മനുഷ്യന്റെ പുരോഗതിയെക്കുറിക്കുന്ന ഏറ്റവും നിർണ്ണായകമായ ഒന്നാണ് പണത്തിന്റെ കണ്ടുപിടുത്തം ആദ്യകാലത്ത് വിലപിടിച്ച ലോഹങ്ങളായിരുന്നു പണമായി ഉയോഗിച്ചിരുന്നത്. അതിനുശേഷം പേപ്പർ കറൻസി വന്നു. ഇ-കോമേഴ്സിന്റെ ഈ കാലഘട്ടത്തിൽ ക്രെഡിറ്റ് കാർഡ്, ഡെ ബിറ്റ് കാർഡ്, സ്മാർട്ട് കാർഡ് മുതലായ ഇലക്ട്രോണിക് തരംഗങ്ങളാക്കി മാറ്റാൻ കഴിയുന്ന പണവും വന്നു. പണത്തിന്റെ ഈ ദ്രവത്വം (Liquidity) അതായത് എവിടേയും എപ്പോഴും കൊണ്ടുപോവാനുള്ള സൗകര്യം, ശേഖരണശേഷി, മൂല്യമളക്കാനുള്ള മാനകശേഷി എന്നീ ഗുണങ്ങളാണ് പണത്തെ അതുല്യമായ ഒരു വ്യാപാരസേവകനാക്കി മാറ്റുന്നത്. വാസ്തവത്തിൽ സാമൂഹിക ബോധവും സാമൂഹികബന്ധങ്ങളുമാണ് പണത്തെ ഒരു സേവനോപാധിയാക്കി മാറ്റുന്നത്. സമൂഹത്തിൽ നടക്കുന്ന വ്യാപാര സംരംഭങ്ങളെ സഹായിക്കാൻ വേണ്ടി മനുഷ്യൻ കണ്ടുപിടിച്ച പണത്തിന്റെ ഈവിധ സാമൂഹിക - വ്യാപാര സേവനഗുണങ്ങൾ ഉപയോഗിച്ചാണ് വമ്പിച്ച തോതിൽ പണം ശേഖരിച്ചു പലിശ വ്യാപാരി അധമർണ്ണനെ (പണം കടം വാങ്ങുന്നയാളിനെ) ചൂഷണം ചെയ്യുന്നത്. യാതൊരുവിധ അപായസാധ്യതയും റിസ്ക്കും അദ്ധ്വാനവുമില്ലാതെ വായ്പ സ്വീകരിച്ചവനിൽ നിന്നും ലഭിക്കുന്ന വരുമാനമാണ് പലിശ. സമയമാണ് പലിശയുടെ മൂല്യം വർദ്ധിപ്പിക്കുന്നത്. സമയം കഴിയുന്തോറും വായ്പാപണത്തിന് പുറത്ത് പലിശയും കൂട്ടുപലിശയുമായി അത് വളരുന്നു. അധമർണ്ണൻ പണമുപയോഗിച്ചു വാങ്ങിയ ചരക്കിൽ സമയം യാതൊരു മൂല്യവർദ്ധനവും നടത്തുന്നുമില്ല. എന്നാൽ തിരിച്ചടക്കേണ്ട വായ്പാപണത്തിന്റെ പലിശ സമയം കഴിയുന്തോറും വർദ്ധിക്കുകയും ചെയ്യുന്നു. ഈ വൈരുദ്ധ്യമാണ് പലിശയെ തത്ത്വദീക്ഷയില്ലാത്തതും അയുക്തികവുമായ ചൂഷണമാക്കി മാറ്റുന്നത്.

പലിശരഹിത ഇസ്‌ലാമിക ബാങ്ക് നടത്തുന്നവർ ഇസ്‌ലാമിന്റെ മറ്റൊരു സുവർണതത്ത്വം കൂടി പാലിക്കാൻ ബാദ്ധ്യസ്ഥരാണ്. ബാങ്കുകൾ വലിയ മുതൽമുടക്കുള്ള ബിസിനസ് സംരംഭകർക്ക് മാത്രം പണം കൊടുക്കാനാണ് താല്പര്യപ്പെടുക. സാമ്പത്തികമായി അവശതയനുഭവിക്കുന്ന ദരിദ്രജനവിഭാഗങ്ങളുടെ ജീവസന്ധാരണത്തിനും ഇത്തരം മൂലധനം വഴി സഹായിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഖുർആൻ പറയുന്നു:

*'അല്ലാഹു ആ നാട്ടുകാരിൽ നിന്നും പിടിച്ചെടുത്ത് തന്റെ ദൂതന് നൽകിയ ധനം അല്ലാഹുവിനും അവന്റെ ദൂതനും അടുത്ത ബന്ധു*

*ക്കൾക്കും അനാഥക്കുട്ടികൾക്കും അഗതികൾക്കും വഴിപോക്കർക്കുമുള്ളതാണ്. അത് നിങ്ങളിൽ നിന്നുള്ള ധനികൻമാർക്കിടയിൽ മാത്രം കൈമാറ്റം ചെയ്യപ്പെടുന്ന വസ്തു ആകാതിരിക്കാൻ വേണ്ടിയാണിത്'* (59:8)

ഇസ്ലാമിക ബാങ്കുകൾ സമാഹരിക്കുന്ന വമ്പിച്ച മൂലധനം ദരിദ്രരും ഗതിയറ്റവരുമായവരുടെ ജീവിതം ക്ഷേമകരമാക്കിത്തീർക്കുന്നതിന് കൂടി സഹായകരമായിത്തീർന്നാലേ സമൂഹത്തിൽ ഇസ്ലാം ഉദ്ദേശിക്കുന്ന സാമ്പത്തികസമീകരണം സാധ്യമാവുകയുള്ളൂ. വളരെ ചെറിയ മുതൽമുടക്ക് ലഭ്യമാകാതെ ജീവിതം വഴിമുട്ടി നിൽക്കുന്ന വളരെ പാവപ്പെട്ടവർക്ക് ഉദാരവ്യവസ്ഥയിൽ വായ്പകൾ നൽകി സഹായിക്കാൻ ഇസ്ലാമിക ബാങ്കുകൾ ബാധ്യസ്ഥരാണ്. പാവങ്ങളോടുള്ള ഇസ്ലാമിന്റെ സഹജമായ ഐക്യദാർഢ്യം അനിഷേധ്യമാണ്. ധനം വെറും വ്യവസായ വികസനത്തിനും കോർപറേറ്റ് മേഖലകളിലും മാത്രം ചുറ്റി തിരിയാനുള്ളതല്ല എന്ന് ഖുർആൻ അസന്നിഗ്ദമായി പ്രഖ്യാപിക്കുന്നു. പട്ടിണിപ്പാവങ്ങളുടെ ജീവിതം കരുപ്പിടിപ്പിക്കാനും അവരെ തൊഴിൽസംരംഭങ്ങളിൽ തിരിച്ചടവിന് പ്രേരകമായ രീതിയിൽ പണം വായ്പ നൽകി സഹായിക്കാനുള്ള ഖുർആന്റെ ഉദ്ബോധനം ഇസ്ലാമിക് ബാങ്കുകൾ നയമായി സ്വീകരിക്കേണ്ടതാണ്. ജാതിയോ മതമോ വർഗ്ഗമോ നോക്കാതെ മനുഷ്യസമൂഹത്തിനാകമാനം ഇസ്ലാമിക ബാങ്കിന്റെ പലിശരഹിത സേവനം ലഭ്യമാക്കുകയും ചെയ്യണം. മൈക്രോ ക്രെഡിറ്റ് ഫൈനാൻസിങ്ങ് എന്ന പേരിലറിയപ്പെടുന്ന ലഘുസാമ്പത്തിക വായ്പാപദ്ധതികൾ ഉദാരവ്യവസ്ഥയിൽ പ്രാവർത്തികമാക്കാവുന്നതാണ്. 2008ൽ സാമ്പത്തികശാസ്ത്രത്തിന് നോബൽ സമ്മാന ജേതാവായ മുഹമ്മദ് യൂനുസ് ബംഗ്ളാദേശിൽ പരമദരിദ്രരായ ജനങ്ങൾക്കിടയിൽ ചെയ്തത് അതായിരുന്നു. പക്ഷേ, പലിശക്ക് പകരം ലാഭനഷ്ട പങ്കാളിത്തത്തോടെ പ്രവർത്തിച്ചാൽ മൈക്രോ ഫൈനാൻസിങ്ങ് സമൂഹത്തിൽ ഏറ്റവും നല്ല സദ്ഫലങ്ങൾ സൃഷ്ടിക്കാൻ കഴിയും.

പലിശ എന്ന ചൂഷണവ്യവസ്ഥക്കെതിരെ ഇസ്ലാമിന്റെ സന്ധിയില്ലാത്ത സമരമാണ് ഏതൊരു പലിശരഹിതസംരംഭത്തേയും ഇസ്ലാമിന്റെ സ്വന്തമാക്കി മാറ്റുന്നത്. ഇസ്ലാമിക സാമൂഹികബോധത്തിന്റേയും സാമ്പത്തിക ദർശനത്തിന്റേയും ഫലമായി മുസ്ലിം രാജ്യങ്ങളിൽ നിന്നും ഉയർന്നുവരുന്ന അത്തരം സ്ഥാപനങ്ങൾക്ക് ഇസ്ലാമിന്റെ പേരുണ്ടാവുന്നത് സ്വാഭാവികമാണ്. മനുഷ്യസമൂഹത്തിന് ഇസ്ലാം നൽകുന്ന ഇത്തരം സംഭാകൾ എല്ലാവരുടേതുമാണ്.

ധനതത്വശാസ്ത്രത്തിന്റെ നിയമങ്ങളൊന്നും പഠിപ്പിക്കാതെ ഇസ്ലാം അതിന്റെ അനുയായികളിൽ പലിശ നിഷിദ്ധമാണെന്ന ബോധം ജനിപ്പിച്ചിരിക്കുന്നു. പക്ഷേ ആധുനികകാലത്ത് അവരുടെ കൈയ്യിലെ പണം നിക്ഷേപിക്കാൻ പറ്റിയ ആധികാരിക സ്ഥാപനങ്ങളില്ല എന്നത് ഖേദകരമാണ്. പിശാചിന്റെ ബാധയേറ്റവനെപ്പോലെയാണ് പലിശക്കാരൻ എന്നാണ് ഖുർആൻ പലിശ സ്ഥാപനങ്ങളേയും പലിശക്കാരേയും വിശേഷിപ്പിച്ചിട്ടുള്ളത്. ലോകം ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തികമാന്ദ്യം, കടക്കെണി, വിട്ടുമാറാത്ത ദാരിദ്ര്യം, വിലക്കയറ്റം, ഭക്ഷ്യക്ഷാമം, വികസനമുരടിപ്പ്, തൊഴിലില്ലായ്മ, യുദ്ധങ്ങൾ എല്ലാം ഹീനമായ പലിശയുടെ പൈശാചിക വിളയാട്ടങ്ങളാണ്. ഇസ്ലാമിന്റെ അനുഗ്രഹത്താൽ അല്ലാഹു നമ്മുടെ രാജ്യത്തേയും ഇത്തരം ദുരിതങ്ങളിൽ നിന്നും രക്ഷിച്ച് രാജ്യത്ത് സുസ്ഥിരവികസനവും ഐശ്വര്യവും ഉണ്ടാവട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ■

## ലോകം ഒരു വഴിയമ്പലം

ഇബ്നു ഉമർ (റ)ൽ നിന്നും നിവേദനം: ഒരിക്കൽ തിരുനബി(സ) എന്റെ രണ്ടു ചുമലുകൾ പിടിച്ചുകൊണ്ടിങ്ങനെ അരുളി: 'നീ ഈ ലോകത്ത് ഒരു വിദേശ സഞ്ചാരിയെപ്പോലെ, അല്ലെങ്കിൽ ഒരു വഴിയാത്രക്കാരനെപ്പോലെ ജീവിച്ചുകൊള്ളുക' പ്രഭാതം ഉദയം ചെയ്യുന്നത് സായാഹ്നത്തിൽ നീ പ്രതീക്ഷിച്ചിരിക്കരുത്; പ്രഭാതത്തിൽ സായാഹ്നം വരുന്നതും നീ കാത്തിരിക്കരുത്; നിന്റെ ആരോഗ്യഘട്ടത്തിൽ നിന്ന് രോഗഘട്ടത്തിലേക്ക് വേണ്ടത് നീ കരസ്ഥമാക്കിവെക്കുക. നിന്റെ ജീവിതത്തിൽ നിന്ന് മരണഘട്ടത്തിലേക്ക് വേണ്ടതും നേടിയെടുക്കുക"

***(ബുഖാരി)***

## വാർത്തകൾ

# മാർക് 2010 സമാപിച്ചു

എറണാകുളം: അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ യുവജന




*ദക്ഷിണ മേഖലാ മാർക്ക് ക്യാമ്പ് ഖുദ്ദാമുൽ അഹ്മദിയ്യാ അഖിലേന്ത്യാ സദർ ഹാഫിസ് മഖ്ദൂം ശരീഫ് സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. ദക്ഷിണമേഖലാ ഖായിദ് ഇ.എച്ച്. നജീബ് സാഹിബ്, മൗലവി എം. നാസിർ അഹ്മദ് സാഹിബ്, എറണാകുളം മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് - എറണാകുളം മേഖലാ അൻസാറുല്ലാഹ് സയിം ഷാഹുൽ ഹമീദ് സാഹിബ് എന്നിവരെ വേദിയിൽ കാണാം.*

സംഘടനയായ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സൗത്ത് കേരള സംഘടിപ്പിച്ച **മജ്‌ലിസെ ആമില റിഫ്രഷർ കോഴ്സ് (മാർക് 2010)** വിജയകരമായി സമാപിച്ചു. യുവാക്കളിൽ നേതൃത്വഗുണം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ എറണാകുളം മസ്ജിദ് ഉമറിൽ 2010 ഏപ്രിൽ 14, 15 തീയതികളിൽ നടത്തിയ പരിപാടി അഖിലേന്ത്യാ സദർ ഹാഫിസ് മഖ്ദൂം ശരീഫ് സാഹിബ് ഉദ്ഘാടനം ചെയ്തു. നേതൃത്വം എന്നത് അല്ലാഹു ഏല്പിച്ച സൂക്ഷിപ്പ് മുതലാണെന്നും മറ്റുള്ളവരിൽ പരിവർത്തനം സൃഷ്ടിക്കാനായി ആദ്യം സ്വയം പരിവർത്തനത്തിന് വിധേയമാകേണ്ടത് അത്യന്താപേക്ഷിതമാണെന്നും അദ്ദേഹം പറഞ്ഞു. ക്ഷമയോടും കരുണയോടും കൂടി അനുയായികളോട് പെരുമാറുന്ന സേവകനാണ് യഥാർത്ഥത്തിൽ ഇസ്‌ലാം വിഭാവന ചെയ്യുന്ന നേതാവെന്ന് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച എറണാകുളം സോണൽ അമീർ ബി.ബി.അഹ്മദ് കബീർ സാഹിബ് അഭിപ്രായപ്പെട്ടു. സോണൽ നാസിം അൻ സാറുല്ലാ പി.കെ.ശാഹുൽ ഹമീദ് സാഹിബ് ആശംസ നേർന്നു. സൗത്ത് ഇലാഖാ ഖാഇദ് ഇ.എച്ച്. നജീബ് സാഹിബ്, സത്യദൂതൻ മാസിക പത്രാധിപർ എ.എം.മുഹമ്മദ് സലീം സാഹിബ്, അഹ്മദ് ശാഫി സാഹിബ്, സഫർ അഹ്മദ് സാഹിബ്, മുഹമ്മദ് സഫ്‌വാൻ സാഹിബ്, മൗലവി എം. നാസിർ അഹ്മദ് സാഹിബ്, മൗലവി മുഹമ്മദ് ശരീഫ് സാഹിബ് തുടങ്ങിയവർ വിവിധ വിഷയങ്ങളെ ആസ്പദമാക്കി പ്രഭാഷണം നടത്തി. പരിപാടിയോടനുബന്ധിച്ച് ആനുകാലിക പത്രമാധ്യമങ്ങളെക്കുറിച്ച് നടത്തിയ ചർച്ചാവേദി ഏറെ ശ്രദ്ധേയമായി. കേരളത്തിലെ പ്രമുഖ പത്രങ്ങൾ പരിപാടിയെക്കുറിച്ചുള്ള സചിത്ര റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചിരുന്നു.

**ബി.ബി.മുഹമ്മദ് നജീബ്**
**എറണാകുളം.**


# മൂസിമാരുടെ പാലക്കാട് - തൃശൂർ മേഖലാ ക്യാമ്പ്

അലനെല്ലൂർ : സ്വയംവിമർശനത്തിന് വിധേയമാക്കികൊണ്ട് ആത്മപരിശോധന നടത്താൻ ജീവിതം ഇസ്‌ലാമിനുവേണ്ടി സമർപ്പിച്ചവരായ മൂസിമാർ മുന്നോട്ട് വരണമെന്ന പാലക്കാട് മേഖലാ അമീർ പ്രൊഫസർ അബ്ദുൽ കരീം സാഹിബ് അഭിപ്രായപ്പെട്ടു. ഹുസൂർ തിരുമനസ്സ് ഖുത്ബയിലൂടെ ആവശ്യപ്പെടുന്ന കാര്യങ്ങൾ പ്രായോഗികതലത്തിൽ വരുത്തുമ്പോഴാണ് ഇതിന് സാധ്യമാകുന്നതെന്നും അദ്ദേഹം പറഞ്ഞു.

പുറമെ നിന്നുള്ള സ്വാധീനം യുവാക്കളെ ധാർമ്മിക മൂല്യങ്ങളിൽ നിന്ന് അകറ്റിക്കൊണ്ടിരിക്കുകയാണെന്നും, പാശ്ചാത്യ സംസ്കാരത്തെ അനുകരിക്കാതെ, ഇസ്‌ലാമിക സംസ്ക്കാരം ഉൾക്കൊണ്ട് ജീവിക്കുകയാണ് നാം ചെയ്യേണ്ടതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. 11

*(ശേഷം 42 - ൽ)*

## അനുസ്മരണം



## എ.എം.എസ്. ബശീർ അഹ്മദ് സാഹിബ്

ജനാബ് എ.എം.എസ്. ബശീർ അഹ്മദ് സാഹിബ് (സാത്താങ്കുളം) ചെന്നൈയിൽ 22-3-2010ന് നിര്യാതനായി. ഇന്നാലില്ലാഹി.....

85 വയസ്സായിരുന്നു. അന്ത്യനിമിഷംവരേയും ജമാഅത്ത് സേവനരംഗത്ത് സജീവമായിരുന്നു. മസീഹ് മൗഊദി(അ)ന്റെ കിശ്തീനൂഹ്, ഖലീഫത്തുൽ മസീഹ് സ്സാനി (റ)യുടെ ദിക്‌റേ ഇലാഹി എന്നീ ഉർദുഗ്രന്ഥങ്ങൾ അദ്ദേഹം തമിഴിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം ദിവംഗതനായ ദിവസമാണ് കിശ്തീ നൂഹിന്റെ തമിഴ് പരിഭാഷ ചെന്നൈ അമീർ ജനാബ് ബിശാറത്ത് സാഹിബിനെ ഏൽപ്പിച്ചത് .

തമിഴ്നാട്ടിലെ സാത്താങ്കുളം പള്ളിയുടെ സ്ഥാപകൻ ജനാബ് സയ്യിദ് അഹ്മദ് സാഹിബിന്റെ മൂത്ത പുത്രനായിരുന്നു പരേതൻ.

ഭാര്യ : ആസ്യാബീവി.. മക്കൾ: അമത്തുൽ ഹയ്യ്, അമത്തുൽ ജമീൽ (ശ്രീലങ്ക) അമത്തുൽ റശീദ്, നസീം അഹ്മദ്.

മരുമക്കൾ : എ. അബ്ദുൾ റശീദ് (പ്രസിഡന്റ് കൊല്ലം ജമാഅത്ത്), എ.ക്യു. മുസ്‌ലിഹ്, സാജിദ, പരേതനായ ബശീറുദ്ദീൻ (ശ്രീലങ്ക)

പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

**എ. അബ്ദുൽ റശീദ്, കൊല്ലം**



## എം. ഫാസിൽ അഹ്മദ് സാഹിബ്


പാലക്കാട്: പാലക്കാട് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഖായിദും, പാലക്കാട് - തൃശൂർ മേഖലാ നായിബ് ഖായിദും സെക്രട്ടറിയും ആയ ജനാബ് എം. ഫാസിൽ അഹ്മദ് സാഹിബ് (21) 16-4-2010 ശനിയാഴ്ച രാവിലെ ഒറ്റപ്പാലത്ത് തീവണ്ടി അപകടത്തിൽ വഫാത്തായി, ഇന്നാലില്ലാഹി.....

ഖായിദ് ആവുന്നതിന് മുമ്പേ മജ്‌ലിസിന്റെ പ്രവർത്തനങ്ങളിൽ ഉത്സുകനായിരുന്ന ഫാസിൽ അഹ്മദ് സാഹിബ്. യുവാക്കൾക്ക് ഒരു മാതൃകയായിരുന്നു പരേതൻ.

ജനാബ് കെ.എം. മൊയ്തുട്ടി സാഹിബിന്റേയും ബി.എം. ആമിന സാഹിബയുടേയും മകനാണ്. മൂത്ത സഹോദരൻ. ഫാഹിൻ അഹ്മദ് സാഹിബ് ഖാദിയാനിൽ ജാമിഅ അഹ്മദിയ്യാ വിദ്യാർത്ഥിയാണ്.

അല്ലാഹു ബന്ധുമിത്രാദികൾക്ക് ക്ഷമ നൽകുമാറാകട്ടെ. ആമീൻ. പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

**എസ്.എം. ബശീറുദ്ദീൻ, പാലക്കാട്**



## ബി. അഹ്മദ് സാഹിബ്

പഴയങ്ങാടി ജമാഅത്തിലെ ഒരു പ്രമുഖാംഗവും പോയകാലത്ത് കേരളത്തിലുടനീളം അറിയപ്പെട്ട അഹ്മദിയുമായ ജനാബ് സി. അഹ്മദ് സാഹിബ് 30-1-2010 ശനിയാഴ്ച നിര്യാതനായി. ഇന്നാലില്ലാഹി.....

1919-ൽ പഴയങ്ങാടിയിൽ ജനിച്ച പരേതൻ 1939-ലാണ് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചത്. കേവലം 20 വയസ്സുള്ളപ്പോൾ സ്വന്തം കുടുംബത്തിലെ എല്ലാ എതിർപ്പുകളേയും തരണം ചെയ്ത് ഏകനായി ജമാഅത്തിലെത്തിച്ചേർന്ന വിശ്വാസദാർഢ്യത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. തുടർന്ന് തന്റെ ഊർജ്ജസ്വലമായ സേവനങ്ങൾ കൊണ്ട് അദ്ദേഹം ജമാഅത്തിലെ പ്രഗൽഭനായി.

പഴയങ്ങാടി മജ്‌ലിസിന്റെ ഖായിദ് സ്ഥാനം വഹിച്ച കാലത്ത് 1950ൽ കോഴിക്കോട്ട് വെച്ച് നടന്ന

ഒന്നാം മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ സംഘാടകരിൽ ഒരാളായിരുന്നു അദ്ദേഹം. ഈ സമ്മേളനമാണ് തുടർന്നുള്ള അഖില കേരള അഹ്മദിയ്യാ സമ്മേളനത്തിന് പ്രചോദനമായത്.

ബി. അഹ്മദ് സാഹിബ് വർഷങ്ങളോളം സത്യദൂതൻ പ്രസാധക ക്കമ്മിറ്റി അംഗമായിരുന്നു. 1947 മുതൽ സുദീർഘമായ നാല്പതു വർഷക്കാലം പഴയങ്ങാടി ജമാഅത്തിന്റെ മാൽസിക്രട്ടറി സ്ഥാനം സ്തുത്യർഹമായ രീതിയിൽ അദ്ദേഹം നിർവ്വഹിച്ചു. 1950കളിൽ തെക്കേ മലബാർ കേന്ദ്രീകരിച്ചു നടന്ന തബ്‌ലീഗ് പര്യടനത്തിൽ അദ്ദേഹം പങ്കെടുത്തിരുന്നു. ഖാദിയാനിലും റബ് വയിലും ലണ്ടനിലും ചെന്ന് കാലത്തിന്റെ ഖലീഫമാരെ സന്ദർശിക്കാൻ ഭാഗ്യം ലഭിച്ചിട്ടുണ്ട്.

ഭാര്യ: മർഹുമ സി. കുഞ്ഞായിശ്ശാസാഹിബ

മക്കൾ : ശഹാദത്ത്, സയീദ, ഹബീബ, സാദിഖ.

മരുമക്കൾ : മർഹും ടി. അബ്ദുൽ ഹമീദ് സാഹിബ്, മർഹും വി. അബ്ദുർ റഹ്മാൻ സാഹിബ്, മർഹൂം പി.പി. സൈനുദ്ദീൻ സാഹിബ്, എ. അബുൽകലാം സാഹിബ്.

*(40-ൽ നിന്ന് തുടർച്ച)*

-4-2010ന് അലനെല്ലൂർ അഹ്മദിയ്യാ മസ്ജിദിൽ സംഘടിപ്പിച്ച മൂസിമാരുടെ യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

മൗലവി മുഹമ്മദ് നജീബ് സാഹിബ് (അൽവസിയ്യത്ത്) മൗലവി എം. നാസിർ അഹ്മദ് സാഹിബ്, അലനെല്ലൂർ ജമാഅത്ത് പ്രസിഡണ്ട് എം. അബ്ദുൽ ബശീർ സാഹിബ് എന്നിവർ പ്രസംഗിച്ചു. ■

അല്ലാഹു പരേതാത്മാവിന് ജന്നത്തും മഗ്ഫിറത്തും മർഹമത്തും നല്കുമാറാകട്ടെ. ■

**മുഹമ്മദ് ഇസ്മായീൽ**

# സമ്പത്ത് കുന്നുകൂടാനനുവദിക്കാത്ത ഇസ്‌ലാം

**ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)**

പിന്തുടർച്ചാസ്വത്തുക്കൾ വിഭജിക്കപ്പെടണമെന്നു ഇസ്ലാം കല്പിക്കുന്നു. സ്വത്ത് ഏതാനും ചിലരുടെ കൈകളിൽ മാത്രമായി സ്വരൂപിക്കപ്പെടുന്നതിനെ അതു വിരോധിക്കുന്നു. തന്റെ മുഴുവൻ സ്വത്തും ഒരാൾക്ക് മാത്രമായി ഒസ്യത്ത് ചെയ്യുന്നതിനോ ദാനം ചെയ്യുന്നതിനോ ആർക്കും അധികാരമില്ല. ഇസ്ലാമിക പിന്തുടർച്ചാവകാശ നിയമമനുസരിച്ച് ഒരാളുടെ സ്വത്തുക്കൾ അയാളുടെ മാതാപിതാക്കൾ, മക്കൾ, വിധവ, സഹോദരന്മാർ, സഹോദരികൾ, മുതലായവർക്ക് വിഭജിച്ചു കൊടുക്കേണ്ടതാണ്. അതിൽ മറ്റാർക്കും തന്നെ ഇടപെടുവാനോ, ഈ വിതരണക്രമത്തിൽ മാറ്റം വരുത്താനോ പാടുള്ളതല്ല. ഇസ്ലാമിക പിന്തുടർച്ചാവകാശനിയമവും, ദായക്രമവും അനുവർത്തിക്കപ്പെടുന്ന രാജ്യങ്ങളിൽ ധനവാനായ ഒരാളുടെ മക്കൾ പിതാവ് സ്വരൂപിച്ചുവെച്ച മുതലിനെ ആശ്രയിച്ച് അലസമായി കഴിഞ്ഞുകൂടുവാൻ അനുവദിക്കപ്പെടുകയില്ല. എന്തെന്നാൽ, അയാളുടെ ആ സ്ഥാവരജംഗമസ്വത്തുക്കളെല്ലാം വിവിധതരക്കാരായ അവകാശികളിൽ പങ്കിടപ്പെടേണ്ടവയാണല്ലോ. അങ്ങനെ ഓരോരുത്തരും ആ മുതലിൽ നിന്ന് തനിയ്ക്ക് കിട്ടുന്ന വിഹിതം കൊണ്ട് പുതുതായുള്ള ജീവിതം നയിച്ചുകൊള്ളണം. സ്വത്ത് ഓരോ തലമുറയിലും വിഭജിച്ചും പുനർവിഭജിച്ചും കൊണ്ടിരിക്കപ്പെടുമെന്നതിനാൽ മൂന്നോ നാലോ തലമുറകൾ കൊണ്ട് വലിയ എസ്റ്റേറ്റുകൾപോലും ചെറിയ ചെറിയ തുണ്ടങ്ങളാക്കിതിരിക്കപ്പെടുന്നതും, ഒരു തൊഴിലാളിക്കോ കൃഷിക്കാരനോ പോലും ആ കണ്ടം വിലയ്ക്കെടുക്കാനും സ്വന്തം കൃഷി വികസിപ്പിച്ചെടുക്കാനും സാധിക്കുന്നതുമാണ്. ഇപ്രകാരം ഭൂവുടമസ്ഥതയിലുള്ള കുത്തകാവകാശം കാരണമായി ജനങ്ങൾക്കിടയിലുണ്ടാകുന്ന ഭിന്നതകൾ പരിഹരിക്കപ്പെടുന്നു. *(അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്ലാം)*